# പൂവേ പൊലി....

മലയാളക്കരയുടെ മഹോത്സവമായ തിരുവോണാഘോഷങ്ങൾക്കുള്ള തുടികൊട്ട് തുടങ്ങിക്കഴിഞ്ഞു. മലയാളനാടിന്റെ തനിമ ഉത്ഘോഷിക്കുന്നതാണ് ഈ ആഘോഷത്തിന്റെ ഓരോ ഇനവും. ഓണപ്പൂവിട്ട്, കുളിച്ച്, പുതുവസ്ത്രങ്ങളണിഞ്ഞ്, പ്രർത്ഥിച്ച്, കുറിതൊട്ട്, ഓണപ്പാട്ടുകൾ പാടി, ഓണസദ്യയുണ്ട്, ഓണക്കളികൾ കളിച്ച് നാം നടത്തുന്ന ആഘോഷം ഒരു നല്ല ജീവിതത്തിനാവശ്യമായ ചേരുവകൾ എന്തൊക്കെയാണെന്നതിനെക്കുറിച്ചുള്ള മലയാളമനസ്സിന്റെ കാഴ്ചപ്പാടുകളാണവതരിപ്പിക്കുന്നത് - ശുദ്ധമായ ശരീരം, വൃത്തിയുള്ള വസ്ത്രം, പവിത്രമായ ആത്മാവ്, സംസ്കാരസമ്പന്നമായ മനസ്സ്, ശുചിയായതും സുന്ദരവുമായ പരിസരം, ആഴമായ സുഹൃത്ബന്ധങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, ഫലഭൂയിഷ്ഠമായ നാട്, ജനക്ഷേമകരമായ ഭരണം, കലകളിലും കളികളിലുമുള്ള താത്പര്യം....!

ശർക്കരവരട്ടിയിൽ തുടങ്ങി സംഭാരത്തിൽ അവസാനിക്കുന്ന, ഇരുപത്തിനാലോളം വിഭവങ്ങൾ ഉൾപ്പെടുന്ന ഓണസദ്യയാണ് ഓണാഘോഷത്തിന്റെ ഒരു പ്രമുഖഘടകം. ചമ്രം പടഞ്ഞ് ഇരിക്കാനുള്ള തഴപ്പായും വിളമ്പാനുള്ള വാഴയിലയുമടക്കം ഈ പച്ചക്കറിസദ്യയ്ക്കുള്ള മിക്ക വിഭവങ്ങളും നമ്മുടെ ഈ കൊച്ചു കേരളത്തിൽ വളരുന്ന കായ്കനികളും ഇലയും ഫലമൂലാദികളും കൊണ്ടുണ്ടാക്കുന്നവയാണെന്നത്, ദൈവത്താൽ അനുഗ്രഹീതമായ നമ്മുടെ നാടിന്റെ ഐശ്വര്യത്തിന്റെയും ഫലസമൃദ്ധിയുടെയും തെളിവാണ്. ബൈബിളിലെ വിവരണമനുസരിച്ച് ആദിയിൽ ദൈവം മനുഷ്യന് വിധിച്ചത് സസ്യാഹാരമാണെന്നത് ഇവിടെ ശ്രദ്ധേയമാണ്. ഭക്ഷണത്തിനായിപ്പോലും യാതൊരുവിധ പക്ഷിമൃഗാദികളെയും മത്സ്യങ്ങളെയും ഹിംസിക്കാതിരിക്കുന്ന സർവ്വസൃഷ്ടികളോടും സമാധാനത്തോടും ഐക്യത്തോടും വർത്തിക്കുന്ന മനുഷ്യവംശത്തിന്റെ ചിത്രമാണ് ബൈബിളിനൊപ്പം ഓണത്തിന്റെ പച്ചക്കറിസദ്യയും നമുക്കു പകർന്നുതരുന്നത്. ഫലഭൂയിഷ്ഠമായ നമ്മുടെ നാടിനെ സ്നേഹിക്കാനും അതിനെ ഹരിതാഭവും ഫലസമൃദ്ധവും സമാധാനപൂർണ്ണവുമായി സംരക്ഷിക്കാനുള്ള നിയോഗമാണ് ഈ സദ്യ ആസ്വദിക്കുമ്പോൾ നാം സ്വാംശീകരിക്കേണ്ടത്.

# മുഖമൊഴി

മഹാബലി എന്ന രാജാവ് നമ്മെ ഒരിക്കലും ഭരിച്ചിട്ടില്ലെന്നും അദ്ദേഹം പുരാണകഥയിലെ ഒരു കഥാപാത്രം മാത്രമാണെന്നും നമുക്കറിയാമെങ്കിലും പ്രജാവത്സലനും ദൈവഭയമുള്ളവനുമായ ആ രാജാവ് നമുക്കെന്നും പ്രിയപ്പെട്ട ഒരോർമ്മയാണ്. ഒരു നല്ല ഭരണാധികാരിയെക്കുറിച്ചുള്ള മനുഷ്യന്റെ പ്രതീക്ഷകളാണ് ഈ രാജാവിൽ പൂർത്തീകരിക്കപ്പെട്ടു കാണുന്നത്. ജനക്ഷേമം മാത്രം മുൻനിറുത്തി ഭരിക്കുന്ന ഈ രാജാവ് രാഷ്ട്രത്തിന്റെയും സഭയുടെയും ഇടവകയുടെയും "ഭരണം" കയ്യാളുന്നവർക്കു മാത്രമല്ല. "ഗൃഹഭരണം" നടത്തുന്ന മാതാപിതാക്കൾക്കും പ്രചോദനമാണ്.

മഹാവിഷ്ണുവിന്റെ അവതാരമായ വാമനന്റെ മുമ്പിൽ കുമ്പിട്ടു നിൽക്കുന്ന മഹാബലി, ദൈവസ്നേഹത്തെ പ്രതിയും ദൈവേഷ്ടത്തെ പ്രതിയും ദൈവത്തിനു നല്കിയ വാഗ്ദാനങ്ങളെ പ്രതിയും എന്തു ത്യാഗവും സ്വയം ഏറ്റെടുക്കാൻ തയ്യാറാകുന്ന ഭക്തന്റെയും പ്രതീകമാണ്. ആണ്ടുതോറും പ്രജകളെ കാണാൻ ആ രാജാവിനെ മഹാവിഷ്ണു അനുവദിച്ചുവെന്നത്, ത്യാഗികളായ നേതാക്കന്മാർ ജനമനസ്സുകളിൽ എന്നും അമർത്ത്യരായി തുടരുമെന്ന സത്യമാണ് ആഖ്യാനിക്കുന്നത്.

ഓണാഘോഷത്തിന്റെ ഉത്ഭവം ഹിന്ദുപുരാണങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണെങ്കിലും ഇന്ന് അത് കേരളത്തിന്റെ പൊതുസാംസ്കാരികോത്സവമായി മാറിയിട്ടുണ്ട്. എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലും പ്രസ്ഥാനങ്ങളിലുമുള്ള നന്മകളെ ആശ്ലേഷിക്കാൻ സദാ സന്നദ്ധയായ ക്രൈസ്തവസഭയും ഓണത്തെയും മഹാബലിയെയും നെഞ്ചിലേറ്റിയെന്നത് സന്തോഷകരമായ കാര്യമാണ്. യേശു ഈ ഭൂമിയിൽ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ ഒരു ചെറു പ്രതിഫലനമാണ് മഹാബലിയുടെ രാജ്യം. ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുംവേണ്ടിയുള്ള ഈ നാടിന്റെ അന്തർദാഹത്തിന്റെയും കാത്തിരിപ്പിന്റെയും നിറപ്പകിട്ടാർന്ന ആഘോഷമാണ് ഓണം. ദൈവരാജ്യസംസ്ഥാപനത്തിനുവേണ്ടിയുള്ള മനുഷ്യമനസ്സിന്റെ ആഗ്രഹം പൂർത്തീകരിക്കാനുള്ള നമ്മുടെ ദൃഢനിശ്ചയത്തിന്റെ ഒരു ചെറിയ ആവിഷ്കാരമാകട്ടെ ഓണാഘോഷങ്ങളുടെ നടത്തിപ്പും അതിലെ പങ്കാളിത്തവും.

✦

വചനധാര

# കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ അജപാലനാഭിമുഖ്യങ്ങൾ – 03

# വിവാഹാഘോഷങ്ങൾ

## റവ. ഡോ. ആന്റണി നരികുളം

1959 – ൽ വിവാഹാഘോഷങ്ങളുടെ നടത്തിപ്പിനെപ്പറ്റി കർദ്ദിനാൾ പാറേക്കാട്ടിൽ എഴുതിയ ഒരിടയലേഖനമാണ് ഈ ലക്കത്തിൽ. 58 വർഷങ്ങൾക്കു മുമ്പ് പിതാവ് പറഞ്ഞുവച്ച കാര്യങ്ങളിൽ പലതും ഇന്നും പ്രസക്തങ്ങളാണ്. വിവാഹാഘോഷം പോലെതന്നെ ആഘോഷപൂർവ്വകമായി നടത്തപ്പെടുന്ന ഒരു ചടങ്ങായി ഒത്തുകല്യാണം (മനസ്സമ്മതം) മാറി എന്നതാണ് ആധുനികകാലത്തെ ഒരു സവിശേഷത. ഇവന്റ് മാനേജർമാരും ഫോട്ടോ/വീഡിയോഗ്രഫർമാരും ചടങ്ങുകൾക്ക് നേതൃത്വം കൊടുക്കുവാൻ തുടങ്ങിയതോടെ ഒരു സാമൂഹികാചാരം മാത്രമായി വിവാഹം മാറിയോ എന്നു സംശയിക്കുന്ന സ്ഥിതിവിശേഷമുണ്ടിന്ന്. വിവാഹത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയുടെ പവിത്രതയ്ക്കുപോലും മങ്ങലേല്ക്കാൻ ഇടവന്നിട്ടുണ്ടെന്നതാണ് സത്യം. ഈ പശ്ചാത്തലത്തിൽ, കർദ്ദിനാൾ പിതാവ് സൂചിപ്പിച്ചിരിക്കുന്ന ചില കാര്യങ്ങൾ ആധുനികകാലത്തിനിണങ്ങിയ രീതിയിൽ അനുരൂപപ്പെടുത്തി വിവാഹാഘോഷത്തിന്റെ പരിശുദ്ധി വീണ്ടെടുക്കാനും വധൂവരന്മാരുടെ സാമൂഹികപ്രതിബദ്ധത കൈവളർത്താനും സാധിച്ചാൽ കുടുംബജീവിതത്തിന്റെ വിശുദ്ധിക്കും കെട്ടുറപ്പിനും സഹായകമായേക്കാം.

സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ സാരമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. നമ്മുടെ ചിന്താഗതിയിലും തദനുസൃതമായ ചില മാറ്റങ്ങൾ വരുത്തുന്നതു സമുചിതമായിരിക്കും.

ആഡംബരഭ്രമവും തന്നിമിത്തമുളവാകുന്ന അനാവശ്യച്ചെലവുകളും നമ്മുടെ സമുദായത്തെ അധഃപതനത്തിലേക്കല്ലേ നയിക്കുന്നത് എന്നു ആലോചിച്ചു നോക്കേണ്ടിയിരിക്കുന്നു. തിരുനാളാഘോഷങ്ങൾക്കും വിവാഹാഘോഷങ്ങൾക്കും മറ്റുമായി എത്രയേറെ പണമാണ് ചിലർ ദുർവ്യയം ചെയ്യുന്നത്. തിരുനാളുകളുടെ കാര്യത്തിൽ അനുവർത്തിക്കേണ്ട ചില പ്രായോഗിക തത്ത്വങ്ങളെപ്പറ്റി മുന്നൊരിടയലേഖനത്തിൽ പ്രതിപാദിച്ചിരുന്നല്ലോ. വിവാഹാഘോഷങ്ങൾ സംബന്ധിച്ചു ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തുവാനാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്.

വിവാഹം മഹത്തായ ഒരു കൂദാശയാണെന്ന് ഏവർക്കും അറിയാം. ഈശോമിശിഹായും സഭയും തമ്മിലുള്ള ബന്ധത്തോടാണു ഭർത്താവും

വചനധാര

ഭാര്യയും തമ്മിലുള്ള ബന്ധത്തെ വി. പൗലോസ് ഉപമിക്കുന്നത്. ആകയാൽ വിവാഹബന്ധം ഏറ്റവും പാവനവും സുദൃഢവുമായ ഒന്നാണെന്നു സിദ്ധിക്കുന്നു. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപ്പെടുത്തരുത്" എന്ന നിരോധനാജ്ഞ മുഖേന വിവാഹബന്ധത്തിന്റെ അഭേദ്യത ക്രിസ്തുനാഥൻ വ്യക്തമാക്കുന്നുണ്ട്.

ഇത്ര മഹത്തായ ദിവ്യകൂദാശ സ്വീകരിക്കുന്നതിനുള്ള ഒരുക്കം സർവ്വപ്രധാനമായും ആദ്ധ്യാത്മികമായിരിക്കണമെന്ന് ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഏതാദൃശമായ ഒരാദ്ധ്യാത്മികചൈതന്യത്തോടുകൂടിവേണം ഒരു വരനെ അഥവാ വധുവിനെ തിരഞ്ഞെടുക്കാൻതന്നെ. ഇക്കാര്യത്തിൽ മാതാപിതാക്കന്മാർ ധനേച്ഛയാലോ മറ്റേതെങ്കിലും കാരണത്താലോ അനധികൃതമായ സമ്മർദ്ദം ചെലുത്തുന്നത് ഒരു മഹാപരാധമായിരിക്കും.

വിവാഹത്തിനൊരുങ്ങുന്നവർ പ്രസ്തുത കൂദാശയുടെ മാഹാത്മ്യത്തേയും ദാമ്പത്യധർമ്മത്തേയും കുടുംബജീവിതത്തേയുംകുറിച്ച് എഴുതിയിട്ടുള്ള സദ്ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് ഉത്തമമായിരിക്കും. സാഹചര്യങ്ങൾ അനുവദിക്കുന്നപക്ഷം ഒരു ഏകാന്തധ്യാനം കഴിക്കുവാനും ശ്രമിക്കണം. ഇതിനുവേണ്ട ഒത്താശകൾ ബ. വികാരിമാരും മാതാപിതാക്കന്മാരും രക്ഷാകർത്താക്കളും ചുമതലപ്പെട്ട മറ്റു വ്യക്തികളും ചെയ്തുകൊടുക്കേണ്ടതാണ്.

ഇപ്രകാരം നല്ലപോലെ ഒരുങ്ങി വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നവർ ദൈവത്തിൽനിന്നു വളരെയേറെ അനുഗ്രഹങ്ങൾ പ്രാപിക്കുകയും അവരുടെ ദാമ്പത്യജീവിതം വിജയിക്കുകയും ചെയ്യുന്നു. ലൗകികക്ലേശങ്ങളും പ്രയാസങ്ങളും അവരുടെ ഹൃദയങ്ങളെ ബന്ധിക്കുന്ന സ്നേഹശൃംഖലയെ ഒരിക്കലും വിച്ഛേദിക്കുന്നതുമല്ല.

എന്നാൽ, വിവാഹം അടുത്തുവരുമ്പോൾ അധികംപേരും ശ്രദ്ധകേന്ദ്രീകരിക്കുന്നതു ബാഹ്യമായ സംഗതികളിലാണ്. വിലയേറിയ ആഭരണങ്ങൾ, പട്ടുസാരികൾ, വിഭവസമൃദ്ധമായ സദ്യ ഇത്യാദി കാര്യങ്ങളിലാണ് സാധാരണമായി ചിന്ത പതിയാറുള്ളത്. ഇവയിലുള്ള അമിതമായ ഭ്രമം വർജ്ജിച്ച്, അവയ്ക്കുവേണ്ടി ചെലവാക്കാൻ ഉദ്ദേശിക്കുന്ന പണത്തിന്റെ ഒരു ഭാഗം സാധുജനോദ്ധാരണത്തിനുവേണ്ടി, ഉദാഹരണമായി ധനസ്ഥിതി മോശമായതിനാൽ വിവാഹം കഴിക്കാൻ സാധിക്കാതെ കഴിഞ്ഞുകൂടുന്ന പെൺകുട്ടികളെ സഹായിക്കുന്നതിനുവേണ്ടി, ചെലവിടുന്നതായാൽ അത് എത്രയോ വലിയ പുണ്യമായിരിക്കും.

ആഭരണങ്ങളും വിശേഷവസ്ത്രങ്ങളും വിവാഹസദ്യയും മറ്റും പൂർണ്ണമായി പരിത്യജിക്കണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. അവയെല്ലാം ന്യായമായ പരിധി വിട്ടുപോകുവാൻ അനുവദിക്കുന്നതു സമുദായത്തോടു ചെയ്യുന്ന ഒരപരാധവും സാധുക്കളുടെ നേർക്കുള്ള ഒരവഗണനയുമാണെന്നാണു മേല്പറഞ്ഞതിന്റെ സാരം.

ഒരു കുബേരകുമാരി വളരെ വിലയുള്ള ഒരു സാരി വാങ്ങിക്കുമ്പോൾ അയൽവക്കത്തെ സാധുയുവതിയുടെ കല്യാണത്തിനുവേണ്ടി ഒരു ചെറിയ

സംഖ്യയെങ്കിലും കൊടുക്കാൻ ക്രിസ്തീയസ്നേഹം അവളെ പ്രേരിപ്പിക്കേണ്ടതല്ലേ? അങ്ങനെ അയൽവക്കത്തുള്ള പാവപ്പെട്ട ഒരു യുവതിയുടെ വിവാഹം നടക്കുവാൻ ഇടവരുന്നത് ദാതാവിന് എത്ര അനുഗ്രഹപ്രദവും ചാരിതാർത്ഥ്യജനകവുമായിരിക്കും. ആഭരണങ്ങളുടെ കാര്യത്തിലും ഇതുതന്നെ പറയാവുന്നതാണ്. ഈദൃശ മനോഭാവമുള്ള ധീരവനിതകളെയാണ് ഇന്നു സഭയ്ക്കും സമുദായത്തിനും ആവശ്യമായിരിക്കുന്നത്.

വധു ഇപ്രകാരം ത്യാഗമനുഷ്ഠിക്കുന്നതിനു സന്നദ്ധയായാലും, വരൻകൂടി അതിനെ അനുകൂലിക്കുന്നില്ലെങ്കിൽ അവൾ വിജയം കൈവരിക്കയില്ല. "രാജ്ഞിയുടെ അഴക് ആന്തരികമാണ്" എന്ന വേദവാക്യമാണ് വിവാഹബന്ധത്തിലേർപ്പെടാൻ പോകുന്ന യുവാക്കന്മാർ അനുസ്മരിക്കേണ്ടത്. സ്വർണ്ണാഭരണങ്ങളും പട്ടുവസ്ത്രങ്ങളുമല്ല ഒരു വധുവിന്റെ മാഹാത്മ്യത്തിനു മാറ്റുകൂട്ടുന്നത്; പ്രത്യുത അവളുടെ സ്വഭാവവൈശിഷ്ട്യമാണ്. അതാണു കുടുംബജീവിതത്തിന്റെ ശ്രേയസ്സിനു നിദാനം.

വധൂവരന്മാരുടെ മാതാപിതാക്കന്മാരും ബന്ധുമിത്രാദികളുംകൂടി ഇക്കാര്യത്തിൽ സഹകരിക്കേണ്ടിയിരിക്കുന്നു. വധുവിന്റേയും വരന്റേയും ഭാഗക്കാർ പരസ്പരധാരണയിലെത്തുന്നതായാൽ അനാവശ്യച്ചെലവുകൾ വെട്ടിക്കുറയ്ക്കുവാൻ പ്രയാസം വരുന്നതല്ല. ആഭരണങ്ങളിലും വേഷഭൂഷാദികളിലും ആഡംബരങ്ങളിലും കുറവുവരുത്തുന്നപക്ഷം, അതായത് തങ്ങളുടെ നിലയിലുള്ള മറ്റുള്ളവർ സ്വീകരിക്കുന്ന മാനദണ്ഡം തങ്ങളും സ്വീകരിക്കാതിരിക്കുന്നപക്ഷം, സമുദായമദ്ധ്യത്തിൽ തങ്ങൾക്കുള്ള സ്ഥാനം നഷ്ടപ്പെടുമെന്ന ഒരാശങ്ക ചിലർ പ്രദർശിപ്പിക്കാറുണ്ട്. നേരേമറിച്ച്, പുരോഗമനാത്മകമായ മുൻപറഞ്ഞ നിലപാടു സ്വീകരിക്കുന്നവർ മറ്റുള്ളവരുടെ അഭിനന്ദനത്തിനു പാത്രമാവുകയേയുള്ളൂ. മാത്രമല്ല, കുറെപ്പേർ മാർഗദർശിത്വം നല്കാതെ എല്ലാവരും ഒത്തൊരുമിച്ച് ഇത്തരം കാര്യങ്ങൾ എളുപ്പമാകില്ല എന്ന അഭിപ്രായവും കേൾക്കാറുണ്ട്. അതാണു പ്രധാനമായും ഇപ്രകാരമൊരു ഇടയലേഖനത്തിന് എന്നെ പ്രേരിപ്പിച്ചത്. ഈ വിഷയത്തിൽ ഇതര ക്രിസ്തീയസമുദായങ്ങളെ നമുക്ക് അനുകരിക്കാവുന്നതാണ്. വസ്ത്രാഭരണങ്ങളുടെ കാര്യത്തിൽ ഏറ്റവുമധികം ഭ്രമമുള്ളതു കത്തോലിക്കർക്കാണെന്നു തോന്നുന്നു.

മേൽവിവരിച്ചവണ്ണം വധൂവരന്മാർ നല്കുന്ന സംഭാവനകളും പൊതുജനങ്ങളുടെ സൗജന്യദാനങ്ങളും കൂട്ടിച്ചേർത്തു പാവപ്പെട്ടവരുടെ വിവാഹാവശ്യങ്ങളിൽ സഹായിക്കുന്നതിനായി ചില ഇടവകകളിൽ വിവാഹഫണ്ട് ആരംഭിച്ചിട്ടുണ്ടെന്നറിയുന്നതു സന്തോഷാവഹമാണ്. അതുപോലെ മറ്റിടവകകളിലും ആരംഭിച്ചു കാണാനാഗ്രഹിക്കുന്നു. പള്ളികളിൽനിന്ന് വിവാഹം പ്രമാണിച്ചു നിവൃത്തിയുള്ള സഹായം ചെയ്തുകൊടുക്കേണ്ടതാണ്. 25 രൂപ വരെ കൊടുക്കുന്നതിനു പ്രത്യേകാനുവാദം ആവശ്യമില്ല. സംഭാവനകളെ മാത്രം ആശ്രയിച്ചിരിക്കാതെ, വിവാഹാവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടു നേരത്തെതന്നെ ധനം ശേഖരിക്കുവാൻ മാതാപിതാക്കന്മാരും യുവതീയുവാക്കന്മാരും ഉത്സാഹിക്കണം. ഇടവകയിൽ സ്ഥാപിതമായിട്ടുള്ള 'ലഘുനി

2017 സെപ്തംബർ 3

# വചനഭാഷ്യം

കൈത്താക്കാലം ഏഴാം ഞായർ

**ലൂക്കാ 18:1 – 8**

**റവ. ഫാ. സോണി മഞ്ഞളി**

## നിരന്തരമായ പ്രാർത്ഥന – കരുണയുടെ ഉറവിടം

വി. ലൂക്കാ സുവിശേഷകൻ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും രക്ഷാകരാനുഭവങ്ങൾ തന്റെ സുവിശേഷത്തിൽ നൽകുന്നുണ്ട്. യേശുവിന് പാപികളോടും, സമൂഹത്തിൽ അവഗണിക്കപ്പെട്ടവരോടും പ്രത്യേക പരിഗണന ഉണ്ടായിരുന്നു. ആദിമ ക്രൈസ്തവസമൂഹവും അവരോട് ബഹുമാനവും സഹായവും നൽകിയിരുന്നു (അപ്പ. 6/1–6).

---

7 ▶ ക്ഷേപപദ്ധതി'യിൽ അംഗങ്ങളായി ചേരുകയാണ് അതിനുള്ള എളുപ്പമാർഗ്ഗം. ബാലികമാരെ ജോലിക്കു നിറുത്തുന്നവർ അവർക്കായി ഒരു പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്ന പക്ഷം വിവാഹാവസരത്തിൽ അതവർക്ക് വലിയ സഹായമായിരിക്കും. ഇക്കാര്യങ്ങൾ ബ. വികാരിമാർ ജനങ്ങളെ വേണ്ടപോലെ പറഞ്ഞു മനസ്സിലാക്കണം. സാമ്പത്തികക്ലേശങ്ങൾ നിമിത്തം വിവാഹംകഴിക്കാതെ നില്ക്കുന്ന യുവതികൾ നമ്മുടെ ഇടവകകളിൽ പലരുമുണ്ടെന്നറിയുന്നു. അവരുടെ എണ്ണം കുറയ്ക്കുന്നതിനും സാന്മാർഗ്ഗികാധഃപതനം തടയുന്നതിനും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനും മേൽവിവരിച്ച മാർഗ്ഗങ്ങൾ ഉപകരിക്കാതിരിക്കുകയില്ല.

നമ്മുടെ ജനങ്ങൾ സാമ്പത്തികമായി ഏറെ ക്ലേശിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് പിതാവ് ഈ ഇടയലേഖനം എഴുതിയത്. പണ്ടെന്നപോലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറെയൊക്കെ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, വിവാഹാഘോഷങ്ങളോടനുബന്ധിച്ച ധൂർത്തും പാഴ്ച്ചിലവും ഇന്നും ചർച്ച ചെയ്യപ്പെടുന്നുണ്ട്. പിതാവ് സൂചിപ്പിച്ചതുപോലെ, അനുകരണ ഭ്രമം പലരെയും അനാവശ്യ ആർഭാടങ്ങളിൽ മുഴുകാൻ പ്രേരിപ്പിക്കുന്നുണ്ട്. ഈ ഭ്രമം കത്തോലിക്കർക്ക് കൂടുതലാണെന്ന കർദ്ദിനാളിന്റെ നിരീക്ഷണം ശ്രദ്ധാർഹമാണ്. ഇടവക ദേവാലയത്തിൽ നിന്ന് 25 രൂപ വരെ – അന്ന് അത് തീരെ ചെറിയ സംഖ്യയല്ല – പ്രത്യേകാനുവാദം കൂടാതെ നല്കാമെന്ന നിർദ്ദേശവും ശ്രദ്ധിക്കുക. വീട്ടുജോലിക്കു നില്ക്കുന്ന പെൺകുട്ടികൾക്കായി പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്ന കാര്യംപോലും കർദ്ദിനാളിന്റെ മനസ്സിലുദിച്ചുവെന്നത് അദ്ദേഹത്തിന്റെ മാനുഷികഭാവവും അജപാലനാഭിമുഖ്യവും വെളിപ്പെടുത്തുന്നു. ✦

ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് യേശുനാഥൻ നമ്മോട് പറയുന്നത്. (1) നിരന്തരമായ പ്രാർത്ഥന, (2) വ്യക്തിപരമായ ഉത്തരവാദിത്വം, (3) വിശ്വാസത്തിന്റെ പ്രാധാന്യം. മിശിഹായുടെ രണ്ടാം വരവിനെക്കുറിച്ചുള്ള സൂചനകളും ബൈബിൾ പണ്ഡിതന്മാർ കണ്ടെത്തിയിട്ടുണ്ട്.

ഉപമയിലെ ന്യായാധിപനെക്കുറിച്ചുള്ള വിവരണമുണ്ട് – അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചാണത്. “ദൈവത്തെ ഭയപ്പെടുകയോ, മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ന്യായാധിപൻ” (ലൂക്കാ 18/2). ലൂക്കായുടെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ സ്നാപകയോഹന്നാന്റെ പിതാവായ സഖറിയായെക്കുറിച്ച് വിവരിക്കുന്നുണ്ട് (ലൂക്കാ 1/14). അതിന്റെ നേരെ വിപരീത വ്യക്തിത്വമാണ് ഉപമയിലെ ന്യായാധിപൻ. ന്യായാധിപന്റെ സ്വഭാവത്തെക്കുറിച്ചും, വിധവയുടെ നിരന്തരമായ അപേക്ഷയെക്കുറിച്ചുമാണ് സുവിശേഷത്തിൽ പ്രാധാന്യം നൽകി അവതരിപ്പിച്ചിരിക്കുന്നത്. വിധവ എപ്പോഴും സമൂഹത്തിൽ മറ്റുള്ളവരുടെ ആശ്രയം ആവശ്യമുള്ളവളാണ്. ഉപമയിൽ വിധവയായ സ്ത്രീക്ക് മറ്റ് ബന്ധുക്കളോ മക്കളോ ഉള്ളതായി വിവരണം ഇല്ല.

ഉപമയിൽ നാം ശ്രദ്ധിക്കേണ്ട കാര്യം – ന്യായാധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യരെ മാനിക്കാത്തവനും ആയിട്ടും വിധവയുടെ നിരന്തരമായ അപേക്ഷമൂലം ആ സ്ത്രീക്ക് നീതി നടത്തിക്കൊടുത്തു. ഇവിടെയാണ് യേശുനാഥൻ നമ്മെ പഠിപ്പിക്കുന്നത്: “കരുണാമയനും, സ്നേഹവാരിധിയും അളവില്ലാതെ സ്നേഹിക്കുന്നവനുമായ ദൈവം തന്നോട് നിരന്തരം പ്രാർത്ഥിക്കുന്നവർക്ക് എത്ര അധികമായി നൽകും” എന്ന്.

നിരന്തരമായ പ്രാർത്ഥന ഒരുവനെ ദൈവവുമായി ഉള്ള ബന്ധത്തിൽ വളർത്തുകയാണ് ചെയ്യുന്നത്. യേശുവിന്റെ ഗദ്സമേൻ തോട്ടത്തിലെ പ്രാർത്ഥന മാതൃകയായി നിലകൊള്ളുന്നു (ലൂക്കാ 22:39–46). പ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്ന കാര്യത്തേക്കാൾ നമ്മുടെ ഹിതം ദൈവഹിതവുമായി ഐക്യപ്പെടലാണ് ഏറ്റവും മുഖ്യം.

നിരന്തരമായ പ്രാർത്ഥന നമ്മെ രൂപാന്തരപ്പെടുത്തുന്നു. അതോടൊപ്പം ദൈവഹിതത്തിനൊത്ത് പ്രവർത്തിക്കാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു. പ്രാർത്ഥന ദൈവത്തിന്റെ അനന്തകാരുണ്യം നമ്മിലേക്ക് ചൊരിയാൻ ഉള്ള മാർഗ്ഗം കൂടിയാണെന്ന് ഈ ഉപമ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഫരിസേയന്റെയും, ചുങ്കക്കാരന്റെയും ഉപമയിൽ പ്രാർത്ഥനയെപ്പറ്റി പറയുന്നുണ്ട്. തന്റെ ഗുണഗണങ്ങൾ തന്നോടുതന്നെ ആത്മഗതം ചെയ്യുന്ന ഫരിസേയനെ നമുക്കവിടെ കാണാം. ഫരിസേയന്റെ ആത്മഗതം പ്രാർത്ഥനയല്ല മറിച്ച് ആത്മപ്രശംസയായി മാറുന്നു ഉപമയിൽ. നമ്മുടെ നിരന്തരമായ പ്രാർത്ഥന എളിമയോടുകൂടി ആകണം എന്ന് ചുങ്കക്കാരന്റെ പ്രാർത്ഥനയിലൂടെ യേശു കാണിച്ചുതരുന്നുമുണ്ട്.

വചനധാര



ലൂക്കാ 18:1 – 8 2017 സെപ്തംബർ 3

# വചനസന്ദേശം

റവ. ഫാ. ജോസഫ് താമരവെളി

“ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നു കാണിക്കാൻ യേശു അവരോട് ഒരു ഉപമ പറഞ്ഞു” (18/1) എന്ന വി. സുവിശേഷകന്റെ ആമുഖം ഉപമയുടെ സന്ദേശം സുവ്യക്തമാക്കുന്നതാണ്. ഉപമയിലെ കഥാപാത്രങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ഏറെ ശ്രദ്ധേയമാണ്. “ദൈവ ത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ന്യായാധിപൻ” (18/2). അയാൾക്കുത്തന്നെ അറിയാം താൻ ഇത്തരക്കാരനാണെന്ന് (18/4). നീതി നടത്തിക്കൊടുക്കുകയാണ് ന്യായാധിപന്റെ ധർമ്മം. എന്നാൽ നീതി ക്കുവേണ്ടിയുള്ള ‘നിലവിളിയെ ശല്യമായും അസഹ്യമായും കാണുന്ന നീതിരഹിതനായ ന്യായാധിപനാണ്’ (18/5). ‘നീതിക്കുവേണ്ടിയുള്ള അപേ ക്ഷയെ ഗൗനിക്കുകപോലും ചെയ്യാതെ കുറെ നാളുകൾ’ അയാൾ കടത്തി വിടുന്നു (18/4).

എന്നാൽ ആൾബലവും അർത്ഥബലവും ഇല്ലാത്ത നിരാലംബയായ ഈ വിധവ അപാരമായ ഉൾബലത്തിന്റെയും സ്ഥിരമായ ശരണത്തിന്റെയും ഉടമയാണ്. നീതിക്കുവേണ്ടിയുള്ള പോരാട്ടം അവളുടെ ജീവിതവ്രതമാണ്. അവൾ അപേക്ഷിക്കുന്നവളാണ്. അഹം ഒട്ടും ഇല്ല. തുടർച്ചയായി അപേ ക്ഷിക്കാൻ, അപേക്ഷ ഗൗനിക്കാത്ത ഏറെ നാളുകൾ പിന്നിട്ടപ്പോഴും അവൾ പിന്മാറുന്നില്ല. ന്യായാധിപൻ തന്നെ ശല്യമായും അസഹ്യമായും കരുതു മ്പോഴും അവഗണന അങ്ങേയറ്റം അനുഭവിക്കുമ്പോഴും അവളിൽ അതി ശയിപ്പിക്കുന്ന അതിജീവനത്തിന്റെ ആത്മബലം ഉണ്ട്. ആശയറ്റ അനുഭവ ങ്ങളിൽ അള്ളിപ്പിടിച്ച് അനുഗ്രഹം ആർജ്ജിക്കുവാനുള്ള ആവേശം ഈ വിധവ പകരുന്നു. ഉത്തരം കിട്ടാത്ത പ്രാർത്ഥനകളുടെ നടുവിൽ അലയുന്ന വർക്ക് ആശയേകിക്കൊണ്ട് ഇവൾ വിരാജിക്കുന്നു.

## മനുഷ്യനെ മാനിക്കുകയും ഗൗനിക്കുകയും ചെയ്യുന്ന ദൈവം

ഉപമയിലെ ന്യായാധിപന്റെ ശൈലികൾക്കും ഭാവങ്ങൾക്കും നേർ വിപരീതമാണ് ദൈവത്തിന്റെ ഭാവങ്ങളും ശൈലികളും. മനുഷ്യനെ തന്റെ “സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുന്ന ദൈവം” (ഉല്പ. 1:26). “മഹത്ത്വവും ബഹുമാനവും കൊണ്ട് മനുഷ്യനെ മകുടമണിയിക്കുന്നു” (സങ്കീ. 8:5). “നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാ ണ്” (ഏശ. 43:4) എന്ന് പ്രഖ്യാപിക്കുന്ന ദൈവം “തന്റെ ഏകജാതനെ നല്കു വാൻ തക്കവിധം അത്രമാത്രം സ്നേഹിക്കുകയും” (യോഹ. 3:16) ചെയ്യുന്നു. “സ്വപുത്രനെപോലും ഒഴിവാക്കാതെ, നമുക്കെല്ലാവർക്കും വേണ്ടി അവനെ

ഏല്പിച്ചുതന്നവൻ അവനോടുകൂടി സമസ്തവും നമുക്ക് ദാനമായി നല്കാതിരിക്കുമോ" (റോമാ 8:32). "നീതി നടത്തി തരുന്നവനായ അവിടുന്ന് അടുത്തുണ്ട്" (ഏശ. 50:7).

## ഭഗ്നാശരാകേണ്ട, വിളിച്ചാൽ വിളി കേൾക്കും ദൈവം

പ്രാർത്ഥനയുടെ സുവിശേഷമെന്നു വിളിക്കപ്പെടുന്ന വി. ലൂക്കായുടെ സുവിശേഷം ആരംഭിക്കുന്നത് ദൈവത്തിന്റെ മുൻപിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരും ആയിരുന്നിട്ടും മക്കളില്ലാത്ത സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിന്റെ നേർക്കാഴ്ചയോടെയാണ്. എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു. ഇനിയും ഒരു കുഞ്ഞ് തികച്ചും അസാധ്യം. മക്കളില്ലാത്തതിന്റെ സങ്കടവും സംഘർഷവും അപമാനവും സഖറിയായെ ദേവാലയത്തിൽ നിന്നോ ദൈവിക ശുശ്രൂഷകളിൽനിന്നോ അകറ്റിയില്ല. ഭഗ്നാശനാകാതെ തന്റെ ക്രമമനുസരിച്ചുള്ള ശുശ്രൂഷയിൽ വ്യാപൃതനായിരിക്കെയാണ് "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഏറ്റവും വലിയവന്റെ" (ലൂക്കാ 7:28) പിതാവാകാൻ കൃപ കിട്ടിയത്. വൈകുന്നത് വലിയ കാര്യങ്ങൾക്ക് തന്നെ!

"നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിച്ചാൽ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും" (ഏശ. 58:9). ഇസ്രായേലിന്റെ ചരിത്രം മുഴുവൻ മനുഷ്യന്റെ കരച്ചിലിനോടുള്ള ദൈവത്തിന്റെ പ്രത്യുത്തരംകൊണ്ട് മുദ്രിതമാണ്. "അടിമകളായിക്കഴിഞ്ഞിരുന്ന ഇസ്രായേൽ മക്കൾ നെടുവീർപ്പിട്ട് നിലവിളിച്ചു. അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി. ദൈവം അവരുടെ ദീനരോദനം ശ്രവിച്ചു. അവരുടെ ദയനീയാവസ്ഥ ഗ്രഹിച്ചു" (പുറ 2:23-24). വീണ്ടും "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഇതാ ഇസ്രായേൽ മക്കളുടെ നിലവിളി എന്റെ അടുത്ത് എത്തിയിരിക്കുന്നു" (പുറ. 3:7-9). മനുഷ്യന്റെ സങ്കടങ്ങൾ കാണുകയും കേൾക്കുകയും അറിയുകയും ഇറങ്ങിവന്ന് നയിക്കുകയും ചെയ്യുന്നവനാണ് ദൈവം. സങ്കീർത്തകൻ ഏറ്റു പറയുന്നു: "ഈ എളിയവൻ നിലവിളിച്ചു. കർത്താവ് കേട്ടു; എല്ലാ കഷ്ടതകളിലും നിന്ന് അവനെ രക്ഷിക്കുകയും ചെയ്തു... ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു (സങ്കി. 34:6-18). "അവരുടെ നിലവിളി കേട്ട് അവിടുന്ന് അവരുടെ കഷ്ടത പരിഗണിക്കുന്ന"വനാണ് (സങ്കീ. 106:44). "ദരിദ്രന്റെ പ്രാർത്ഥന കേൾക്കുന്നവനാണ് അവിടുന്ന്" (സങ്കീ. 69:33). അതുകൊണ്ട് "നമുക്ക് ജീവിതം കർത്താവിന് ഭരമേല്പിക്കാം. കർത്താവിൽ വിശ്വാസമർപ്പിക്കാം. അവിടുന്ന് നോക്കിക്കൊള്ളും. അവിടുന്ന് പ്രകാശം പോലെ നിനക്ക് നീതി നടത്തിത്തരും; മധ്യാഹ്നം പോലെ നിന്റെ അവകാശവും" (സങ്കീ. 37:5-7). നീതിക്കുവേണ്ടിയുള്ള കരച്ചിൽ അവിടുത്തെ കാതുകളിൽ എത്തുന്നു; "കൊയ്ത്തു

വചനധാര

കാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണ്ണപുടങ്ങളിൽ എത്തിയിരിക്കുന്നു (യാക്കോ. 5/4).

## വഴി തുറക്കും ദൈവം: പ്രാർത്ഥിച്ച് പ്രവർത്തിക്കുക.

"God will make a way where there seems to be no way'' എന്ന ചൊല്ല് സുപരിചിതമാണല്ലോ. എല്ലാ വഴികളും അടയുമ്പോൾ ഒരു വഴിയും കാണുന്നില്ലാതാകുമ്പോൾ ദൈവം ഒരു വഴി തുറക്കും." സമുദ്രത്തിൽ വഴി വെട്ടുന്നവനെ പെരുവെള്ളത്തിൽ പാതയൊരുക്കുന്നവനുമാണ് അവിടുന്ന് (ഏശ. 43:16). "അന്ധകാരത്തിൽ നിന്നും മരണത്തിന്റെ നിഴലിൽ നിന്നും അവിടുന്ന് പുറത്തു കൊണ്ടുവരുന്നു" (സങ്കീ. 107:14). "ധൈര്യമായിരിക്കുവിൻ. ദൈവത്തെ വിളിച്ച് അപേക്ഷിക്കുവിൻ. ശത്രുകരങ്ങളിൽ നിന്നും അവരുടെ ശക്തിയിൽ നിന്നും അവിടുന്ന് നിങ്ങളെ മോചിപ്പിക്കും. നിങ്ങളെ രക്ഷിക്കുമെന്ന പ്രത്യാശ ഞാൻ നിത്യനായവനിൽ അർപ്പിച്ചിരിക്കുന്നു" (സാമു. 4:21-22).

അസ്സീറിയ രാജാവായ നെബുക്കദ്നേസറിന്റെ സൈന്യാധിപൻ ഹോളോഫർണസ് ഇസ്രായേലിനെതിരെ വന്ന് ബത്തുലിയാപ്പട്ടണം വളഞ്ഞു. ജറുസലേമിലേക്കുള്ള ശത്രുവിന്റെ നീക്കം ചെറുത്തു നിൽക്കുക അസാധ്യമാകുമാറ് ഇസ്രായേൽ തളർന്നു. ദാഹജലം പോലും ഉപരോധിക്കപ്പെട്ടതോടെ കീഴടങ്ങുകയല്ലാതെ ഗത്യന്തരമില്ലാതായി. എന്നാൽ ദൈവഭക്തയായ യൂദിത്ത് എന്ന വിധവ തന്റെ പ്രാർത്ഥനയിലധിഷ്ഠിതമായ പ്രവൃത്തിക്കൊണ്ട് പ്രതിസന്ധിയെ അതിജീവിക്കുന്നത് യൂദിത്തിന്റെ ഗ്രന്ഥം വിവരിക്കുന്നു.

ഭഗ്നാശരാകാതെ പ്രാർത്ഥിച്ച് പ്രവർത്തിക്കേണ്ടത് എങ്ങനെയെന്ന് ഈ വിധവ നമ്മെ പഠിപ്പിക്കുന്നു. 9-ാം അദ്ധ്യായം അവളുടെ പ്രാർത്ഥന രേഖപ്പെടുത്തുന്നുണ്ട്. "ദൈവമേ, എന്റെ ദൈവമേ, വിധവയായ എന്റെ പ്രാർത്ഥന കേൾക്കണമേ. അവിടുന്ന് എളിയവരുടെ ദൈവവും മർദ്ദിതരുടെ സഹായകനുമാണ്. അവശരെ താങ്ങുന്നവനും നിരാശരരെ പരിപാലിക്കുന്നവനും ആശയറ്റവരെ രക്ഷിക്കുന്നവനുമാണ്" (യൂദാ. 9:11). ശത്രുവിന്റെ തല അറുത്ത അവൾ പറഞ്ഞു: "ദൈവം, നമ്മുടെ ദൈവം എപ്പോഴും നമ്മുടെ കൂടെയുണ്ട്" (യൂദാ 13:1). ഉസിയ അവളോട് പറഞ്ഞു: "ദൈവത്തിന്റെ ശക്തി അനുസ്മരിക്കുമ്പോൾ, നീ ദൈവത്തിൽ അർപ്പിച്ച പ്രത്യാശ അവരുടെ ഹൃദയങ്ങളിൽ നിന്നും വിട്ടുപോവുകയില്ല" (യൂദാ. 13:10).

## നിലവിളികേട്ട് ആത്മാവിനെ ഉണർത്തും ദൈവം

കരയുന്ന മനുഷ്യർക്ക് ഉത്തരമരുളുവാൻ ദൈവം മനുഷ്യരുടെ ആത്മാവിനെ ഉണർത്തുന്നു. ദാനിയേലിന്റെ പുസ്തകം 13-ാം അദ്ധ്യായം സൂസന്നയെ പരിചയപ്പെടുത്തുന്നു. ന്യായാധിപന്മാരായി തെരഞ്ഞെടുക്കപ്പെട്ട രണ്ട് ശ്രേഷ്ഠന്മാരിൽ നിന്നുണ്ടായ പീഡനശ്രമത്തെ എതിർത്ത് സൂസന്നയ്ക്ക് വിധി കല്പിച്ചത് പീഢകർ തന്നെ. കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനെക്കാൾ അവർ ഒരുക്കിയ കെണിയിൽ അകപ്പെടുകയാണുണ്ടായത്.

വചനധാര

2017 സെപ്തംബർ 10

## വചനഭാഷ്യം

ഏലിയ ഒന്നാം ഞായർ

**ലൂക്കാ 18:35 – 43** **റവ. ഫാ. സോണി മഞ്ഞളി**

# കരുണ പ്രകാശമായി മാറുമ്പോൾ

യേശു ജെറീക്കോ പട്ടണത്തെ സമീപിച്ചപ്പോൾ ഒരു അന്ധനെ സുഖപ്പെടുത്തുന്നു. ജെറീക്കോ പട്ടണത്തിലൂടെയാണ് ഇസ്രായേൽ ജനം ഈജിപ്തിൽ നിന്നും വാഗ്ദത്ത ഭൂമിയിലേക്ക് പ്രവേശിച്ചത് (നിയമ. 15:7–11). ഈ ജെറീക്കോ പട്ടണത്തിലാണ് യേശുനാഥൻ അന്ധനെ സുഖപ്പെടുത്തുന്നത്. അന്നത്തെക്കാലത്ത് അന്ധരായ മനുഷ്യർ ഭിക്ഷ യാചിച്ചാണ് ജീവിച്ചിരുന്നത്. റോഡരികിൽ ഭിക്ഷ യാചിക്കുന്ന അന്ധനായ മനുഷ്യനെയാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ജനങ്ങൾ കൂട്ടംകൂടി റോഡിലൂടെ

---

12 ▶ സൂസന്ന ഉച്ചത്തിൽ കർത്താവിനോട് നിലവിളിച്ചു, "കർത്താവ് അവളുടെ നിലവിളി കേട്ടു. അവൾ കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെട്ടപ്പോൾ ദാനിയേലെന്നു പേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ കർത്താവു ഉണർത്തി" (ദാനി. 13:44). എല്ലാം അവസാനിക്കാറാകുമ്പോഴും എല്ലാം തീരുമ്പോഴും ദൈവത്തിന് ഇടപെടാൻ വഴികൾ അവസാനിക്കുന്നില്ല. മനുഷ്യരുടെ നീതിക്കുവേണ്ടിയുള്ള നിലവിളികൾക്ക് ഉത്തരമരുളാൻ ദൈവം ഇന്ന് നമ്മുടെയും ആത്മാക്കളെ പ്രേരിപ്പിക്കുന്നത് നിർവീര്യമാക്കിക്കളയരുത്. ദൈവത്തിന്റെ പ്രേരണകൾ സ്വീകരിക്കുവാൻ തക്കവിധം നമ്മുടെ ആത്മാവുകളെ പരിശുദ്ധമാക്കാം.

"വിളിക്കും മുമ്പേ ഞാൻ അവർക്ക് ഉത്തരമരുളും. പ്രാർത്ഥിച്ച് തീരും മുമ്പ് ഞാൻ അതു കേൾക്കും" (ഏശ. 65:24) എന്ന് ഉറപ്പു തന്നവൻ "നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരെ കൂടുതൽ ചെയ്തുതരാൻ കഴിയുന്നവനാണ്" (എഫേ. 3:20).

പ്രാർത്ഥന ദൈവമനസ്സ് മാറ്റാനല്ല. പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് നമ്മുടെ മനസ്സ് ദൈവമനസ്സിന് അനുസൃതം മാറണം. സങ്കീർത്തകനോട് ചേർന്നു പ്രാർത്ഥിക്കാം "കർത്താവേ ഞാൻ അങ്ങയോട് പ്രാർത്ഥിക്കുന്നു. ദൈവമേ കരുണാ സമ്പന്നനായ അങ്ങേയ്ക്ക് ഉചിതമെന്നു തോന്നുമ്പോൾ എനിക്ക് ഉത്തരമരുളണമേ" (സങ്കീ. 69:13). ഭഗ്നാശരാകാതെ രാവും പകലും നമുക്ക് അവനെ വിളിച്ച് അപേക്ഷിക്കാം. അങ്ങയുടെ ഇഷ്ടം നിറവേറട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ. ✦

കടന്നുപോകുന്നുണ്ട്. "ആൾക്കൂട്ടത്തിൽ തനിയേ" എന്നപോലെ. ജനക്കൂട്ട ത്തിന് അന്ധയാചകനോട് അനുകമ്പയോ, കരുണയോ തോന്നിയില്ല എന്ന് മാത്രമല്ല അവനോട് മിണ്ടാതിരിക്കാൻ നിർബന്ധിക്കുകയും ചെയ്തു. സഹായം ആവശ്യമുള്ള വരെ അവഗണിച്ചു കൊണ്ട് കടന്നുപോകാനുള്ള പ്രലോഭനം നമുക്കും ഉള്ളതാണ്. നിസ്സംഗതയും ശത്രുതയും ഒക്കെ നമ്മെ അന്ധരാക്കി മാറ്റുന്നുണ്ടോ?

ലൂക്കാ 18:37-ൽ നാം കാണുന്നു - ജനക്കൂട്ടത്തിൽ ഒരാൾ ആ അന്ധ യാചകനോട് ജനക്കൂട്ടം തിക്കിതിരക്കുന്നതിന്റെ കാരണം പറഞ്ഞുകൊടു ക്കുന്നു. അത് നസറായനായ യേശു കടന്നുപോകുന്നത് കൊണ്ടാണെന്ന് - പുറപ്പാട് 12:23-ൽ ഉപയോഗിച്ചിരിക്കുന്ന അതേ ക്രിയാപദം തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്ന് മോചിപ്പിക്കാൻ ദൂതൻ കടന്നുപോയതുപോലെ, യേശുവും കടന്നു പോകുന്നു. യേശു കടന്നുപോകുന്നിടത്തൊക്കെ വിമോചനമുണ്ട്, രോഗ ശാന്തിയുണ്ട്, രക്ഷയുണ്ട്.

'ദാവീദിന്റെ പുത്രനായ യേശുവേ' എന്നാണ് അന്ധനായ മനുഷ്യൻ വിളിച്ചുപറയുന്നത്. അന്ധനായ മനുഷ്യന് മനസ്സിലായി യേശുവാണ് വരാ നിരിക്കുന്ന മിശിഹായെന്ന് (ഏശയ്യ 35:5). അന്ധനായ മനുഷ്യൻ തന്റെ വിശ്വാസത്തിന്റെ കണ്ണുകളിലൂടെയാണ് ഇവിടെ കാണുന്നത്.

യേശു അന്ധനായ മനുഷ്യനെ തന്റെ അടുത്തേക്ക് കൊണ്ടുവരാൻ പറയുന്നുണ്ട്. ആരാലും ശ്രദ്ധിക്കപ്പെടാതിരുന്നവൻ എല്ലാവരുടേയും ശ്രദ്ധാകേന്ദ്രമായി മാറുന്ന കാഴ്ച. പാപികളായ നാമും യേശുവിനെ വിളിച്ച പേക്ഷിക്കുമ്പോൾ രക്ഷ നൽകുകയും തന്റെ സ്വന്തമാക്കി മാറ്റുകയും ചെയ്യുന്നു. അന്ധനായ മനുഷ്യന് കാഴ്ചയില്ല എങ്കിലും വിശ്വാസത്തിന്റെ കണ്ണ് രക്ഷയുടെ വഴി തുറന്ന് കൊടുത്തു.

യേശു അന്ധനായ മനുഷ്യനോട് ചോദിച്ചു, "ഞാൻ നിനക്ക് എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" യേശു ഒരു വിനീതദാസനെ പ്പോലെയാണ് ചോദ്യം ചോദിക്കുന്നത്. അന്ധനായ മനുഷ്യൻ പിന്നീട് യേശുവിനെ സംബോധന ചെയ്യുന്നത് 'ദാവീദിന്റെ പുത്രാ' എന്നല്ല മറിച്ച് 'കർത്താവേ' എന്നാണ്. ഈ സംബോധനയാണ് ആദിമസഭയിൽ തുടങ്ങി ഉത്ഥിതനായ യേശുവിനെ വിളിക്കാൻ ഉപയോഗിക്കുന്നത്.

ഈ സുവിശേഷഭാഗത്തിന്റെ അവസാനം, അന്ധനായ മനുഷ്യന് കാഴ്ച ലഭിക്കുകയും അവൻ യേശുവിന്റെ ശിഷ്യനായി മാറുകയും ചെയ്യുന്നു (ലൂക്ക 18:43). റോഡരികിലെ ഭിക്ഷക്കാരനിൽ നിന്ന് ക്രിസ്തു ശിഷ്യനിലേക്ക് നടന്നടുത്ത അന്ധനായ മനുഷ്യൻ. നാം ഓരോരുത്തരും ഭിക്ഷക്കാരാണ്. നിത്യരക്ഷ ആവശ്യമുള്ളവർ. നാം ഓരോരുത്തരും ആ അന്ധനായ കടന്നു പോയ രൂപാന്തരപ്പെടലിലൂടെ നാമും കടന്നുപോകണം- ഭിക്ഷക്കാരനിൽ നിന്ന് ശിഷ്യനിലേക്ക് ഉള്ള ദൂരം - അന്ധന് കാഴ്ച നൽകുന്ന ഈ സുവി ശേഷഭാഗം നമ്മേയും ക്ഷണിക്കുന്നുണ്ട് - യേശുവിനാൽ വിളിക്കപ്പെടാനും,

സൗഖ്യപ്പെടാനും, ക്ഷമിക്കപ്പെടാനും, അങ്ങനെ അവിടുത്തെ ശിഷ്യനായി തീർന്ന് എപ്പോഴും അവിടുത്തെ പ്രഘോഷിക്കുന്നവരാകാനും.



ലൂക്കാ 18:35 – 47 2017 സെപ്തംബർ 10

# വചനസന്ദേശം

**റവ. ഫാ. ജിയോ മാടപ്പാടൻ**

ഏതാനും വർഷങ്ങൾക്കു മുൻപ്, അന്ധരായ കുഞ്ഞുങ്ങളെ പരിചരിക്കുന്ന ഭവനത്തിലെത്തിയശേഷം പത്രക്കാരെ കാണവേ, 'പ്രത്യയശാസ്ത്രക്കാരനായ' മന്ത്രി ആക്രോശിച്ചു: "ദൈവമില്ലെന്നതിന് വേറെ തെളിവു വേണ്ട." അന്ധത സങ്കടകരമായ അവസ്ഥയാണെങ്കിലും ഇതിനെ അവസരങ്ങളാക്കിയവർ ഒത്തിരിയേറെ പേരുണ്ട്. അന്ധത തങ്ങൾക്ക് സമ്മാനിച്ച ദൈവത്തെ ശുശ്രൂഷിക്കാനായി "Congregation for the Blind" എന്ന പേരിൽ വൈദികരുടെയും "Sacramentire Sisters Don Orion" എന്ന പേരിൽ സന്യാസികളുടെയും സമർപ്പിത സമൂഹങ്ങളുണ്ട്. കാഴ്ചയുടെ സൗന്ദര്യം അന്യമായിരുന്നിട്ടും വാക്കുകൾകൊണ്ട് അക്ഷര പ്രപഞ്ചം തന്നെ സൃഷ്ടിച്ച ഹോമറും, ജോൺ മിൽട്ടനും, ഹെലൻ കെല്ലറും ഇന്നും നമുക്ക് അത്ഭുതങ്ങളാണ്. 'ഡാർക് റെസ്റ്റോറന്റ്' എന്ന പേരിൽ അന്ധരായവർ ചേർന്ന് നടത്തുന്ന വെളിച്ചം ഇല്ലാത്ത ഭക്ഷണശാല അഹമ്മദാബാദിലുള്ളതും നമ്മെ ആകർഷിക്കും.

ഇന്നത്തെ സുവിശേഷഭാഗത്തിൽ നമ്മൾ അന്ധനെ കണ്ടുമുട്ടുന്നു. കാഴ്ചയില്ലാതിരുന്നിട്ടും ആൾകൂട്ടത്തിൽ ദൈവപുത്രനെ, ദാവീദിന്റെ പുത്രനെ, യേശുവിനെ കണ്ടവനാണ് അവൻ. കാഴ്ചയുണ്ടായിരുന്നിട്ടും ദാവീദിന്റെ പുത്രനെ കാണാൻ കഴിയാതെപോയ ആൾക്കൂട്ടവും ഇന്നത്തെ വചനഭാഗത്തിലുണ്ട്. അങ്ങനെയെങ്കിൽ ഒറ്റ ചോദ്യം ഉയരും. കാഴ്ചയുണ്ടായാലും യേശുവിനെ കാണാൻ പറ്റുമോ?

വി. മത്തായിയുടെ സുവിശേഷം 5:8 "ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും." കാഴ്ചയ്ക്കപ്പുറം ഹൃദയത്തിന്റെ വിശുദ്ധിയും നന്മയുമാണ് ദൈവത്തെ കാണാൻ നമുക്കുണ്ടാവേണ്ടത്. 2 രാജാക്കന്മാർ 6:15 മുതലുള്ള വാക്യത്തിൽ ഏലീഷാ പ്രവാചകന്റെ ദാസൻ ഏലീഷായ്ക്ക് ചുറ്റുമുള്ള സ്വർഗീയ സൈനികവ്യൂഹത്തെ 'കാണുന്നതും', പ്രവാചകനെ പിടിക്കാനുള്ള ഗൂഢാലോചനയുമായി ഇരുട്ടിന്റെ യാമത്തിൽ പതുങ്ങിയെത്തിയ സിറിയൻസൈന്യം ഒന്നും 'കാണാൻ' സാധിക്കാതെ ശത്രുനഗരത്തിലെത്തപ്പെടുന്നതും ഒരു സൂചനയാണ്. സോദോം നഗരത്തിൽ ലോത്തിന്റെ ഭവനത്തിൽ അതിഥികളായി വന്ന് ചേർന്നവരെ ജഡികപാപത്തിനായി പിടിച്ചുകൊണ്ടുപോകാൻ ഒരുമ്പെട്ട് നിൽക്കുന്ന നഗരവാസികളുടെ

2017 സെപ്തംബർ 17

## വചനഭാഷ്യം

സ്ലീവാ ഒന്നാം ഞായർ

**മത്താ. 4:12 – 17**

**റവ. ഫാ. സോണി മഞ്ഞളി**

# മാനസാന്തരപ്പെടുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു

മത്തായിയുടെ സുവിശേഷം ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് രചിക്കപ്പെട്ടത്. യഹൂദക്രിസ്ത്യാനികൾ ഒരുപാട് സഹനങ്ങളും പീഡനങ്ങളും ഏൽക്കുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു അത്. യേശുവിനെ അവർ മിശിഹാ ആയി സ്വീകരിക്കുകയും, വിജാതീയരെ സഹോദരങ്ങളായി കാണുകയും ചെയ്തത് യഹൂദരിൽ നിന്ന് പീഡനമേൽക്കാൻ

---

15 ▶ കണ്ണുകൾ അന്ധമായി പോകുന്നതും, അവർക്ക് ഒന്നും കാണാൻ കഴിയാതെ തപ്പിതടയുന്നതും (ഉല്പ. 19:11) ഒരു മുന്നറിയിപ്പായിട്ട് വി. പൗലോസ് പഠിപ്പിക്കുന്നുണ്ട്. "ഈ ലോകത്തിന്റെ ദേവൻ അവിശ്വാസിയായ അവരുടെ മനസിനെ അന്ധമാക്കിയിരിക്കുന്നു" (2 കൊറി. 4:4) ഹൃദയത്തിൽ നന്മയുടെയും, വിശുദ്ധിയുടെയും, കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും വെളിച്ചം ഇല്ലെങ്കിൽ ദൈവത്തെ കാണാൻ നമുക്ക് സാധിക്കുകയില്ല. നമ്മെ കടന്നുപോകുന്നവരിലും കണ്ടുമുട്ടുന്നവരിലും നമ്മുടെ ജീവിതാനുഭവങ്ങളിലും ദൈവസാന്നിദ്ധ്യത്തെ ദർശിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?

ചണ്ഡിഗഡിൽ രാത്രി ജോലിക്കുശേഷം വീട്ടിലേക്കു മടങ്ങുകയായിരുന്ന പെൺകുട്ടിയെ പിൻതുടർന്ന് ആക്രമിക്കാൻ ശ്രമിച്ച പ്രമുഖ രാഷ്ട്രീയ നേതാവിന്റെ മകനും സുഹൃത്തിനും കണ്ണില്ലാതിരുന്നിട്ടാണോ ആ പെൺകുട്ടി തന്റെ കൂടി 'സഹോദരി'യാണെന്നു കാണാൻ കഴിയാതെപോയത്? അപകടത്തിൽ മാരകമായി പരിക്കേറ്റ് മൃതപ്രായനായ അന്യസംസ്ഥാന തൊഴിലാളിക്ക് ചികിത്സ നിഷേധിച്ച് മറ്റ് ആശുപത്രികളിലേക്ക് ഓടിച്ച് അവസാനം അതിന്റെ ജീവനെടുത്തവർക്ക് കണ്ണില്ലാതിരുന്നിട്ടാണോ അതും ഒരു മനുഷ്യജീവനാണ് എന്ന് 'കാണാൻ' കഴിയാതെ പോയത്?

പ്രിയമുള്ളവരെ, കണ്ണുണ്ടായാലും ദൈവത്തെ കാണാൻ കഴിയണമെന്നില്ല. ഹൃദയവിശുദ്ധിയും നന്മയും നിഷ്കളങ്കതയും ഉണ്ടെങ്കിലേ എന്റെ ചുറ്റുമുള്ളവരിലും ചുറ്റുപാടുകളിലും ദൈവത്തെ, ദൈവസാന്നിദ്ധ്യത്തെ ദർശിക്കാൻ കഴിയൂ. നമ്മുടെ കാഴ്ചകളെ തെളിയിക്കുന്ന ഹൃദയവിശുദ്ധിക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ✦

വചനധാര

കാരണമായി. ഇത്തരം സാഹചര്യത്തിൽ യഹൂദക്രിസ്ത്യാനികളെ ആശ്വസിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനും, വിശ്വാസം ശക്തിപ്പെടുത്താനും മത്തായി സുവിശേഷകൻ ശ്രദ്ധ വയ്ക്കുന്നുണ്ട്.

മേല്പറഞ്ഞ സാഹചര്യത്തിൽ തന്നെയാണ് യേശുവിന്റെ സകല ജനതകൾക്ക് വേണ്ടിയുള്ള രക്ഷയെക്കുറിച്ച് സുവിശേഷകൻ ഊന്നിപ്പറയുന്നത്. മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നതുതന്നെ ഈ സന്ദേശം സൂചിപ്പിച്ചുകൊണ്ടാണ് (മത്താ. 1:1–17). യേശുവിനെ 'അബ്രാഹത്തിന്റെ മകൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട് ഉല്പത്തി 12:3–ൽ. അബ്രാഹം സകലജനതകൾക്കും വേണ്ടിയുള്ള അനുഗ്രഹമാണ്. പൂജരാജാക്കന്മാർ കിഴക്ക് നിന്നും വന്നുവെന്ന് രേഖപ്പെടുത്തുമ്പോൾ സകലജനതകൾക്കും വേണ്ടിയുള്ള രക്ഷയെതന്നെയാണ് സൂചിപ്പിക്കുന്നത്.

ഈ സുവിശേഷഭാഗത്ത് ജോർദ്ദാന്റെ മറുകരയിൽ – വിജാതീയരുടെ ഗലീലി പ്രകാശം ഉദയം ചെയ്തുവെന്ന് സൂചിപ്പിക്കുമ്പോഴും സകലജനതകളെയും ഉൾക്കൊള്ളുന്ന രക്ഷയെക്കുറിച്ചാണ് സുവിശേഷകൻ സൂചിപ്പിക്കുന്നത്.

സ്നാപകയോഹന്നാൻ ബന്ധനസ്ഥനായെന്ന് കേട്ട യേശു ഗലീലിയിലേക്ക് പിൻവാങ്ങുന്നതായി നാം സുവിശേഷത്തിൽ കാണുന്നു. പക്ഷെ അത് ഒരു പിൻവാങ്ങലല്ല. മറിച്ച് പ്രഘോഷണത്തിനുള്ള അവസരമാക്കി മാറ്റുകയാണ് യേശു. "മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2). ഈ വാക്കുകളാണ് സ്നാപകയോഹന്നാനെ ഹേറോദേസ് ബന്ധനസ്ഥനാക്കാൻ കാരണം. ഗലീലിയിൽ വന്ന യേശു ഈ സന്ദേശം തന്നെ പ്രഘോഷിക്കുന്നതായി നാം കാണുന്നു (മത്താ. 4:17). പീഡനങ്ങൾ കണ്ട് തകരുന്ന യേശുവിനെയല്ല, എന്നാൽ സകലജനതകൾക്കും വേണ്ടിയുള്ള രക്ഷ സധൈര്യം പ്രഘോഷിക്കുന്ന യേശുവിനെ നാം ഇവിടെ കാണുന്നുണ്ട്. ഇതിലൂടെ പീഡനങ്ങൾ മൂലം സഹനങ്ങൾ ഏറ്റെടുക്കേണ്ടിവന്ന സമൂഹങ്ങളെ ആശ്വസിപ്പിക്കുകയും, വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് സുവിശേഷകൻ. ദൈവരാജ്യം പ്രഘോഷിച്ചുകൊണ്ട് ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങിചെല്ലുകയായിരുന്നു യേശു.

യേശുവിന്റെ പ്രഘോഷണങ്ങളും, കീർത്തിയും ഗലീലിയുടെ അതിർത്തികൾ കടന്നും, ജോർദ്ദാന്റെ മറുകരയിലും, ദക്കാപോളിസ്, യൂദയാ, ജെറുസലേം എന്നിങ്ങനെ എല്ലായിടത്തും വ്യാപിച്ചതായി സുവിശേഷം അടയാളപ്പെടുത്തുന്നു. നാം ഓരോരുത്തരും യേശുവിനെപ്പോലെ മറ്റുള്ളവർക്ക് പ്രകാശം പരത്തുന്നവരാണോ? യേശുവാകുന്ന പ്രകാശത്തിന്റെ ദീപ്തി എല്ലായിടത്തും വ്യാപിച്ചതുപോലെ, നമുക്ക് യേശുവിന്റെ ശിഷ്യർ എന്ന നിലയിൽ മറ്റുള്ളവർക്ക് പ്രകാശം പരത്താൻ കടമയുണ്ട്. അന്ധകാരത്തിന്റെയും, മരണത്തിന്റെ മേഖലയിലും, നിഴലിലും സഞ്ചരിക്കുന്ന അനേകർക്ക് നമ്മിലെ ക്രിസ്തുസാന്നിദ്ധ്യം പ്രകാശമായി മാറട്ടെ.

സി. റാണി മരിയ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടാൻ പോവുക

വചനധാര

യാണ്. ക്രിസ്തുവിന്റെ പ്രകാശം സധൈര്യം മറ്റുള്ളവരിലേക്ക് പ്രസരിപ്പിച്ചപ്പോഴാണ് സി. റാണി മരിയ രക്തസാക്ഷിയായി മാറിയത്. നമുക്കും പീഡനങ്ങളും, സഹനങ്ങളും ക്രിസ്തുവിന്റെ വഴിയിൽ പ്രതീക്ഷിച്ചു കൊണ്ടു തന്നെ ധീരമായി ക്രിസ്തുസാക്ഷ്യം നൽകാൻ പരിശ്രമിക്കാം.



**മത്താ. 4:12 – 17** **2017 സെപ്തംബർ 17**

# വചനസന്ദേശം

**റവ. ഡീ. കളപ്പുരയ്ക്കൽ ജിത്ത്**

റെയിൽവെ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ നിർത്തിയിട്ടിരുന്ന ട്രെയിൻ സൈറൺ മുഴക്കി. പതിയെ പതിയെ മുന്നോട്ടു നീങ്ങുന്നതിനായി ഗ്രീൻ സിഗ്നൽ കാത്തുകിടക്കുകയാണ്. മൂന്നുപേർ എങ്ങനെയും ട്രെയിനിൽ കയറിപ്പറ്റുന്നതിനായി പരിസരമെല്ലാം മറന്ന് വെപ്രാളപ്പെട്ട് ഓടുകയാണ്. ഓടുന്നതിനിടയിൽ അവരിലൊരാൾ ഒരു കുട്ടയിൽ ആപ്പിളും ചുമന്നു നടന്നു നീങ്ങുന്ന ഒരു കുട്ടിയുടെ ദേഹത്ത് ശക്തിയായി ഇടിച്ചു. ഇടിയുടെ ആഘാതത്തിൽ കുട്ടി കുട്ടയുമായി മറിഞ്ഞുവീണു. ആപ്പിളുകളൊക്കെ അങ്ങിങ്ങായി തെറിച്ചുവീണു. ഇടിച്ചയാൾ ആ കുട്ടിയെ ഒന്നു നോക്കുകപോലും ചെയ്യാതെ ട്രെയിനിൽ കയറി സ്ഥലം വിട്ടു. പലരും അതിലെ കടന്നുപോയെങ്കിലും ആ കുട്ടിക്ക് ഒരു കൈ സഹായം ചെയ്യാൻ അവർക്കാർക്കും മനസ്സും സഹായവുമില്ലായിരുന്നു. എന്നാൽ ഇതുകണ്ടുനിന്ന ഒരു വ്യക്തി മാത്രം ആപ്പിളുകൾക്കായി തപ്പിത്തടയുന്ന ആ കുട്ടിയെ സഹായിക്കാൻ തയ്യാറായി. ആപ്പിളുകൾ ഓരോന്നായി ആ കുട്ടിയുടെ കുട്ടയിലേക്ക് പെറുക്കി വയ്ക്കുന്നതിനിടയിൽ അയാൾ മനസ്സിലാക്കി, ആ കുട്ടി ഒരു അന്ധനായിരുന്നെന്ന്. തന്നെ സഹായിച്ച ആ മനുഷ്യന്റെ കൈക്ക് പിടിച്ച് ഒടുവിൽ ആ കുട്ടി ചോദിച്ചു, താങ്കളുടെ പേരാണോ ക്രിസ്തു എന്ന്. പഴയ നിയമത്തിൽ ജനങ്ങൾക്കും വഴികാട്ടികളും ദീപപീഠങ്ങളും മോശയും പ്രവാചകരുമായിരുന്നെങ്കിൽ പുതിയ നിയമത്തിൽ യഹൂദനെന്നോ ക്രിസ്ത്യാനിയെന്നോ വിജാതീയനെന്നോ ഭേദമില്ലാതെ പാപത്തിന്റെയും അജ്ഞതയുടെയും ആത്മീയാന്ധകാരത്തിൽ കഴിയുന്നവർക്കുള്ള മഹത്തായ നിത്യപ്രകാശത്തിന്റെ പേരാണ് ക്രിസ്തു അഥവാ മിശിഹാ. അവനാണ് നീതി സൂര്യൻ. സൂര്യന്റെ പ്രകാശം എല്ലായിടത്തും നിറഞ്ഞ് നിൽക്കുന്നതുപോലെ അവന്റെ ചൈതന്യം ഓരോ മനുഷ്യനിലും നിറഞ്ഞുനിൽക്കുകയാണ്. ക്രിസ്തുവിന്റെ പ്രകാശമാണ് ഇനിമുതൽ നിന്റെ കണ്ണുകൾക്ക് കാഴ്ചയേകുന്നത്. ക്രിസ്തു നോക്കിയതുപോലെ ലോകത്തെയും ജീവിതത്തെയും അപരനെയും നോക്കുവാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. എന്തായിരുന്നു

അവന്റെ നോട്ടത്തിന്റെ പ്രത്യേകത? നിയമജ്ഞരുടെയും ഫരിസേയരുടെയും നോട്ടത്തിൽ പാപിനിയായിരുന്നവളെ അവൻ നോക്കിയപ്പോൾ അവൾ നീതീകരിക്കപ്പെട്ടവളായി മാറി. തന്നെ തള്ളിപ്പറഞ്ഞവനെ അവൻ നോക്കിയപ്പോൾ അവൻ ഉള്ളുരുകിക്കരഞ്ഞ് അനുതപിച്ച് വിശുദ്ധിയിലേക്ക് നടന്നു കയറി. ഒറ്റവാക്കിൽ അവന്റെ നോട്ടത്തെ വിശേഷിപ്പിച്ചാൽ 'കരുണയോടെയുള്ള നോട്ടം' എന്നതു മാത്രമാണു ചിതം. കരുണയുടെ തിരിയണയാത്ത ജീവിതമാകണം നിന്റേത് എന്നൊരു നിർബന്ധബുദ്ധി എന്തേ ഇന്നുവരെ തോന്നാത്തത്? ഈ ദൈവിക വെളിച്ചം ലോകത്തിനു പകരേണ്ടവരും ആ വെളിച്ചത്തിൽ നടക്കേണ്ടവരുമാണ് നാമോരോരുത്തരും. ഇന്നത്തെ സമൂഹത്തിലേക്കു നോക്കിയാൽ, വിവിധ തരങ്ങളിലുള്ള രാഷ്ട്രീയ നേതാക്കൾ, സാമൂഹിക പ്രവർത്തനങ്ങളെ മറ്റു പലതിനും മറയാക്കുന്നവർ, സ്വത്തിനും മറ്റു കാര്യങ്ങൾക്കുമായി ജന്മം തന്നു വളർത്തിയ മാതാപിതാക്കളെയും സഹോദരങ്ങളെയും കൊല്ലാൻ മടിയില്ലാത്തവർ, സമ്പത്തു കുന്നുകൂട്ടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വിശ്വാസസമൂഹം, അനുദിനം ശിഥിലമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ എന്നിങ്ങനെ പലതും കാണാം. പൊതുവെ ആത്മീയാന്ധത ബാധിച്ച ഒരു ലോകമാണ് നമുക്കു മുന്നിലുള്ളത്. ഈ ആത്മീയാന്ധതയുടെ പ്രധാന കാരണം ഒന്നുകിൽ മനഃസാക്ഷിയുടെ സ്വരം ശ്രവിക്കാത്തത്, അല്ലെങ്കിൽ മനഃസാക്ഷി രൂപീകരണം ശരിയായ വിധത്തിലല്ല നടന്നിരിക്കുന്നത്. ആത്മീയാന്ധത ബാധിച്ച വ്യക്തി പാപകരമായ ജീവിതം നയിക്കുന്നവനായിരിക്കും. മാറ്റണമെന്നൊത്തിരിയാഗ്രഹിച്ചിട്ടും സാധിക്കാതെപോയ ചില തഴക്കദോഷങ്ങൾ ജീവിതത്തിലുണ്ടാകാം. അഹങ്കാരം, വെറുപ്പ്, കോപം, അലസത, വിദ്വേഷം എന്നിങ്ങനെ പലതു മാകാം. ചിലർക്ക് താൻ ചെയ്യുന്നത് തെറ്റാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കാനാവില്ല. അവരുടെ മനഃസാക്ഷി പാപകരമായ മനഃസാക്ഷിയാണ്. ഇവർ നിരന്തരം പാപത്തിൽ ജീവിക്കുന്നവരായതിനാൽ ആത്മീയാന്ധത ബാധിച്ചവരാണ്. ചിലരുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമില്ല, അല്ലെങ്കിൽ അവർക്ക് ദൈവമില്ല. കാരണം അവർക്ക് ഇതുവരെ ദൈവാനുഭവം ലഭിച്ചിട്ടില്ല. ഈ ദൈവാനുഭവമില്ലായ്മയുടെ കാരണം അവർ മനഃസാക്ഷിയിലൂടെ വരുന്ന ദൈവിക സ്വരത്തിന് കാതോർക്കുന്നില്ല എന്നതാണ്. ദൈവിക സ്വരത്തിന് അഥവാ മനഃസാക്ഷിയുടെ സ്വരത്തിന് കാതോർക്കാത്തവരും ആത്മീയാന്ധതയിൽ ജീവിക്കുന്നവരാണ്. നന്മ ചെയ്യാൻ ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. എന്നാൽ, പാപത്തിന്റെ സ്വാധീനം മൂലം തിന്മ ചെയ്യുവാൻ നിരന്തരം പ്രേരിതനാകുന്നു. 'ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ ചെയ്യുന്നതെന്ന' പൗലോസ് ശ്ലീഹായുടെ വാക്കുകളാണിവിടെ സവിശേഷമാം വിധം സ്മർത്തവ്യമാണ്. അതിനാൽ മനുഷ്യനെ നന്മയിൽ നിലനിർത്തുന്നതിന് മനഃസാക്ഷിയുടെ ഉറച്ച തീരുമാനങ്ങൾ അവശ്യ ഘടക മാണ്. നൻമയും തിൻമയും തമ്മിൽ തിരിച്ചറിയാൻ നമ്മെ സഹായിക്കുകയും നന്മയുടെ പ്രലോഭനങ്ങൾക്കൊത്തു ചരിക്കുവാൻ നമ്മെ

വചനധാര

പ്രേരിപ്പിക്കുകയും ചെയ്യുന്ന ആന്തരികാഹ്വാനമാണ് മനഃസാക്ഷിയെന്നും ഈ മനഃസാക്ഷി ജന്മസിദ്ധമാണെന്നും കത്തോലിക്കാ സഭയുടെ മത ബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ഈ മനഃസാക്ഷി ജന്മസിദ്ധമാണെ ങ്കിലും ഇത് രൂപീകരിക്ക പ്പെടുന്ന ഒന്നാണ്. രൂപീകരണത്തിന്റെ ഒന്നാമത്തെ കളരി കുടുംബമാണ്, പിന്നീട് വിദ്യാലയങ്ങൾ, മതങ്ങൾ, വിവിധ ജീവിത സാഹചര്യങ്ങൾ എന്നിവയുമുണ്ട്. മക്കളുടെ മനഃസാക്ഷി നേരാംവിധം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾ അതീവ ജാഗ്രത പാലിക്കണം. ഇതിൽ വലിയ വീഴ്ചകൾ വന്നുപോകുമ്പോൾ പലപ്പോഴും അത് മാതാ പിതാക്കൾക്കുതന്നെ തിരിച്ചു കുത്തുന്നുണ്ട്. ഇല്ലായിരുന്നെങ്കിൽ കേരള ത്തിൽ ഇന്നിത്രയേറെ വൃദ്ധ സദനങ്ങൾ ഉണ്ടാകുമായിരുന്നോ. മനഃസാക്ഷി രൂപീകരണത്തിൽ വന്ന വീഴ്ചകളാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ശാപം പാപബോധമില്ലായ്മയാണെന്നും പറഞ്ഞ് ആധുനിക മാർപാപ്പമാർ വിലപിക്കുവാൻ കാരണം. അപരനോടു മത്സരിക്കാനാണ് ഇന്നത്തെ ലോകം പഠിപ്പിക്കുന്നത്. അപരനുവേണ്ടി തോറ്റുകൊടുക്കാൻ പഠിപ്പിക്കാൻ ക്രിസ്തുവല്ലാതെ ആരുമില്ല. കൊടുത്ത് കൊടുത്ത് ഇല്ലാതാ കേണ്ടവനാണ് ഓരോ ക്രിസ്തുശിഷ്യനുമെന്ന് ഇനിയുമെന്തേ മനസി ലാവാത്തത്. അതുകൊണ്ട് ആത്മീയാന്ധത ബാധിച്ച നിന്നിൽ ഒരു ക്രിസ്തീ യ മനഃസാക്ഷി രൂപപ്പെടണം. ദൈവവചനവും സഭാപ്രബോധനങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനവും ഇതിന് വളരെയേറെ സഹായിക്കുന്നു. വചനം ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതുമാണ്. പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ്. കാലഘട്ടങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾക്കെ തിരെ സാമൂഹിക തിന്മകൾക്കെതിരെ സഭ പഠിപ്പിച്ചിട്ടുണ്ട്. ദൈവവചനവും സഭാപ്രബോധനങ്ങളും നെഞ്ചോടുചേർത്ത് സ്വായത്തമാക്കുമ്പോൾ അതോടൊപ്പം പരിശുദ്ധാത്മ പ്രചോദനവും പ്രാർത്ഥന വഴിയായി സ്വീകരി ക്കുമ്പോൾ ഉത്തമമായ ഒരു ക്രിസ്തീയ മനഃസാക്ഷി രൂപീകരിക്കാൻ നമുക്ക് സാധിക്കും. അങ്ങനെ ആത്മീയാന്ധതയിൽ കഴിയുന്നവർക്കും ആത്മീയ മരണത്തിന്റെ വക്കിലും കഴിയുന്നവർക്കിടയിൽ ക്രിസ്തുവിനെപ്പോലെ പ്രകാശഗോപുരമാകേണ്ട വനാണ് ഓരോ ക്രിസ്ത്യാനിയും.

ഈശോ ഗലീലിയിലേക്കു പോയതിന്റെ സാംഗത്യമെന്താണ് എന്നത് ചിന്തനീയമായ വിഷയമാണ്. ഏശയ്യായുടെ പ്രവചനം 9–ാം അധ്യായത്തിലെ 1–2 വചനങ്ങൾ പൂർത്തീകരിക്കാനാണ് അവൻ ഗലീലിയിലേക്കു പോയത്. പഴയ നിയമത്തിൽ പ്രവാചകന്മാർ ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തി യിരുന്നവരാണ്. ഏശയ്യാ ദൈവരാജ്യത്തെക്കുറിച്ചുള്ള ദൈവഹിതം വെളി പ്പെടുത്തുകയാണ്. ഇതാ ദൈവരാജ്യം ആരംഭിക്കുകയാണ്. ദൈവരാജ്യ മെന്നാൽ ദൈവത്തിന്റെ ഭരണമാണ്. അന്ധകാരത്തിൽ കഴിഞ്ഞ ജനം വലിയ പ്രകാശം കണ്ടു. മരണത്തിന്റെ നിഴലിൽ ആയിരുന്നവർക്കായി ദീപ്തി ഉദയം ചെയ്തു. അതെ പാപത്തിന്റെയും രോഗത്തിന്റെയും മരണത്തിന്റെയും ഭരണം അവസാനിക്കുകയാണ്. ദൈവരാജ്യം അഥവാ ദൈവഭരണം ആരംഭി

ക്കുകയാണ്. ദൈവത്തിന്റെ ഭരണത്തിൽ നടത്തപ്പെടേണ്ടത് ദൈവഹിതമാണ്. അതുകൊണ്ട് ഇതാ ദൈവം തന്നെ, പ്രവാചകനിലൂടെ അരുളിച്ചെയ്യപ്പെട്ട ദൈവഹിതം അനുസരിക്കുകയാണ്. തമ്പുരാന്റെ ജീവിതത്തിലുടനീളം അവൻ ദൈവഹിതം നിവർത്തിച്ചു. കാലിക്കൂട്ടിൽ പിറന്നപ്പോഴും നസ്രത്തിൽ ജീവിച്ചപ്പോഴും ഒറ്റിക്കൊടുക്കപ്പെട്ടപ്പോഴും വിചാരണ ചെയ്തപ്പോഴും എല്ലാം പൂർത്തിയായിരിക്കുന്നുവെന്ന നിർവൃതിയോടെ കാൽവരിയുടെ വിരിമാറിൽ അവൻ ക്രൂശിൽ തൂങ്ങി മരിച്ചപ്പോഴും ദൈവഹിതം പൂർത്തിയാക്കുകയായിരുന്നു. സ്വർഗരാജ്യം സമീപിച്ചിരിക്കുന്നതിനാൽ മാനസാന്തരപ്പെടുവിനെന്നാണാഹ്വാനം. സ്വർഗരാജ്യാനുഭവത്തിന്റെ മാനദണ്ഡമാണ് മാനസാന്തരം. മാനസാന്തര മനസ്സിന്റെ മാറ്റമാണ് (Metanoia) എന്നുള്ള ചിന്തകൾ നമുക്ക് സുപരിചിതമാണ്. എന്നാൽ മാനസാന്തരമാണ് നിന്റെ സ്വാർത്ഥഹിതങ്ങൾക്കു കുറുകേയുള്ള ദൈവത്തിന്റെ ഹിതം കൊണ്ടുള്ള ഒരു വരയാവുകയാണെങ്കിലോ. അതാണ് നിന്റെ ഹിതത്തിനു മീതെ ദൈവത്തിന്റെ ഹിതം പ്രതിഷ്ഠിക്കലാണത്. മാനസാന്തരത്തിൽ ദൈവത്തോടും മനുഷ്യനോടും പ്രകൃതിയോടും തന്നോടുതന്നെയുമുള്ള ബന്ധങ്ങളിൽ വന്നുപോയ വീഴ്ചകളോർത്തു മനസ്തപിച്ച് അതിനെ വീണ്ടും നേരെയാക്കുകയാണ്. ദൈവത്തോടുള്ള ബന്ധത്തിന് എന്തേ നീ ഇനിയും മാനുഷിക മാനദണ്ഡങ്ങൾ തിരയുന്നു. തമ്പുരാൻ നിന്നിൽ നിന്നാഗ്രഹിക്കുന്നത് ചെയ്യാൻ എന്തേ മടിക്കുന്നത്. അപരനോടുള്ള ബന്ധങ്ങളിൽ സ്വാർത്ഥരായിരിക്കാനാണ് ഈ സെൽഫി ലോകത്തിൽ നമുക്കിഷ്ടം. ആ ബന്ധങ്ങളിലും ദൈവഹിതം നിറയുമ്പോൾ പാപങ്ങളിൽ നിന്ന് നീയകലുന്നതെന്തേ മനസിലാകാത്തത്? ചൂഷണം ചെയ്യപ്പെടുകയാണിന്ന് പ്രകൃതി. താൻ സൃഷ്ടിച്ച പ്രകൃതി നല്ലതായിരുന്നെന്നതായിരുന്നു ദൈവഹിതം. നീയും അതിലേക്കു വളരണം. നിന്റെ പ്രകൃതിയോടുള്ള ബന്ധത്തിൽ, തന്നോടുതന്നെയുള്ള ബന്ധത്തിൽ ദൈവഹിതം പ്രവർത്തിച്ചവനാണ് ക്രിസ്തു. നിന്റെ ശരീരവും മനസും ആത്മാവുമെല്ലാം ദൈവഹിതം നിറവേറ്റപ്പെടുന്ന, ദൈവം കുടികൊള്ളുന്ന ഇടങ്ങളുമായി മാറണം. അതുകൊണ്ട് സ്വർഗരാജ്യം അഭിലഷിക്കുന്നവരെല്ലാം ദൈവഹിതം നിറവേറ്റുന്നവരാകണം.

722-ലെ അസീറിയൻ ആക്രമണത്തോടെ ഗലീലിയുടെ പകുതിയോളം വിജാതീയർ തിങ്ങിനിറഞ്ഞു. അതുകൊണ്ട് വിജാതീയരുടെ ഗലീലി എന്നു ഗലീലി അറിയപ്പെട്ടു. വിജാതീയരുടെ ഇടത്തേക്ക് ക്രിസ്തു ചെന്നപ്പോൾ അത് സത്യദൈവത്തിന്റെ ഇടമായി മാറി. ക്രിസ്തുവിനെ അനുഗമിക്കുന്ന നീ ചെല്ലുന്ന ഇടങ്ങളും ദൈവിക മേഖലകളായി മാറുന്നുണ്ടോ? അവൻ കണ്ടുമുട്ടിയവർക്ക് ആശ്വാസം പകർന്നു വിപത്തുകളിൽ നിന്നവരെ രക്ഷിച്ചു. ശത്രുതയുടെ മതിലുകൾ അവൻ തകർത്തു. നീ ആയിരിക്കുന്ന നിന്റെ കുടുംബത്തെ ഒരു ദൈവിക ഭവനമാക്കാൻ നിനക്കാകുന്നുണ്ടോ? നീ കണ്ടുമുട്ടുന്ന വ്യക്തികൾക്കും സമൂഹത്തിനും നിന്നിലൂടെ ദൈവാനുഭവം ലഭിക്കുന്നുണ്ടോ? അതോ ദൈവികഭവനങ്ങളിലേക്ക് നീ കടന്നു ചെല്ലു

വചനധാ

2017 സെപ്തംബർ 24

## വചനഭാഷ്യം

സ്ലീവാ രണ്ടാം ഞായർ

**മത്താ. 17:14 – 21**

**റവ. ഫാ. സോണി മഞ്ഞളി**

# വിശ്വസിക്കുന്നവന് സർവ്വതും സാധ്യം

“വിശ്വാസം, അതല്ലേ എല്ലാം” എന്നൊക്കെ നാം പറയാറുണ്ടെങ്കിലും അനുദിനജീവിതത്തിൽ വിശ്വാസത്തിന്റെ കാര്യത്തിൽ ചാഞ്ചാട്ടം നടത്തുന്നവരാണ് നാം പലപ്പോഴും. പലതരത്തിലുള്ള സംശയങ്ങളും, ഉറപ്പില്ലായ്മയും നാം വച്ചുപുലർത്തുന്നു.

യേശു ഒരു അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നതാണ് സുവിശേഷഭാഗം. വിശ്വാസത്തിൽ അചഞ്ചലരായിരിക്കാൻ യേശുനാഥൻ ആഹ്വാനം ചെയ്യുന്നു. യേശു തന്റെ രൂപാന്തരീകരണശേഷം ശിഷ്യന്മാരോടൊപ്പം മലയിറങ്ങി വന്നതിനുശേഷം പ്രവർത്തിക്കുന്ന രോഗശാന്തിയാണ് നാമിവിടെ കാണുന്നത്.

---

21 ▶മ്പോൾ അവിടുത്തെ ദൈവികാന്തരീക്ഷം നഷ്ടപ്പെടുകയാണോ? വിദ്വേഷപൂരിത ലോകത്തിലേക്ക് ശാന്തിതൻ ദൂതനായി എന്നെ അയക്കണേ എന്നു നമുക്കു പ്രാർത്ഥിക്കാം.

വിജാതീയരുടെ ഗലീലി എന്നിനിമേൽ വിളിച്ചുകൂടാ. അവൻ ചെന്ന് എല്ലാവരെയും തന്നിലേക്കടുപ്പിച്ചു. യേശു അവിടെ ചെന്നതോടെ അത് ദൈവത്തിന്റെ സ്ഥലമായി മാറി. ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നതും ഉത്ഥാനശേഷം അവൻ തന്റെ ദൗത്യം താൽക്കാലികമായവസാനിപ്പിച്ച് ശിഷ്യർക്ക് കൈമാറുന്നതും ഗലീലിയിൽ വച്ചാണ്. ദൈവമുള്ളിടത്തു നിന്നാണ് അവൻ ദൗത്യം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും. നമ്മുടെ അനുദിന ജീവിത ദൗത്യങ്ങളും ആരംഭിക്കേണ്ടതും അവസാനിക്കേണ്ടതും ദൈവത്തോടു ചേർന്നു നിന്നാണ്. പ്രഭാതത്തിൽ നെറ്റിയിൽ കുരിശു വരച്ച് നമ്മെ തന്നെ തമ്പുരാന് സമർപ്പിച്ച് ആരംഭിക്കുന്ന ജീവിതം പ്രദോഷത്തിൽ വിശ്രമത്തിനായണയുമ്പോൾ ദൈവത്തെ വിളിച്ചു തന്നെയാണ് അവസാനിപ്പിക്കേണ്ടത്. അല്ലാതെ സീരിയലിന്റെ ലോകത്തോ, കൂട്ടം കൂടിയിരുന്ന് മറ്റുള്ളവരെ കുറ്റം പറയുന്നതിലോ മറ്റു പ്രവർത്തനങ്ങളിലോ ആകരുത്. തമ്പുരാനോട് ചേർന്നു നിൽക്കുക, അവിടുന്ന് നിന്നോടും ചേർന്നുനിൽക്കും. ഞങ്ങളുടെ പ്രഭാതങ്ങളുടെ ശാന്തതയിലും പകലുകളുടെ അധ്വാനത്തിലും രാത്രികളുടെ നിശബ്ദതയിലും ഞങ്ങളോട് ചേർന്നിരിക്കുന്ന ദൈവമേ അങ്ങയോടും ചേർന്നിരിക്കുവാൻ ഞങ്ങളെയും പഠിപ്പിക്കണമേ. ✦

യേശുവിന്റെ കാലഘട്ടത്തിൽ അപസ്മാരരോഗം പിശാചിന്റെ പ്രവർത്തനം അഥവാ അശുദ്ധാത്മാവിന്റെ ബാധ എന്നതായിരുന്നു പൊതുവെയുള്ള വിശ്വാസം. അപസ്മാരരോഗത്തിന്റെ എല്ലാ ശാരീരിക പ്രത്യേകതകളും ഉള്ള ഒരാളെക്കുറിച്ചാണ് ആൾക്കൂട്ടത്തിലൊരാൾ യേശുവിനോട് പറയുന്നത്. യേശുവിന്റെ ശിഷ്യന്മാർ തങ്ങളുടെ അൽപവിശ്വാസം മൂലം ആ രോഗിയെ സുഖപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു (മത്താ. 17/20).

സുവിശേഷകന് അപസ്മാരരോഗി ഒരു പ്രതീകമാണ്: വിശ്വാസത്തിന്റെ ശക്തിയെ കുറച്ച് കാണിക്കുന്നവരുടെ അഥവാ തങ്ങളുടെ ഇടയിലെ ദൈവത്തിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാത്തവരുടെ.

എമ്മാനുവേലായ യേശുവിന്റെ സാന്നിദ്ധ്യം അവിടെ തിരിച്ചറിയാതെ പോയി. യേശുവിനെക്കുറിച്ച് എന്തെങ്കിലും അറിയുക എന്നതല്ല മറിച്ച് 'യഥാർത്ഥ വിശ്വാസം' ആണ് ആവശ്യം. യേശു കല്പിക്കുന്നുണ്ട് "അവനെ എന്റെ അടുത്ത് കൊണ്ടുവരിക" (മത്താ. 17:17). യേശുവിന്റെ സാന്നിദ്ധ്യത്തിൽ അപസ്മാര രോഗി സുഖപ്പെടുന്നു.

യേശു അപസ്മാരരോഗിയെ സുഖപ്പെടുത്തുക മാത്രമല്ല ഇവിടെ ചെയ്യുന്നത്. ഉറപ്പില്ലാത്ത, ബലഹീനമായ ശിഷ്യന്മാരുടെ വിശ്വാസത്തെയും സുഖപ്പെടുത്തുന്നുണ്ട്. യേശുവിന്റെ വ്യക്തിത്വത്തോടും, ദൈവശക്തിയോടും താദാത്മ്യപ്പെടുന്നതായിരിക്കണം നമ്മുടെ വിശ്വാസം.

ശിഷ്യന്മാർ എല്ലാം ഉപേക്ഷിച്ചാണ് യേശുവിനെ അനുഗമിച്ചിരുന്നത്. എന്നിരുന്നാലും അപസ്മാര രോഗിയെ സുഖപ്പെടുത്താൻ അവരുടെ അൽപവിശ്വാസം നിമിത്തം അവർക്ക് സാധിക്കുന്നില്ല.

അൽപവിശ്വാസം വിശ്വാസരാഹിത്യമല്ല മറിച്ച് വിശ്വാസത്തിലുള്ള സംശയവും, ഉറപ്പ് ഇല്ലായ്മയുമാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തുവുമായി ഐക്യപ്പെട്ടുള്ള ബന്ധമാണ് യഥാർത്ഥ വിശ്വാസം. അത് അവിടുത്തെ പീഡാസഹനം, മരണം, ഉത്ഥാനം എന്നീ രക്ഷാകര രഹസ്യങ്ങളിലുള്ള ഐക്യപ്പെടലുമാണ്.

നിസ്സാര കാര്യങ്ങളിൽ ഉറക്കം നഷ്ടപ്പെടുന്നവരാണ് നാം. ജീവിതത്തിന്റെ പ്രതിസന്ധികളിൽ സമാധാനം നഷ്ടപ്പെടുത്തുന്നവരാണ് നാം. എന്നാൽ സഹനങ്ങളും, വേദനകളും, പരാജയങ്ങളും ഉണ്ടാകുമ്പോൾ, ക്രിസ്തുസാന്നിദ്ധ്യം തിരിച്ചറിയാനും ക്രിസ്തുവുമായി ഐക്യപ്പെടാനും നമുക്ക് സാധിക്കുന്നുവെങ്കിൽ വിശ്വാസത്തോടെ മുന്നേറാൻ നമുക്ക് സാധിക്കും.

"എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നവനാണ് ദൈവം" (റോമാ 8:28). യേശു തന്റെ ജീവിതത്തിൽ പലവിധ തിരസ്ക്കാരങ്ങളും, പ്രലോഭനങ്ങളും, സഹനവും, പീഡാനുഭവവും, കുരിശുമരണവും, എല്ലാം അനുഭവിച്ച വ്യക്തിയാണ്. എന്നാൽ അവസാനം മരണത്തെ ജയിച്ച് അവൻ ഉയിർത്തെഴുന്നേറ്റു. നമ്മുടെ ആത്മീയയാത്രയിൽ വിശ്വാസജീവിതത്തെ കൂടുതൽ നവീകരിക്കാൻ പരിശ്രമിക്കാം.



**മത്താ. 17:14 – 21** **2017 സെപ്തംബർ 24**

# വചനസന്ദേശം

**റവ. ഫാ. മാർട്ടിൻ അടയന്ത്രത്ത്**

ഏണസ്റ്റ് ഹെമിംഗ് വേയുടെ നോബൽസമ്മാനാർഹമായ "കിഴവനും കടലും" എന്ന നോവലിൽ ഹൃദയഹാരിയായ ഒരു രംഗമുണ്ട്. തന്റെ ചെറു തോണിയും ചൂണ്ടയും ആയി വൃദ്ധനായ സാന്റിയാഗോ മീൻപിടിക്കാൻ ആഴക്കടലിലേക്ക് പോകുകയാണ്. 82 ദിവസങ്ങളായി ഒരു പൊടിമീൻ പോലും പിടിക്കാനാകാത്ത നിരാശയിലാണാ വൃദ്ധൻ. ആഴക്കടലിൽ പ്രതീക്ഷയോടെ കാത്ത അദ്ദേഹത്തിന്റെ ചൂണ്ടയിൽ ഒരു വൻ മാർലിൻ മത്സ്യം കുടുങ്ങുന്നു. ചൂണ്ടയ്ക്ക് താങ്ങാവുന്നതിലും അപ്പുറം ആണാ മത്സ്യം എന്ന് മനസിലായി എങ്കിലും, ആ വലിയ മത്സ്യത്തെ കൈവിടാൻ ആ വൃദ്ധന്റെ മോഹങ്ങൾക്കാകുന്നില്ല. പക്ഷേ, സംഭവിച്ചത് അസാധാരണ മായിരുന്നു. ആ മത്സ്യം തോൽക്കാൻ തയ്യാറാകാതെ ആ തോണിയെയും തോണിക്കാരനെയും വലിച്ചുകൊണ്ട് ആഴക്കടലിലേക്ക് പാഞ്ഞു. ദിവസങ്ങൾ എടുത്ത ആ പോരാട്ടത്തിന്റെ കഥയാണാ നോവൽ...

...ചുരുക്കത്തിൽ നേരിടുന്ന പ്രതിസന്ധി വലിയതെന്നു മനസ്സിലാവു മ്പോൾ അതിനുള്ള മുന്നൊരുക്കങ്ങളും അതിനൊപ്പം വല്യതാവണം. അല്ലെ ങ്കിൽ ആ പ്രതിസന്ധി നമ്മളെയും കൊണ്ട് ഒരു യാത്രയ്ക്കൊരുങ്ങും. ചില പ്പോൾ അപമാനച്ചുഴിയിൽ മുക്കും. ഇന്നത്തെ സുവിശേഷത്തിൽ ശിഷ്യർ നേരിടുന്ന പ്രശ്നം ഇത്തരത്തിൽ ശ്രദ്ധേയവും അസാധാരണവും ആണ്. മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ അശുദ്ധാത്മാക്കളെ സുഖപ്പെടുത്താനുള്ള അധികാരം ലഭിച്ച ശിഷ്യന്മാർ നാടു മുഴുവൻ നടന്ന് അത്തരത്തിലുള്ള രോഗികളെ സുഖപ്പെടുത്തി അശ്വമേധം നടത്തിയ സംഭവം വായിക്കുന്നു. 17-ാം അദ്ധ്യായം കഴിയുമ്പോൾ അവർക്ക് ആ കഴിവ് കൈമോശം വന്നുവോ? യേശു പഠിപ്പിച്ച അതേ ഫോർമൂലയും intonation ഉം gesture ഉം ഒക്കെ ഉൾക്കൊള്ളിച്ചിട്ടും ഈ കുഞ്ഞിന്റെ ബാധ വിട്ടു പോകുന്നില്ല. വാക്-ക്രിയകളോ, ആലാപനശൈലിയോ, അംഗവിക്ഷേപ ങ്ങളോ കൊണ്ടല്ല അശുദ്ധാത്മാക്കൾ വിട്ടുപോകുന്നതെന്ന് അന്ന് ശിഷ്യ ന്മാർക്ക് മനസിലായി! അല്ലെങ്കിലും വലിയ പ്രതിസന്ധിയോ അപമാനമോ ഒക്കെ നമുക്കു വന്നു ഭവിക്കുമ്പോൾ ആണല്ലോ നമ്മുടെ ചെയ്തികളുടെ effectiveness നാം പുനരവലോകനം ചെയ്യുന്നത്. അതിപ്പോ പ്രാർത്ഥനക ളോ, സാമൂഹിക പ്രവർത്തനങ്ങളോ, വ്യക്തി ബന്ധങ്ങളോ എന്താണെ ങ്കിലും അങ്ങനെതന്നെ.

വലിയ നിധിയറയുടെ ഉടമകളെങ്കിലും അത് തുറക്കാനാവാതെ കൈ

മോശം വന്ന താക്കോലുകളെക്കുറിച്ച് വ്യാകുലപ്പെടുന്നവരെപ്പോലെ ശിഷ്യൻമാർ തങ്ങളുടെ ഗതികേടിനെക്കുറിച്ച് യേശുവിനോട് ചോദിക്കുന്നു. ഞങ്ങൾക്ക് എന്തുകൊണ്ടാണ് ഈ അശുദ്ധാത്മാവിനെ പുറത്താക്കാനാകാതെ പോയത്? Ask our crucial questions to the master himself - വൈദികനെങ്കിലും ചിലപ്പോഴെങ്കിലും വൈദീകവരങ്ങൾ എനിക്ക് ഉപയോഗപ്പെടുത്താൻ പറ്റാതെ പോകുന്നതെന്തുകൊണ്ടാണ്? ഞാൻ നന്മ നിറഞ്ഞ ഭർത്താവാണ്. പക്ഷെ, എന്തുകൊണ്ടാണ് എനിക്ക്  2 ദിനങ്ങൾ അടുപ്പിച്ച് ഭാര്യയുമായി ഐക്യത്തിലാകാൻ പറ്റാതെ പോകുന്നത്? അനുദിന ജീവിതങ്ങളിലാണെങ്കിലും വിശ്വാസജീവിതത്തിലാണെങ്കിലും ചിലപ്പോൾ നമുക്കു മാത്രമറിയാവുന്ന നമ്മുടെ അസ്തിത്വത്തെയും വിളിയെയും അപമാനിച്ചു തോൽപിക്കുന്ന ചില ചോദ്യങ്ങൾ നമുക്കൊപ്പം കൂടാറുണ്ട്! അതിനിപ്പോ വൈദികനെന്നോ, മകനെന്നോ ഇല്ല. ഫലം കൊയ്യാൻ പറ്റാതെ പോകുന്നവർ! ചോദിക്കേണ്ടതു നേരിട്ടു തമ്പുരാനോടു ചോദിക്കണം, ശിഷ്യനെപ്പോലെ.

യേശു പ്രശ്നാധിഷ്ഠിത ചോദ്യത്തെ കൃത്യമായി അടയാളപ്പെടുത്തി ഉത്തരം പറയുന്നുണ്ട്... “നിങ്ങളുടെ അൽപവിശ്വാസം കൊണ്ട്” കേൾക്കുമ്പോൾ വളരെ ലളിതമായി തോന്നാം. കൃത്യമായ വിശകലനം ആവശ്യപ്പെടുന്ന ഒരുത്തരം ആണ് “അൽപവിശ്വാസം”.

സുവിശേഷങ്ങൾ യേശുവിനെ ചിലപ്പോൾ ഒരു വിശ്വാസ അന്വേഷകൻ ആയാണ് അവതരിപ്പിക്കുന്നത്. എത്ര ആൾക്കൂട്ടത്തിനിടയിലും വിശ്വാസവും സമർപ്പണവും ഉള്ളവരെ ഒക്കെ യേശു പെട്ടെന്ന് തിരിച്ചറിയുന്നുണ്ട്. ശരീരോഷ്മാവ് അളക്കാൻ thermometer (ഊഷ്മമാപിനി) ഉണ്ട്. അതുപോലെ വിശ്വാസതോത് അളക്കാൻ ഒരു വിശ്വാസമാപിനി യേശുവിന്റെ കൈയിലുള്ളത് പോലെ തോന്നും. വിശ്വാസം ഇല്ലാത്ത കഫർണാമിൽ യേശുവിന് അധികം അത്ഭുതം പ്രവർത്തിക്കാൻ പറ്റുന്നില്ല! ചില ജനക്കൂട്ടത്തെ കാണുമ്പോൾ “വിശ്വാസം ഇല്ലാത്ത” തലമുറയെന്നു തീർത്തു വിളിക്കുന്നു! ഉത്ഥാനത്തിൽ വിശ്വസിക്കാത്ത തോമസിനെ “അവിശ്വാസി”യെന്നും, പത്രോസ് വെള്ളത്തിൽ താഴുമ്പോൾ “അൽപവിശ്വാസി” എന്നും യേശു തന്നെയാണ് വിളിക്കുന്നത്. ഭൃത്യൻ സുഖപ്പെടാൻ നീ വീട്ടിൽ വരണ്ട ഇവിടെ നിന്നു പറഞ്ഞാൽ മതിയെന്നു പറഞ്ഞ ശതാധിപനോട് “വലിയ വിശ്വാസത്തിന്റെ ഉടമയെന്നും ആവർത്തിച്ച് അവഗണിച്ചിട്ട് വിടാതെ പ്രണമിച്ച കാനാൻകാരിയുടെ വിശ്വാസത്തെ “വലിയ വിശ്വാസം” എന്നും യേശു പേരിട്ടു വിളിക്കുന്നു. “വിശ്വാസം ഇല്ലായ്മ”യും “അല്പവിശ്വാസവും” “വലിയ വിശ്വാസവും” ഒക്കെ ഈശോ തന്നെ നൽകുന്ന തരംതിരിവുകളാണ്. തന്റെ രണ്ടാംവരവിൽ താൻ ഭൂമിയിൽ “വിശ്വാസം” കണ്ടെത്തുമോ എന്ന സംശയവും ഈശോ ഉന്നയിക്കുന്നു.

അൽപം വിശ്വാസം എന്നാൽ വിശ്വസിക്കുന്നില്ല എന്നല്ല അതിന്റെ അളവ് തുലോം കുറവെന്നാണ്. നേരിടുന്ന പ്രശ്നത്തിന്റെ ഗൗരവം അനുസരിച്ച് വിശ്വാസത്തിന്റെ, അതിന്റെ മുന്നൊരുക്കങ്ങളുടെ അളവ് വർധിപ്പിക്കേണ്ട

വചനധാര

തുണ്ട്. ക്ലാസ് ടെസ്റ്റിനു പോകുന്ന പോലെയല്ല എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു പോകുന്നത്. അതുപോലെയല്ല ഒരു വിദ്യാർത്ഥി മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസിന് പോകുന്നത്. സൂപ്പർമാർക്കറ്റിൽ പോകാനിറങ്ങുന്ന ലാഘവത്തോടെ ഒരു യുവാവ് ജോലിസംബന്ധമായ ഇന്റർവ്യൂവിന് പോകാറില്ലല്ലോ! തയ്യാറെടുപ്പുകൾ ആണ് ഓരോ പരീക്ഷകളെയും വ്യത്യസ്തമാക്കുന്നത്. ഭൗതികജീവിതത്തിലെ പരീക്ഷകൾക്ക് നാം കൊടുക്കുന്ന ഒരു 'Grading' ചില മുന്നൊരുക്കങ്ങൾ, ഇവയൊക്കെ നമ്മുടെ ആത്മീയജീവിത പ്രശ്ന ങ്ങൾക്കോ, ബന്ധങ്ങളിലെ പ്രതിസന്ധികൾക്കോ കൊടുക്കാറില്ല എന്നത് ഒരു സത്യമാണ്! പക്ഷെ യേശു അങ്ങനെ ആയിരുന്നില്ല.

40 ദിവസത്തെ ഉപവാസപ്രാർത്ഥനയ്ക്കുശേഷം അന്ന് യേശു സുവിശേഷം പറഞ്ഞു തുടങ്ങിയത്, ഒരു മുഴുരാത്രി പ്രാർത്ഥനയ്ക്കു ശേഷം അന്ന് ശിഷ്യരെ തെരഞ്ഞെടുത്തത്, രക്തം വിയർത്തുള്ള പ്രാർത്ഥനയ്ക്കിടയിലാണ് കാൽവരി ബലിക്കുള്ള ശക്തി തേടിയത്. ദൈവപുത്രനെങ്കിലും അവൻ നേരിട്ട ആത്മീയ പ്രതിസന്ധികളെ കൃത്യമായി ഗ്രേഡ് ചെയ്ത് മുന്നൊരുക്കം നടത്തുവാൻ യേശു ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ “വിശ്വാസമില്ലായ്മ”, “അല്പവിശ്വാസം”, “വലിയവിശ്വാസം” എന്നീ വാക്കുകൾ ഒക്കെ യേശു പറയുമ്പോൾ, നമ്മൾ ഊഹിക്കുന്നതിലേറെ യേശു ഉദ്ദേശിച്ചിരുന്നു എന്നു സുവ്യക്തമാകുന്നത്.

വലിയ മീനുകൾ ഒരിക്കലും ചെറുവലയിൽ കുടുങ്ങാറില്ല. അതിനു ശ്രമിക്കുന്നു എങ്കിൽ അത് പരിഹാസ്യവും ചിലപ്പോൾ അപകടകരവും ആകാം. ജീവിതത്തിലെ വലിയ തിന്മകളെ വലിയ പ്രതിസന്ധികളെ “ചെറിയ വിശ്വാസം” കൊണ്ട് തളയ്ക്കാനോ, തടുക്കാനോ ആകില്ല. അത് നടപ്പില്ല തന്നെ. നേരിടുന്ന തിന്മയ്ക്ക് തത്തുല്ല്യമായ ആത്മീയ തയ്യാറെടുപ്പ് (ഉപവാസവും പ്രാർത്ഥനയും ജാഗരണവും) നമ്മുടെ വിശ്വാസ ചോർച്ച തടയാൻ ഉപകരിക്കും. പ്രാർത്ഥനയ്ക്കിടയിലെ പലവിചാരം നേരിടുന്ന ലാഘവത്തോടെ, നമ്മിലെ പഴക്കം ചെന്ന തിന്മയുടെ പഴക്കങ്ങളെ നേരിടാൻ ആകില്ല. അതിനെ കെണിപ്പെടുത്താൻ രണ്ടിനും രണ്ടുതരം വലകൾ ആവശ്യമാണ്.

✦

2017 ഒക്ടോബർ 1

വചനഭാഷ്യം സ്ലീവാ മൂന്നാം ഞായർ

മത്താ. 15:21–28

റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ

# യേശുവിനെ 'തിരുത്തുന്ന' കാനാൻകാരി സ്ത്രീ

പരമ്പരാഗതമായി വിജാതിയരുടെ മേഖലയായി കണക്കാക്കപ്പെട്ടിരുന്ന ടയിർ, സീദോൻ പ്രദേശത്തേക്ക് യേശു വന്നത് പല കാരണങ്ങളാലാവാം. യേശുവിന്റെ പ്രബോധനങ്ങളോട് യഹൂദർക്കുള്ള എതിർപ്പ് (15:1–20); ജനങ്ങളുടെ വലിയ മുന്നേറ്റം (14:34–35); തനിച്ച് ഒരു വിജനസ്ഥലത്തായിരിക്കാൻ വേണ്ടിയുമാകാം. ആ പ്രദേശത്ത് താമസിച്ചിരുന്ന വിജാതിയരെ പുരാതന കാലം മുതൽ കാനാൻകാർ എന്നാണ് വിളിച്ചിരുന്നത്. യഹൂദരും വിജാതിയരും തമ്മിലുള്ള ബന്ധം മത്തായിയുടെ സമൂഹത്തിന് വളരെ വൈകാരികമായ പ്രശ്നമായിരുന്നു. മത്തായിയുടെ ക്രൈസ്തവ സമൂഹത്തിൽ ഭൂരിപക്ഷ അംഗങ്ങളും ജന്മം കൊണ്ട് യഹൂദരായിരുന്നു. എന്നാൽ ചിലർ ജന്മം കൊണ്ട് വിജാതിയരുമായിരുന്നു. യേശുവും കാനാൻകാരി സ്ത്രിയും തമ്മിലുള്ള സംഭാഷണം ക്രൈസ്തവസമൂഹത്തിൽ യഹൂദക്രൈസ്തവരും വിജാതിയ ക്രൈസതവരും ഒരുമിച്ച് പോകേണ്ടതിലേക്കുള്ള ഒരു വിശദീകരണമുണ്ട്. ഇസ്രായേലിന്റെ ദൈവത്തെ വിജാതീയർ സമീപിക്കുന്നത് യഹൂദനായ യേശുവിലൂടെയാണ്. രക്ഷാകര ചരിത്രത്തിൽ ഇസ്രായേൽ സമൂഹത്തിനുള്ള പ്രഥമ സ്ഥാനം ഈ ഭാഗത്ത് പറഞ്ഞു വയ്ക്കുന്നതോടൊപ്പം, ദൈവരാജ്യത്തിന്റെ വിരുന്നിനു വിജാതീയർക്കും സ്ഥാനമുണ്ടെന്ന കാര്യം ഉറപ്പിക്കുകയാണ് ചെയ്യുന്നത്. വിജാതീയർ ക്രൈസ്തവസമൂഹത്തിന്റെ ഭാഗമാകുന്നത് യേശുവിലുള്ള വിശ്വാസത്തിലൂടെയാണ്.

സ്ത്രീയുടെ മറുപടിയുടെ സൂചന എന്താണ്. നായ്ക്കളും അപ്പക്കഷ്ണങ്ങൾ തിന്നു തൃപ്തരാകുന്നുണ്ടല്ലോ. അവളുടെ വാക്കിന്റെ പിന്നിലെ പൊരുൾ ഇതാണ്. വിജാതിയരും യഹൂദരും ദൈവത്താൽ പോറ്റപ്പെടുന്നവരാണ്. അവൾ ക്രിസ്തുവിനെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദം ശ്രദ്ധിക്കുക – "കർത്താവെ" എന്ന് ആവർത്തിച്ച് വിളിക്കുന്നു (വാക്യം 22, 25, 27). ക്രൈസ്തവ സമൂഹം ഉത്ഥാനാനന്തരം യേശുവിനെ സംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്ന പദമാണല്ലോ ഇത്. സഭയുടെ ആരാധനാക്രമത്തെ ദ്യോതിപ്പിക്കുന്ന പ്രാർത്ഥനയാണ് ആ സ്ത്രിയുടെ അധരങ്ങളിൽ നിന്നുമുയരുന്നത്: "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ" (വാക്യം 22). യേശുവിന്റെ ഭാഗത്തുനിന്നും പോസറ്റീവല്ലാത്ത മറുപടി വന്ന

വചനധാര

പ്പോൾ ക്രൈസ്തവാരാധനയുടെ രീതിയാണ് വീണ്ടും അവൾ സ്വീകരിക്കുന്നത്. അവൾ പ്രണമിക്കുന്നു. യേശുവിലുള്ള വിശ്വാസത്തിന്റെയും ആരാധനയുടെയും അടയാളം. യേശു പറയുന്ന അവസാന വാക്കുകൾ സൂചിപ്പിക്കുന്നത് ആ സ്ത്രീയുടെ വിശ്വാസമാണ് അവളുടെ മകളെ സുഖപ്പെടുത്താൻ കാരണമാകുന്നത് എന്നു തന്നെയാണല്ലോ.

ഈ സംഭവം നല്കുന്ന ചില ചിന്തകൾ:

ആദിമ സഭാസമൂഹത്തിലെ മിഷൻ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന രീതിയിൽ യഹൂദരും വിജാതിയരും തമ്മിലുണ്ടായിരുന്ന സംഘർഷത്തിന്റെ മതിലുകൾ തകർക്കപ്പെട്ടു. ഇന്ന് തകർക്കപ്പെടേണ്ട മതിലുകൾ?

യഥാർത്ഥ അത്ഭുതം – വ്യക്തികളെ വേർതിരിക്കുന്ന അതിരുകളും മുൻവിധികളും ഇല്ലാതാക്കുക. ജാതിയുടെയും ലിംഗത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ വ്യക്തികളോടും ചില സമൂഹങ്ങളോടും കാണിക്കുന്ന വേർതിരിവും, വിവേചനവും ഇന്നും കാണുന്നില്ലേ?

ആ കാലഘട്ടത്തിൽ പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് നിലനിന്നിരുന്ന ദൈവശാസ്ത്രപരമായ നിലപാട് മത്തായി സുവിശേഷകൻ യേശുവിന്റെ അധരങ്ങളിലൂടെ അവതരിപ്പിക്കുന്നു. യേശുവിന്റെ തന്നെ പ്രവൃത്തിയിലൂടെ ആ നിലപാടു തിരുത്തുന്നു. ആ സ്ത്രിയിലൂടെ അവതരിപ്പിക്കപ്പെട്ട ദൈവശാസ്ത്രം ദൈവത്തിന്റെ രക്ഷയുടെ സാർവ്വത്രിക മാനം വെളിപ്പെടുത്തുന്നു. ദൈവകാരുണ്യത്തിന്റെയും മനുഷ്യന്റെ വിശ്വാസത്തിന്റെയും വഴിയിൽ യാതൊരു പാരമ്പര്യ ചിന്തകളും തടസ്സമായി നിന്നുകൂടാ. ദൈവത്തെ ദൈവശാസ്ത്രം കൊണ്ട് തളച്ചിടാൻ സാധിക്കില്ലായെന്ന് വ്യക്തമാകുന്നു.



**മത്താ 15:21 – 28** **2017 ഒക്ടോബർ 1**

# വചനസന്ദേശം

**റവ. ഫാ. മാർട്ടിൻ അടയന്ത്രത്ത്**

ചില സമയങ്ങളിൽ അവൻ കഠിനഹൃദയനായ പരിശീലകനെപ്പോലെ... (മത്താ. 15:21–28)

സെമിനാരി അവധിക്കാലത്ത് വീട്ടിലെത്തിയപ്പോൾ ഒപ്പം പഠിച്ചിരുന്ന ശ്രീജിത്തിനെ കണ്ടു. നാവികസേന പരിശീലനത്തിന്റെ ഭാഗമായി അവൻ അന്ന് കൊച്ചിയിലുണ്ട്. സംസാരിച്ചപ്പോൾ സേനാപരിശീലനത്തിന്റെ കഠിനതയെക്കുറിച്ചാണ് സംസാരിച്ചത് മുഴുവൻ. പരിശീലനകാര്യത്തെ കുറിച്ച് പറഞ്ഞതിൽ ഒരു കാര്യം എനിക്ക് കൗതുകകരമായി തോന്നി. മണിക്കൂറുകൾ നീണ്ട ഓട്ടത്തിനിടെ വെണ്ടുരുത്തി പാലത്തിനടുത്തെത്തിയ അവരെ ഉടൻ കായലിലേക്ക് ചാടാൻ നിർബന്ധിച്ചു. ചില ട്രെയിനർമാർ അങ്ങനെയാണ്! ഓട്ടം കഴിയാറായി വിശ്രമത്തിനു കൊതിക്കുന്നവരെ അപ്രതീക്ഷിതമായി

കായലിൽ ചാടിക്കുന്നതെന്തിനാണ്? ഓട്ടത്തെക്കാൾ കൂടുതൽ കായിക ക്ഷമത ആവശ്യമുള്ള നീന്തലിന് അവരിൽ പലർക്കും അപ്പോൾ ആവതുണ്ടായിരുന്നില്ല. പക്ഷെ നീന്താൻ കഴിയാത്തവരെ സഹായിക്കാൻ ലൈഫ് ബോട്ടുകൾ നേരത്തെ തയ്യാറായിരുന്നു. നീന്താൻ സാധിക്കുന്നവർ നീന്തി. അല്ലാത്തവരെ ലൈഫ് ബോട്ടുകൾ സഹായിച്ചു. നാവിക പോരാളികളുടെ സ്റ്റാമിന വർദ്ധിപ്പിക്കാനുള്ള പദ്ധതികളുടെ ഭാഗമാണിത്. പോരാളി എന്നും നിലയ്ക്കാത്ത ഊർജ്ജവുമായി നിലകൊള്ളണം. അതിനുള്ള പരിശീലന പദ്ധതികൾ അപ്രതീക്ഷിതവും വ്യത്യസ്തവും ആകാം. അതിനു ട്രെയിനറെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. ഇന്നത്തെ സുവിശേഷം യേശുവിനെ ഒരു പരിശീലകനായാണ് അവതരിപ്പിക്കുന്നത്; കഠിന വിശ്വാസ പരിശീലന പദ്ധതികൾ അപ്രതീക്ഷിതമായി പ്രയോഗിക്കുന്ന ഒരു പരിശീലകൻ.

മൂന്നു ഘട്ടങ്ങളിലായാണ് യേശുവിന്റെ പദ്ധതി വ്യക്തമാകുന്നത്. ആദ്യം കാനാൻകാരിയുടെ കണ്ണീരിനോടും അപേക്ഷകളോടും പൂർണ നിശബ്ദതയാണ് യേശു പുലർത്തുന്നത്. ചില നിമിഷങ്ങളിൽ മോശം വാക്കുകളെക്കാൾ ഹീനമാകും നിശബ്ദത. ശിഷ്യർക്കുപോലും ആ നിശബ്ദത അത്രമേൽ അവഗണനയെന്നു തോന്നി. “നീ അവളെ പറഞ്ഞയച്ചാലും. അവൾ പിറകെ വന്നു നിലവിളിക്കുന്നല്ലോ” എന്നവർ സങ്കടപ്പെടുന്നുണ്ട്. ശിഷ്യരെ പോലും സങ്കടത്തിലാഴ്ത്തിയ കാനാൻകാരിയുടെ ഭാവങ്ങൾ കണ്ട് കരുണയുടെ തമ്പുരാന് അലിവ് തോന്നിയില്ല എന്നു കരുതുന്നത് അബദ്ധമാണ്. നിലമറന്നുള്ള നിലവിളിയിലും അപേക്ഷയിലും യേശു അവളുടെ ഉള്ള് അളന്നു. അവളുടെ ഉള്ളിൽ തിളക്കുന്ന വിശ്വാസത്തിന്റെ അഗ്നിപർവ്വതം അവൻ കണ്ടു. അവളറിയാതെ അവൾക്കായും ചുറ്റുമുള്ളവർക്കായും ഒരു പദ്ധതി മെനയപ്പെടുകയാണ്.

നമ്മുടെ യാചനകളോടുള്ള ദൈവത്തിന്റെ നിശബ്ദതയെ പലതരത്തിൽ അടയാളപ്പെടുത്തുന്നവരും അധിക്ഷേപിക്കുന്നവരും ഇന്നുണ്ട്. പക്ഷെ കാനാൻകാരി ദൈവിക നിശബ്ദതയുടെ പൂട്ടുകൾ പൊളിക്കുന്നതിനുള്ള താക്കോലായി നമുക്കു മുന്നിലെത്തുന്നു.

പരിശീലന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഇസ്രയേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കുള്ളവനാണ് താൻ എന്നു പറഞ്ഞാണ് സൗഖ്യം തടയുന്നത്. അവളുടെ വിശ്വാസതീക്ഷ്ണതയുടെ ആ ചൂടുകൊണ്ട് യേശു ചുറ്റുമുള്ളവരുടെ വിശ്വാസബോധ്യങ്ങളെ പൊള്ളിക്കാൻ പോകുകയാണ്. വേവുന്നതും വേദനിക്കുന്നതും കാനാൻകാരി ആണെങ്കിലും അവളുടെ നാണവും മാനവും തന്നെ യാചനകളിലൂടെ തകർന്നുടയേണ്ടത് വിശ്വാസബോധ്യങ്ങളെ അറുന്നൂറിനടുത്ത് എണ്ണം പറഞ്ഞ അനുഷ്ഠാനങ്ങളിലേക്ക് ചുരുക്കി അതിൽ അഹങ്കരിക്കുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും പൊള്ളയായ നിലപാടുകൾ കൂടി ആയിരിക്കണം എന്ന് യേശു ആഗ്രഹിക്കുന്നു.

നമ്മുടെ ജീവിതത്തിലും ഇങ്ങനെയൊക്കെ തന്നെയല്ലേ? ഇല്ലായ്മ

വചനധാര

യിലും സഹനത്തിലും വല്ലാതെ ഉരുകി വിശ്വാസം ജീവിക്കുന്ന ചില സാക്ഷ്യ ങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ (അത് വീഡിയോ, ഓഡിയോ ക്ലിപ്പുകളോ ധ്യാനകേന്ദ്രങ്ങളിലെ സാക്ഷ്യങ്ങളോ ആകട്ടെ) നാണം കെടുന്നത് നമ്മുടെ നാമമാത്രമായ ഞായറാഴ്ച ആചരണങ്ങൾ തന്നെയാണ് എന്നാണ് എന്റെ വിചാരം. ചിലരുടെ വിശ്വാസാന്വേഷണ പരീക്ഷണങ്ങൾ മറ്റുള്ളവർക്ക് മിന്നലാഘാതശേഷിയുടെ ബോധോദയങ്ങൾ ആയി മാറാൻ കാരണമാകാറുണ്ട് എന്നത് ഒരു സത്യമാണ്.

വീണ്ടും വീണ്ടും തള്ളപ്പെടുന്നതിൽ തളരാതെ പ്രണമിച്ച് നിലവിളി ക്കുന്ന കാനാൻകാരിയോട് "പറയരുതാത്തത് പറയുന്നു" യേശു. "മക്കളുടെ അപ്പം നായ്ക്കുള്ളതല്ലെന്ന്". ഹൈജംപ് പരിശീലനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഓരോ പ്രാവശ്യവും നിശ്ചിത ഉയരങ്ങൾ കളിക്കാരൻ ചാടി കടക്കുമ്പോൾ, ട്രെയ്നർ ഒരു വെല്ലുവിളി മാതിരി പിന്നെയും ഹർഡിൽ ഉയർത്തി വച്ചു കൊടുക്കുന്നത് കാണാം. അത് ചാടുന്ന ആളോടുള്ള വിരോധമല്ല. ഒരു പരിധിവരെ ചാട്ടക്കാരനിലുള്ള വിശ്വാസമാണ്. കാനാൻകാരിയുടെ വിശ്വാസ ത്തിന്റെ ആഴം കണ്ട യേശുവിന്റെ പ്രവൃത്തിയും സമാനമാണ്. അവളുടെ വിശ്വാസം ഏതു പ്രതിബന്ധങ്ങളെയും മറികടക്കുമെന്ന് ഉറപ്പായിരുന്നു. യേശു ഉയർത്തിയ മൂന്നാംവട്ട ഹർഡിലും തകർത്തുകൊണ്ട് അവൾ പറഞ്ഞു "നായ്ക്കൾക്ക് യജമാനന്മാരുടെ മേശയിൽ നിന്ന് വീഴുന്നവ കിട്ടുന്നുണ്ടല്ലോ എന്ന്". പൊടുന്നനെ ആഹ്ലാദം കൊണ്ട് പൊട്ടിത്തെറിച്ചത് യേശുവാണ്. സാക്ഷ്യം പറയുന്നതും അവിടുന്നുതന്നെ. നായയെന്നു വിളിച്ച നാവുകൊണ്ട് (പരി. അമ്മയോട് യേശു പറയുന്ന പദം) "സ്ത്രീയേ" എന്നു വിളിച്ചാണ് അവളുടെ വിശ്വാസത്തെ യേശു ബഹുമാനിക്കുന്നത്.

ഓരോരുത്തരുടെയും ജീവിതത്തിലെ വിശ്വാസത്തെ ഉണർത്തുന്ന തിനും വളർത്തുന്നതിനും വിശുദ്ധീകരിക്കുന്നതിനും യേശുവിന് യേശുവിന്റേ തായ വഴികൾ ഉണ്ട്. He is like tough trainer in our life പരമ്പരാഗതവഴി വിട്ടു നടക്കുന്ന യേശുവിനെ ഈ സംഭവത്തിൽ കാണാം. നമുക്കത് കഠിന മായി തോന്നാം. എന്നിലെ വിശ്വാസത്തിന്റെ അളവും അതിന്റെ പരിധിയും കാണുന്ന ഈശോ എന്നോട് അൽപം കൂടുതൽ ക്ഷമയും വിശ്വാസക്ഷമത യും ആവശ്യപ്പെട്ടാൽ അതിൽ ഇത്ര പരിഭവിക്കാനെന്തുണ്ട്? എന്നെ മെന ഞ്ഞവനറിയാം എന്റെ കഴിവും കുറവും നിനക്കു പറ്റാവുന്നതിൽ അധികമുള്ള സഹനങ്ങൾ നിനക്കു തരികില്ല എന്ന് വി.പൗലോസും ഉറപ്പു പറയുന്നുണ്ട്.

ചിലപ്പോൾ എനിക്കായുള്ള വിശ്വാസ പരീക്ഷണങ്ങൾ (അതോ പരിശീലന പദ്ധതിയോ) എന്നെക്കാളും എന്റെ ചുറ്റുമുള്ളവർക്കു കൂടി നൽകാനുദ്ദേശിച്ച ബോധോദയങ്ങളാകാനും മതി. അവിടെയാണ് യേശു വിന്റെ പദ്ധതി പൂർണ വിജയത്തിലെത്തുക. ആ പദ്ധതികളെ നമ്മളായി പരാജയപ്പെടുത്തിക്കൂടാ!

✦

2017 ഒക്ടോബർ 8

വചനഭാഷ്യം മോശ ഒന്നാം ഞായർ

മത്താ. 20:1–6 റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ

# ദൈവീക നീതിയുടെ യുക്തി

ഈ ഉപമയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്: 1. ജോലിക്കാരെ എടുക്കുന്നത് (1–7) 2. അവർക്ക് വേതനം കൊടുക്കുന്നത് (8–15)

യേശുവിന്റെ ഉപമയിൽ മുന്തിരിത്തോട്ടം ഇസ്രായേൽ സമൂഹമായി കണക്കാക്കാം. ഇതിനോട് ചേർന്നു പോകുന്നതാണ് വിളവെടുപ്പ്. അവസാന വിധിയെയാണ് അത് സൂചിപ്പിക്കുന്നത്. വിളവെടുപ്പ് കാലത്ത് ജോലിക്കാരെ കരാറിനെടുക്കുകയെന്നത് സാധാരണമാണ്. ഈ ഉപമയിലെ യുഗാന്ത്യോന്മുഖമായ ഘടകത്തെയും ഇത് സൂചിപ്പിക്കുന്നു. കരാർ ഉറപ്പിച്ചിരിക്കുന്ന ഒരു ദനാറ വേതനം ഒരു ദിവസത്തെ കൂലിയാണ്. ദിവസകൂലിക്കാരാണ് കരാറിൽ ഏർപ്പെടുന്ന ജോലിക്കാർ. മൂന്നാം മണിക്കൂർ എന്നു പറഞ്ഞാൽ രാവിലെ 9 മണിയാണ്. അതനുസരിച്ച് ആറാം മണിക്കുറും ഒൻപതാം മണിക്കൂറും 12 ഉം ഉച്ചകഴിഞ്ഞു 3 മണിയും സൂചിപ്പിക്കുന്നു. പതിനൊന്നാം മണിക്കൂർ വൈകുന്നേരം 5 മണിയാണ്. ആദ്യത്തെ ഗ്രൂപ്പായിട്ട് മാത്രമാണ് കരാറിൽ ഏർപ്പെടുന്നത്. ബാക്കിയെല്ലാവരോടും ന്യായമായ വേതനം നൽകാമെന്നേ പറയുന്നുള്ളു. ന്യായമായത് എന്ത് എന്ന ചോദ്യം ഇതുയർത്തുന്നു. വീട്ടുടമസ്ഥന്റെ നീതിബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് നിർണ്ണയിക്കപ്പെടുന്നത്.

മത്തായിയുടെ സമൂഹത്തിൽ നിലനിന്നിരുന്ന നീതിബോധത്തെയും മൂല്യക്രമത്തെയും വെല്ലുവിളിക്കുന്ന ഉപമയാണിത്. ആദ്യം വന്നവരെ മത്തായിയുടെ സമൂഹത്തിലെ ആദ്യകാല ക്രൈസ്തവരെയും അവസാനം വന്നവരെ പിൽക്കാല ക്രൈസ്തവരായും കണക്കാക്കുന്നവരുണ്ട്. ആദ്യം വന്ന ജോലിക്കാരായിട്ട് യഹൂദ ക്രൈസ്തവരെയും അവസാനം വന്നവരെ വിജാതീയരായും മറ്റു ചിലർ പരിഗണിക്കുന്നു. വിജാതീയർക്കും യഹൂദർക്കും തുല്യത കല്പിച്ചതിലുള്ള ഒരു കൂട്ടരുടെ അഭിപ്രായ വ്യത്യാസത്തെയാകാം ഈ ഉപമയിലൂടെ മത്തായി അതിജീവിക്കാൻ ശ്രമിക്കുന്നത്. അവസാനം വന്നവരെ ഞങ്ങളോട് തുല്യരാക്കിയല്ലോയെന്നതിലാണ് അവരുടെ പരാതി. ആദ്യം വന്നവർക്ക് നീതിയായിട്ടുള്ളത് ലഭിച്ചു. അവസാനം വന്നവർക്ക് ലഭിച്ചത് കൃപമൂലമാണ്. അവസാനം വന്നവർക്കും കൃപാപൂർവ്വം നല്കാനുള്ള വീട്ടുടമസ്ഥന്റെ നിലപാടിനെയാണ് അവർ എതിർക്കുന്നത്. ദൈവകൃപയ്ക്കുവേണ്ടി ആർക്കും വാദിക്കാനാകില്ല. ദൈവത്തിന്റെ കൃപ കണക്കു

പറഞ്ഞു വാങ്ങാനാകില്ല, നമ്മുടെ ഇച്ഛയ്ക്കനുസരിച്ചല്ല ദൈവം നല്കുന്നത്.



**മത്താ. 20:1–16** **2017 ഒക്ടോബർ 8**

# വചനസന്ദേശം

**റവ. ഫാ. ജിന്റോ പടയാട്ടി**

'സ്വർഗരാജ്യത്തി'ന്റെ വിവിധ അർത്ഥതലങ്ങൾ വെളിപ്പെടുത്തുന്നതാണ് വി. മത്തായിയുടെ സുവിശേഷം. മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കുന്ന ഉടമസ്ഥനോട് സ്വർഗരാജ്യത്തെ സാദൃശ്യപ്പെടുത്തിയിരിക്കുന്ന വചനഭാഗമാണ് ഇന്നത്തെ വിചിന്തനഭാഗം. 'സ്വർഗരാജ്യം' എന്ന പദം മത്തായിയുടെ സുവിശേഷത്തിൽ മാത്രമാണ് കാണപ്പെടുന്നത്. 'ദൈവരാജ്യം' എന്ന സമാനപദമാണ് മറ്റു പുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്.

"മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3:2) എന്ന സ്നാപകയോഹന്നാന്റെ പ്രഭാഷണത്തോടെയാണ് സ്വർഗരാജ്യത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ മത്തായി ശ്ലീഹാ ആരംഭിക്കുന്നത്. യേശു തന്റെ ദൗത്യം ആരംഭിക്കുന്നതും ഇതേ വചനങ്ങൾ (മത്താ. 4:17) ആവർത്തിച്ചുകൊണ്ടാണ്. ആത്മാവിൽ ദരിദ്രർ ആയവർക്കും (മത്താ. 5:3) നീതിക്കുവേണ്ടി പീഡനമേൽക്കുന്നവർക്കും (മത്താ. 5:10) തന്റെ ഗിരിപ്രഭാഷണത്തിലൂടെ സ്വർഗരാജ്യം അവകാശമായി നൽകി. യേശു തന്റെ ശിഷ്യർക്കു നൽകുന്ന ആദ്യ ഉത്തരവാദിത്വം സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ. 10:7) എന്ന് പ്രസംഗിക്കാനാണ്.

കടുകുമണിയുടെയും പുളിമാവിന്റെയും (മത്താ. 13:31–33), നിധിയുടെയും രത്നത്തിന്റെയും വലയുടെയും (മത്താ. 13:44–47) ഉപമകളിലൂടെ സ്വർഗരാജ്യത്തിന്റെ ആഴവും പരപ്പും നമുക്ക് മനസ്സിലാക്കിത്തരുന്നു. തന്റെ സേവകന് കടം ഇളച്ചുകൊടുക്കുന്ന കരുണയുള്ള രാജാവും (മത്താ. 18:23), പുത്രനുവേണ്ടി വിവാഹവിരുന്നൊരുക്കി കാത്തിരിക്കുന്ന ഭരണാധികാരിയും (മത്താ. 22:2), വിളക്കു കൊളുത്തി മണവാളനെ കാത്തിരുന്ന കന്യകമാരും (മത്താ. 25:1) സ്വർഗരാജ്യത്തിന്റെ വിവിധ മാനങ്ങൾ ഉൾക്കൊള്ളുന്ന പഠനവിഷയങ്ങൾ ആണ്.

വേലക്കാരെ അന്വേഷിച്ചിറങ്ങുന്ന വിളവിന്റെ നാഥനായ ദൈവത്തിന്റെ മുഖമാണ് – വീട്ടുടമസ്ഥനിൽ ദർശിക്കാനാവുക. എല്ലാവരോടും ജോലി ചെയ്യാനായി ആഹ്വാനം ചെയ്യുന്ന വീട്ടുടമസ്ഥൻ, സ്വർഗരാജ്യം നേടണമെങ്കിൽ അലസത വെടിഞ്ഞു അധ്വാനിക്കണമെന്ന വസ്തുത വ്യക്തമാക്കുന്നു. അലസരായി അലഞ്ഞുതിരിയാതെ ദൈവവിളിക്ക് കാതോർക്കാൻ സാധിക്കണം.

വചനധാര

ഓരോ ദനാറ, എല്ലാ ജോലിക്കാർക്കും വേതനമായി കിട്ടിയപ്പോൾ പകലിന്റെ ചൂടും അധ്വാനവും സഹിച്ച, ആദ്യമണിക്കൂറിൽ വന്നവർക്ക് സഹിക്കാൻ കഴിഞ്ഞില്ല. അർഹതപ്പെട്ടത് ലഭിച്ചെങ്കിലും അവസാനം വന്നവരോട് തങ്ങളെ തുല്യരാക്കി എന്നോർത്ത് അവർ പിറുപിറുക്കുകയും അസൂയപ്പെടുകയും ചെയ്യുന്നു. സ്വർഗരാജ്യത്തിന്റെ യഥാർത്ഥ സന്തോഷം അനുഭവിക്കാൻ സാധിക്കാത്തവരാണ് അവർ. വീട്ടുടമസ്ഥന്റെ അനീതി യില്ലാത്ത പ്രവൃത്തി (മത്താ. 26:13) ദൈവത്തിന്റെ നീതിപൂർവ്വകമായ ഇട പെടലിനെ വ്യക്തമാക്കുന്നു. ദൈവത്തിന്റെ ഉദാരത, മനുഷ്യന്റെ കണക്കു കൂട്ടലുകൾക്കും പദ്ധതികൾക്കും അതീതമാണ്. നീതിപൂർവ്വകമായ പ്രവൃ ത്തിയാണ് സ്വർഗ്ഗപ്രവേശനത്തിനുള്ള 'താക്കോൽ' എന്നു പറയുന്നത്. നീതിനിഷ്ഠമായ പ്രവൃത്തിയിലൂടെ സ്വർഗപ്രവേശനത്തിനുള്ള വിളിക്കായ് ക്ഷമയോടെ കാത്തിരിക്കാൻ നമുക്ക് സാധിക്കണം.

നിത്യതയെ ലക്ഷ്യമാക്കി ജീവിക്കുന്നതിന്റെ പൊരുളാണ് ഉപമയുടെ കാതലായി ഇവിടെ അവതരിപ്പിക്കുന്നത്. അവസാന മണിക്കൂർ വരെ വേല ക്കാർ പ്രതീക്ഷയോടെ ചന്തസ്ഥലത്ത് കാത്തിരുന്നു എന്നതാണ് അവരെ അനുഗ്രഹീതരാക്കിയത്. ഉടമസ്ഥൻ വരുന്നതുവരെയുള്ള കാത്തിരിപ്പിനെ അർത്ഥമുള്ളൂ. നമ്മിൽ പലരും അവസാനം വരെ കാത്തിരിക്കാൻ മടി കാണിക്കാത്തതുകൊണ്ടാണ് നിരാശരും ദുഃഖിതരുമായിരിക്കുന്നത്. രക്ഷകൻ വരുന്ന നാളുവരെ പ്രതീക്ഷയോടെ കാത്തിരിക്കാനുള്ള ആഹ്വാന മാണ് ഈ ഉപമ. അർഹതപ്പെട്ടത് നമുക്ക് ദൈവത്തിൽ നിന്നും ലഭിച്ചിട്ടും ദൈവത്തിനെതിരെ പിറുപിറുക്കുന്ന സമീപനമാണ് നമ്മുടേത്. നൽകപ്പെട്ട അനുഗ്രഹങ്ങളിൽ സംതൃപ്തരായ് ജീവിക്കാതെ അപരന്റെ സമൃദ്ധിയിൽ അസൂയപ്പെടുന്ന ആധുനിക സംസ്കാരം യഥാർത്ഥ സന്തോഷവും സമാധാ നവും നമുക്ക് പ്രദാനം ചെയ്യുന്നില്ല. ദൈവത്തിന്റെ ഉദാരതയിലും അപരന്റെ നന്മയിലും സന്തോഷിക്കാൻ സാധിച്ചാൽ മാത്രമേ സ്വർഗരാജ്യത്തിലെ യഥാർത്ഥ വേലക്കാരായ് പരിലസിക്കാൻ നമുക്ക് സാധിക്കൂ.

അതുകൊണ്ട് ജാഗരൂഗതയോടെ അലസതയെ മറികടന്ന് ഉണർന്നു പ്രവർത്തിക്കുന്നവരായ് നമുക്ക് മാറാം. ശിശുക്കളുടേയുപോലെ പിറുപിറു ക്കാത്ത, അസൂയപ്പെടാത്ത, താരതമ്യപഠനം നടത്താത്ത ഒരു ഹൃദയം നമുക്ക് സ്വന്തമാക്കാം (മത്താ. 19:14) ദൈവരാജ്യത്തിന്റെയും ദൈവസ്നേഹ ത്തിന്റെയും പ്രഘോഷകരായി നമുക്ക് മാറാം. ✦

2017 ഒക്ടോബർ 15

വചനഭാഷ്യം മോശ രണ്ടാം ഞായർ

**ലൂക്കാ 8:41–56** **റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ**

# വിശ്വസിക്കുന്നവർക്ക് വിമോചനം

കൊടുങ്കാറ്റിനെ ശാന്തമാക്കിക്കൊണ്ട് പ്രകൃതിശക്തികളുടെമേലുള്ള യേശുവിന്റെ അധികാരവും (8:22–25) പിശാചുബാധിതനെ സുഖപ്പെടുത്തിക്കൊണ്ട് പൈശാചിക ശക്തികളുടെമേലുള്ള അധികാരവും (8:26–39) അവതരിപ്പിച്ചതിനുശേഷം സുവിശേഷകൻ അവതരിപ്പിക്കുന്ന രണ്ടു സംഭവങ്ങളാണ് ഇന്ന് നാം വായിക്കുന്നത്. സൗഖ്യം നല്കിക്കൊണ്ട് രോഗത്തിന്മേലും ജയ്റോസിന്റെ മകളെ പുനർജ്ജീവിപ്പിച്ചുകൊണ്ട് മരണത്തിന്മേലും യേശുവിനുള്ള അധികാരം വെളിപ്പെടുത്തുന്നു.

ഈ രണ്ടു സംഭവങ്ങളിലും ആചാരശുദ്ധിയുടെ നിയമങ്ങളെല്ലാം അവഗണിച്ചുകൊണ്ടാണ് യേശു പ്രവർത്തിക്കുന്നത്. രക്തസ്രാവക്കാരി സ്ത്രീയുടെ സ്പർശനം നിയമപ്രകാരം (ലേവ്യ 15:25–31) യേശുവിനെ അശുദ്ധനാക്കേണ്ടതാണ്. മൃതശരീരത്തെ സ്പർശിക്കുന്നതും അശുദ്ധിക്ക് കാരണമാകും. എന്നാൽ സൗഖ്യം പകരാൻ. ജീവൻ നല്കാൻ, വ്യക്തികളെ അവരുടെ സമഗ്രതയിലേക്ക് കൊണ്ടു വരാൻ യേശു തന്റെ കരങ്ങൾ നീട്ടുകയാണ്. അശുദ്ധരായ വ്യക്തികളിലേക്ക് നീട്ടപ്പെട്ട യേശുവിന്റെ കരങ്ങൾ പോലെ ആരെയും മാറ്റി നിർത്താതെ സുവിശേഷം എല്ലാവരിലേക്കും എത്തിക്കുകയെന്ന ഉത്തരവാദിത്വം നമുക്കുണ്ട്. സമൂഹത്തിനു ജീവൻ പകരുന്നതാകണം, സുവിശേഷം. പ്രതീക്ഷ കൊടുക്കുന്നതാകണം. സന്തോഷം നല്കുന്നതാകണം.

പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ സ്ത്രീയാണ് ആദ്യത്തേത്. പന്ത്രണ്ടു വയസ്സോളം പ്രായമുള്ള ബാലികയാണ് മരിച്ചിരിക്കുന്നത്. രണ്ടു സാഹചര്യങ്ങളും പ്രതീക്ഷയില്ലാത്തതാണ്. ആ സാഹചര്യത്തിലാണ് യേശുവിന്റെ സാന്നിദ്ധ്യവും വാക്കും ജീവൻ പകരുന്നത്.

ആദ്യത്തെ സംഭവത്തിൽ "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നാണ് യേശുവിന്റെ പ്രതികരണം. രണ്ടാമത്തെ സംഭവത്തിൽ സിനഗോഗധികാരിയോട് യേശു പറയുന്നത് "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക, അവൾ സുഖം പ്രാപിക്കും" എന്നാണ്. രക്ഷാകരമായ വിശ്വാസമാണ് പ്രധാനം.

രണ്ടു സംഭവങ്ങളിലും രക്ഷിക്കപ്പെട്ട വ്യക്തി സമൂഹത്തിലേക്ക് പുനഃ

പ്രവേശിക്കുകയാണ്. ബാലികയെ മാതാപിതാക്കൾക്ക് ഏല്പിക്കുന്നതുവഴി, കുടുംബത്തിലേക്ക് തിരിച്ചു കിട്ടുന്നു. രക്തസ്രാവം മൂലം ശുദ്ധാശുദ്ധി നിയമങ്ങളുടെ വെളിച്ചത്തിൽ സമൂഹത്തിൽ നിന്നും അകറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീയും സമൂഹത്തിന്റെ ഭാഗമായിത്തീരുന്നു.

സമൂഹത്തിൽ നിന്നും അകന്നു നില്ക്കേണ്ടവൾ ജനക്കൂട്ടത്തിനിടയിലൂടെ വന്ന് യേശുവിന്റെ വസ്ത്രതുമ്പിൽ സ്പർശിക്കുവാൻ കാണിച്ച വിശ്വാസ ധീരത ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ട് സ്പർശിച്ചുവെന്നും എങ്ങനെ അവൾ സുഖപ്പെട്ടുവെന്നും പ്രഖ്യാപിക്കുവാൻ അവൾ ശക്തയായി തീരുന്നു. അവളെ യേശു ശക്തയാക്കുന്നു.



**ലൂക്കാ 8:41–56** **2017 ഒക്ടോബർ 15**

# വചനസന്ദേശം

**റവ. ഡീക്കൻ കടൂക്കുന്നേൽ സോണി**

നമ്മുടെ ജീവിതത്തിൽ കഷ്ടപ്പാടുകളും ദുരിതങ്ങളും ഉണ്ടാകുമ്പോൾ നാം ഒത്തിരിയേറെ പ്രാർത്ഥിക്കുന്നു. തീർത്ഥാടന കേന്ദ്രങ്ങളിൽ പോയി തിരി കത്തിക്കുന്നു, ധ്യാനകേന്ദ്രങ്ങൾ മാറിമാറി പരീക്ഷിക്കുന്നു, നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചുകിട്ടാൻ നേർച്ചകൾ നേരുന്നു. ഇത്തരം സാഹചര്യങ്ങളിൽ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് ഇന്നത്തെ സുവിശേഷ ഭാഗം വ്യക്തമാക്കിത്തരുന്നു.

1. സ്വാർത്ഥമോഹങ്ങൾക്കു വേണ്ടിയല്ല, യഥാർത്ഥ ആവശ്യങ്ങൾക്കു വേണ്ടിയാണ് സിനഗോഗാധികാരിയായ ജായ്റോസും രക്തസ്രാവക്കാരി സ്ത്രീയും യേശുവിനെ സമീപിക്കുന്നത്. “ചോദിച്ചിട്ടും നിങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ അതു നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്താൻ നിങ്ങൾ തിന്മയായിട്ടുള്ളത് ചോദിച്ചതുകൊണ്ടാണ്” (യാക്കോബ് 4:3). ജായ്റോസിന്റെ ഏകപുത്രിയാണ് മരണാസന്നയായി കിടക്കുന്നത്. തനിക്കു വേണ്ടിയല്ല, തന്റെ പുത്രിക്കുവേണ്ടിയാണ് ജായ്റോസ് വന്നിരിക്കുന്നത്. രക്തസ്രാവക്കാരി സ്ത്രീ 12 വർഷമായി തനിക്കുള്ളതെല്ലാം ചെലവഴിച്ചു സൗഖ്യം തേടുന്നു. ഈ രോഗം മൂലം അശുദ്ധമായതിനാൽ അവൾക്ക് സമൂഹത്തിൽ നിന്ന് അകന്നു കഴിയേണ്ടിവരുന്നു. അവളുടെ രോഗം മാറുന്നതിലൂടെ ആത്മീയമായും അവൾ സൗഖ്യം പ്രാപിക്കുന്നു. കാരണം മനഃസമാധാനത്തോടെ ഒരു സാധാരണ ജീവിതം നയിക്കാൻ അവൾ പ്രാപ്തയാകുന്നു. അറ്റുപോയ ബന്ധങ്ങൾ കൂട്ടിച്ചേർക്കാൻ സാധിക്കുന്നു.

2. യേശുവിനെ സകലത്തിന്റെയും മേൽ അധികാരമുള്ളവനായി കണ്ടുകൊണ്ട് തങ്ങളെത്തന്നെ അവർ എളിമപ്പെടുത്തുന്നു.

വചനധാര

പല നിയമജ്ഞർക്കും ദേവാലയത്തിലെ പ്രമാണിമാർക്കും യേശുവിനോട് എതിർപ്പുള്ള സാഹചര്യത്തിലാണ് ഈ സിനഗോഗധികാരി യേശുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തന്റെ സ്ഥാനത്തിന്റെ മഹിമ കണക്കാക്കാതെ ജനക്കൂട്ടത്തിന്റെ മുൻപിൽ വച്ച് യേശുവിന്റെ കാൽക്കൽ വീഴുന്നത്. നിലത്തുമുട്ടി നിന്നിരുന്ന അവിടുത്തെ അങ്കിയുടെ അറ്റത്ത് തൊടാൻ രക്തസ്രാവക്കാരി സ്ത്രീ പൂഴിയോളം തന്നെത്തന്നെ താഴ്ത്തുന്നു. "അങ്ങല്ലാതെ മറ്റൊരു തുണയില്ലാത്ത ഏകയായ എന്നെ സഹായിക്കണമേ" (എസ്തേർ 14:3) എന്ന എസ്തേറിന്റെ പ്രാർത്ഥന തന്നെയാണ് അവളുടെ ഹൃദയത്തിലെ പ്രാർത്ഥന. ദൈവത്തെ ദൈവമായി കണ്ട് ദൈവത്തിലുള്ള ഏകപ്രത്യാശ ഏറ്റുപറയുന്ന പ്രാർത്ഥനയാണ്. മറ്റൊരു പ്രാർത്ഥനയാണ് സ്തുതിപ്പ്. ദാനിയേലിന്റെ പുസ്തകത്തിൽ രാജാവിനെ ആരാധിക്കാൻ വിസമ്മതിച്ചതുമൂലം അഗ്നികുണ്ഡത്തിലേക്കെറിയപ്പെട്ട മൂന്ന് യുവാക്കന്മാർ ആദ്യം ചെയ്യുന്നത് ദൈവത്തെ സ്തുതിക്കുക എന്നതാണ്. സാധാരണ നമുക്ക് എന്തെങ്കിലും അപകടമോ അനർത്ഥമോ ഉണ്ടാകുമ്പോൾ നമ്മൾ ചിലപ്പോൾ ദൈവത്തെ കുറ്റപ്പെടുത്താറുണ്ട്. എന്നാൽ തീയിലകപ്പെട്ട യുവാക്കൾ ഇതിന് വിപരീതമായി "ഞങ്ങളോടു ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളിലും അങ്ങ് നീതിമാനാണ്; അങ്ങ് ഉചിതമായ വിധി നടത്തി" (ദാനിയേൽ 3:4,5) എന്നു പറയുന്നു. അവർ അവരുടെ പിതാക്കന്മാരും പാപികളായിരുന്നുവെന്ന് എളിമയോടെ അംഗീകരിക്കുന്നു. "ഞങ്ങൾ നിയമം ലംഘിച്ചു പാപത്തിൽ മുഴുകി, അങ്ങയിൽ നിന്ന് അകന്നുപോയി" (ദാനിയേൽ 3:6). അനുതാപമുള്ള ഹൃദയത്തോടെ യാചനകൾ അർത്ഥിക്കുന്നു: "പശ്ചാത്താപ വിവശരായ ഹൃദയത്തോടും വിനീത മനസ്സോടും കൂടെ അങ്ങയെ സമീപിക്കുന്ന ഞങ്ങളെ സ്വീകരിക്കണമേ" (ദാനിയേൽ 3:16).

3. വിശ്വാസത്തിന്റെ വിശുദ്ധമായ സാഹസികത (holy daring) പ്രകടിപ്പിക്കുന്നു.

മകൾ മരിച്ചുപോയി എന്നറിഞ്ഞിട്ടുപോലും ജായ്റോസ് ക്ഷമയോടെ യേശുവിന്റെ വാക്കു വിശ്വസിക്കുന്നു. യേശുവിന്റെ കൂടെ ഭവനത്തിൽ തിരിച്ചുചെല്ലുമ്പോൾ എല്ലാവരും യേശുവിനെ പരിഹസിക്കുമ്പോഴും വിശ്വാസം കൈവിടാതെ യേശുവിനോടു ചേർന്നുനിൽക്കുന്നു. വിശ്വാസമില്ലാത്തവരുടെ ഇടയിൽ ഏകനായി നിന്ന് വിശ്വാസം ഏറ്റുപറയുന്നവരുടെ പ്രതീകമാണ് ഈ മനുഷ്യൻ. രക്തസ്രാവക്കാരി സ്ത്രീക്ക് പൊതുസ്ഥലത്തുവച്ച് യേശുവിനോട് തന്റെ ആവശ്യം ഉണർത്തിക്കാൻ സാധിക്കുമായിരുന്നില്ല. കാരണം അവളുടെ അശുദ്ധിമൂലം പൊതുസ്ഥലത്ത് ആയിരിക്കുന്നത് നിയമലംഘനമായി കണക്കാക്കപ്പെടുമായിരുന്നു. പാപിനിയായ സ്ത്രീ, ഫരിസേയനായ ശിമയോന്റെ വീട്ടിൽ (പുറത്താക്കപ്പെടുമോ എന്ന ഭയമില്ലാതെ) യേശുവിന്റെ കാലുകൾ കണ്ണീരുകൊണ്ട് കഴുകാൻ കടന്നുചെന്നതുപോലെ അവളും പരമപരിശുദ്ധനായ യേശുവിനെ സ്പർശിച്ചാൽ തന്റെ അശുദ്ധി ഇല്ലാതാകും എന്ന് ഉറച്ച് വിശ്വസിച്ച് നാട്ടുകാർ തിരിച്ചറിയുമോ

വചനധാര

എന്ന ഭയം കൂടാതെ യേശുവിനെ തൊടുന്നു.

അപകടസാദ്ധ്യത അറിഞ്ഞുകൊണ്ട്, ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിച്ച് എസ്തേർ അസ്സീറിയ രാജാവിന്റെ മുൻപിൽ ധൈര്യപ്പെട്ട് വന്നതുപോലെ യൂദിത്ത് അസ്സീറിയ രാജാവിന്റെ പാളയത്തിൽ വിശ്വാസത്തിൽ നിന്ന് ഉളവാകുന്ന ധൈര്യത്തിൽ സാഹസികമായി പ്രവേശിച്ചതുപോലെ രക്തസ്രാവക്കാരി സ്ത്രീയും യേശുവിന്റെ അടുക്കൽ വിശുദ്ധമായ സാഹസികത പ്രകടിപ്പിക്കുന്നു. വിശ്വാസത്തിന്റെ ഈ വിശുദ്ധമായ സാഹസികതയ്ക്ക് പല വിശുദ്ധരും നമുക്ക് മാതൃകയാണ്. ഒരിക്കൽ അസ്സീസിയിലെ വി.ക്ലാരയുടെ ആശ്രമത്തെ കൊള്ളക്കാർ ആക്രമിച്ചു. കതക് തകർത്ത് അവർ അകത്ത് കയറാൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ വി. ക്ലാരയും സഹോദരിമാരും ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർ വാതിൽ തുറക്കുമെന്നുവന്നപ്പോൾ വി. ക്ലാര സക്രാരി തുറന്ന് അരുളിക്കയിൽ വി. കുർബാന എഴുന്നള്ളിച്ചുകൊണ്ട് പുറത്തേക്ക് നടന്നു. ഭയന്നുവിറച്ചു പുറകേ സഹോദരിമാരും. അകത്തേക്കു തള്ളിക്കയറാൻ ശ്രമിച്ച അക്രമികൾ വി. കുർബാനയുമായി ധൈര്യസമേതം മുന്നോട്ടു വന്നുകൊണ്ടിരുന്ന വി. ക്ലാരയെ കണ്ടപ്പോൾ ഭയപ്പെട്ടു തിരിഞ്ഞോടി. ഇവിടെ ഇന്നത്തെ സുവിശേഷഭാഗത്തിലെന്നപോലെ മൂന്നു കാര്യങ്ങൾ നാം ശ്രദ്ധിക്കുന്നു. (1) കർത്താവു മാത്രമായിരുന്നു അവരുടെ ഏകപ്രത്യാശ (2) വൈദികർക്കു മാത്രം കൈയിലെടുക്കാൻ അനുവാദമുണ്ടായിരുന്ന വി.കുർബാന എടുക്കുക വഴി വി. ക്ലാര നിയമലംഘനം നടത്തി. നിയമത്തിന്റെ അക്ഷരത്തെക്കാളും നിയമത്തിന്റെ അരൂപിക്കാണ് അവൾ പ്രാധാന്യം കൊടുത്തത്. (3) കൂടെ നിന്ന സഹോദരിമാർ വിശ്വാസ തീക്ഷ്ണതയില്ലാതെ ഭയന്നുവിറച്ചപ്പോഴും വി. ക്ലാര അവർക്കു മാതൃകയായി വിശ്വാസം കൈവിടാതെ മുന്നോട്ടു നീങ്ങുന്നു.

വിശ്വാസത്തിന്റെ ധൈര്യം (holy daring) വി. മദർതെരേസയുടെയും വി. അൽഫോൻസാമ്മയുടെയും ജീവിതത്തിൽ നാം ദർശിക്കുന്നുണ്ട്. വി. മദർ തെരേസ തനിക്ക് ഏതാവശ്യം ഉള്ളപ്പോഴും 9 എത്രയും ദയയുള്ള മാതാവേ ചൊല്ലി പ്രാർത്ഥിക്കുമായിരുന്നു. അതിനുശേഷം മുൻകൂട്ടി നന്ദി പറഞ്ഞു കൊണ്ട് 10–ാമത്തെ ഒരെണ്ണംകൂടി ചൊല്ലുമായിരുന്നു. ഒരിക്കൽ വിദേശത്തെ വിമാനത്താവളത്തിൽ നിന്ന് 55 പെട്ടി കൽക്കട്ടയിലേക്ക് അയക്കാൻ ചെന്ന പ്പോൾ അവർ വിസമ്മതിച്ചു. മദർ തെരേസ 10 എത്രയും ദയയുള്ള മാതാവേ ചൊല്ലി പ്രാർത്ഥിച്ചു. അവർ വീണ്ടും മദറിന്റെ ആവശ്യം നിരാകരിച്ചു. വീണ്ടും നൊവേന തുടങ്ങി, രണ്ടെണ്ണം കഴിഞ്ഞപ്പോൾ മദറിനെ വിളിച്ച് അവർ അനു വാദം അറിയിച്ചു.

വി. അൽഫോൻസാമ്മയുടെ വിശ്വാസതീക്ഷ്ണതയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അവളുടെ ആദ്ധ്യാത്മിക പിതാവായിരുന്ന റോമുളുസ് അച്ചൻ കുറിക്കുന്ന ഒരു സംഭവമുണ്ട്. കൂടെയുണ്ടായിരുന്ന സി. സ്രഫിനാ പനി പിടിച്ചു കിടപ്പിലായി. മഠാധിപ അൽഫോൻസയോട് പറഞ്ഞു: "പനി മാറാൻ എന്റെ കുഞ്ഞ് ഒന്നപേക്ഷിക്കുക." മൂന്നു ദിവസം കഴിഞ്ഞിട്ടും പനി കുറ

വചനധാ

2017 ഒക്ടോബർ 22

## വചനഭാഷ്യം

മോശ മൂന്നാം ഞായർ

**മത്താ. 8:23 – 34** **റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ**

# സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

പത്താം അദ്ധ്യായം ദൗത്യ പ്രഭാഷണം എന്നാണറിയപ്പെടുന്നത്. എട്ടും ഒൻപതും അദ്ധ്യായങ്ങളിൽ യേശു തന്റെ ശക്തി പ്രകടമാക്കിയതിനു ശേഷം, പന്ത്രണ്ടുപേരുമായി അത് പങ്കുവയ്ക്കുന്നതാണ് മത്തായി അവ തരിപ്പിക്കുന്നത്. അപ്പസ്തോലന്മാരുടെ ദൗത്യം യേശുവിന്റെ ദൗത്യവുമായി വളരെ ചേർത്ത് വച്ചിരിക്കുന്നു. യേശുവിന്റെ ദൗത്യത്തിന്റെ തുടർച്ചയാണ് ശിഷ്യന്മാരുടെ ദൗത്യം. മത്തായിയുടെ സുവിശേഷത്തിൽ ഇവിടെ മാത്രമാണ് 12 പേരെ അപ്പസ്തോലന്മാരെന്ന് വിളിച്ചിരിക്കുന്നത്. തന്റെ ദൗത്യത്തിൽ പങ്കുകാരാകുന്നവർക്ക് യേശു കൊടുക്കുന്ന നിർദ്ദേശങ്ങളാണ് ഈ ഭാഗത്ത് കാണുന്നത്. ശിഷ്യന്മാരെ പറഞ്ഞയയ്ക്കാൻ കാരണങ്ങളായി സുവിശേഷ കൻ കൊടുത്തിരിക്കുന്നത് യേശുവിന് ജനക്കൂട്ടത്തോട് തോന്നുന്ന അനു

37 ▶ യാത്തതിനാൽ ആകുലത പ്രകടിപ്പിച്ച മദറിനോട് അൽഫോൻസാമ്മ പറഞ്ഞു: "മദർ സംശയിക്കേണ്ട– ഇന്ന ദിവസം പനി വിടും" അൽഫോൻസാമ്മ പറഞ്ഞ ദിവസം രാവിലെയും പനി മാറിയില്ല. അവൾ കർത്താവിന്റെ രൂപത്തിനു മുന്നിൽ ഏകാഗ്രമായി പ്രാർത്ഥിച്ചു. അവൾ പറഞ്ഞ സമയത്ത്, കൃത്യം അഞ്ചു മണിക്ക് പനി പൂർണ്ണമായും വിട്ടുമാറി.

വി. കൊച്ചുത്രേസ്യയ്ക്ക് താൻ സ്വർഗ്ഗത്തിൽ പോകും ഒരു പുണ്യവതിയാകും, തന്റെ സ്വർഗ്ഗ ജീവിതം താൻ ഭൂമിയിൽ നന്മ ചെയ്തുകൊണ്ടു ചെലവിടും എന്ന ഒരു വിശ്വാസത്തിന്റെ ഉറപ്പ് ഉണ്ടായിരുന്നു.

നമ്മുടെ പ്രാർത്ഥനകളിൽ ഈ വിശുദ്ധരുടെ മാതൃകകൾ നമുക്ക് സ്വീകരിക്കാവുന്നതാണ്. ഒന്നാമതായി സ്വാർത്ഥതാൽപര്യങ്ങൾക്കുപരി മറ്റുള്ളവർക്കുവേണ്ടിയോ നമ്മുടെ തന്നെ ആത്മീയ നന്മകൾക്കായോ പ്രാർത്ഥിക്കുക. രണ്ടാമതായി നമ്മെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുക. ആത്മശോധന ചെയ്ത്, കുമ്പസാരിച്ച് സ്വയം വിശുദ്ധീകരിച്ച് പ്രാർത്ഥിക്കുക. മൂന്നാമതായി യേശുവിന്റെ അനന്തമായ കാരുണ്യത്തിൽ വിശ്വസിച്ചുകൊണ്ട് ചോദിക്കുക. ഇങ്ങനെ ചെയ്താൽ രക്തസ്രാവമുണ്ടായിരുന്ന സ്ത്രീയിലേക്കും ജായ്റോസിന്റെ ഏകപുത്രിയിലേക്കും യേശുവിന്റെ ശക്തി പ്രവഹിച്ചതുപോലെ നമ്മിലേക്കും യേശുവിന്റെ സമാധാനവും കാരുണ്യവും പ്രവഹിക്കും. ✦

കമ്പയും പരിഭ്രാന്തരും നിസ്സഹായരുമായ ജനങ്ങളുടെ അവസ്ഥയുമാണ്. അവർ ഇടയനില്ലാത്ത ആടുകളാണ് (മത്താ 9:35–38). വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റ നാഥനോട് പ്രാർത്ഥിക്കുവിൻ എന്ന പ്രാർത്ഥനയുടെ മറുപടിയാണ് ശിഷ്യന്മാരുടെ ദൗത്യം. ശിഷ്യന്മാരുടെ ദൗത്യം അവരുടെ സ്വതന്ത്രമായ തീരുമാനത്തിൽ നിന്നും രൂപം കൊണ്ടതല്ല, ക്രിസ്തു അവരെ തെരഞ്ഞെടുത്ത്, അധികാരപ്പെടുത്തി അയയ്ക്കുകയാണ്. ദൈവത്തിന്റെ അനുകമ്പ ആവശ്യമുള്ള ദൈവജനത്തിന്റെ അടുത്ത് ദൈവ കാരുണ്യത്തിന്റെ പ്രതിനിധികളായിട്ടാണ് അവർ കടന്നു ചെല്ലുന്നത്.

ഇസ്രായേൽ ജനത്തിന്റെ അടുത്തേക്കാണ് ദൗത്യത്തിനായ് അയയ്ക്കുന്നത് (10:5–6); അവരുടെ പ്രഘോഷണം (10:7); സൗഖ്യപ്പെടുത്തലുകൾ (10:8); മിഷണറി യാത്രയുടെ ശൈലി (10:9–10); സ്വീകരണവും തിരസ്കരണവും – സമീപനം (10:11–14); വരുവാനിരിക്കുന്ന വിധിദിവസം (10:15) തുടങ്ങിയ കാര്യങ്ങളാണ് ഈ ഭാഗത്ത് കൊടുത്തിരിക്കുന്നത്.

ശിഷ്യന്മാരുടെ ദൗത്യം സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന പ്രഘോഷണമാണ്. (10:7). ദിശാബോധം നഷ്ടപ്പെട്ട (ഇടയനില്ലാത്ത ആടുകൾ) ഇസ്രായേൽ സമൂഹത്തിന് ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമെന്തെന്ന് ബോധ്യപ്പെടുത്തുകയും അവർക്ക് വ്യക്തമായ ദിശാബോധം നല്കുകയുമാണ് ദൗത്യം.  രോഗികളെ സുഖപ്പെടുത്തുക, മരിച്ചവരെ ഉയിർപ്പിക്കുക, കുഷ്ഠരോഗികളെ ശുദ്ധരാക്കുക, പിശാചുക്കളെ ബഹിഷ്ക്കരിക്കുക എന്ന ദൗത്യത്തിലൂടെ പരിഭ്രാന്തരും നിസ്സഹായരുമായവരെ സമഗ്രതയിലേക്ക് കൊണ്ടുവരുക. ശിഷ്യന്മാർക്ക് ഇടയനുണ്ട് . യേശുവാണ് യഥാർത്ഥ ഇടയൻ. അതുകൊണ്ടു തന്നെ അവരുടെ ജീവിതം ദൈവരാജ്യത്തിലേക്ക് ആഭിമുഖ്യമുള്ളതാണ്. ഇടയനില്ലാത്തവർ എന്തുകുടിക്കും എന്തുഭക്ഷിക്കും എന്നു ചിന്തിക്കുന്നവരെപ്പോലെ (മത്താ 6:25) ആകുലചിത്തരാണ്. അവർക്ക് ദൈവരാജ്യത്തിന്റെ സന്ദേശം പകർന്ന് ജീവിതത്തെ ആകുലവിമുക്തമാക്കുക എന്ന ദൗത്യവുമുണ്ട്.

ഇസ്രായേൽക്കാരുടെ അടുത്തേക്ക് മാത്രം പോയാൽ മതിയെന്നുള്ള നിർദ്ദേശം അന്ന് മത്തായിയുടെ സമൂഹത്തിൽ നിലനിന്നിരുന്ന സംഘർഷത്തെയാണ് സൂചിപ്പിക്കുന്നത്. വിജാതീയരുടെ അടുത്തേക്ക് സുവിശേഷ പ്രഘോഷണവുമായി പോകുവാൻ സന്നദ്ധരാകാത്തവർ ചരിത്രത്തിലെ യേശുവിനെ കൂട്ടുപിടിച്ച് തങ്ങളുടെ നിലപാടിനെ സാധൂകരിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായിട്ട് ഇതിനെ കാണാവുന്നതാണ്. യേശു വിജാതീയരുടെ അടുത്തേക്ക് പോകരുത് എന്നു പറഞ്ഞതായി കരുതാൻ സാധിക്കുകയില്ല. മത്തായി 28 അദ്ധ്യായത്തിലെ “എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ” എന്ന ആഹ്വാനം അതിന് തെളിവായി കണക്കാക്കാമല്ലൊ.”

യാത്രയ്ക്കു പോകുമ്പോഴുള്ള നിർദ്ദേശങ്ങൾ ഒരു മിഷണറിയുടെ, യേശുശിഷ്യന്റെ ജീവിതശൈലിയുടെ സൂചനയാണ് നല്കുന്നത്. ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവ

വചനധാര

യെല്ലാം നിങ്ങൾക്ക് ലഭിക്കുമെന്ന യേശുവിന്റെ വചനത്തിലാണ് ആശ്രയം. ജീവിക്കുവാൻ ഉള്ളത് മാത്രമെ ആവശ്യമുള്ളൂ എന്ന സന്ദേശം ഇന്ന് വെല്ലുവിളിയുയർത്തുന്നതാണ്.

ദൈവകാരുണ്യത്തിന്റെ ദൗത്യത്തോട് നിഷേധാത്മകമായ പ്രതികരണം എടുക്കുന്നവരുടെ അവസ്ഥയെക്കുറിച്ച് 10:15 പറഞ്ഞിരിക്കുന്നു.



**മത്താ 8:23 – 34** **2017 ഒക്ടോബർ 22**

# വചനസന്ദേശം

**റവ. ഡോ. വർഗ്ഗീസ് പെരുമായൻ**

യേശുവിന്റെ പരസ്യജീവിതത്തിനിടയിൽ അവനെ കണ്ടുമുട്ടിയവർ അവനോട് അപേക്ഷിച്ച കാര്യങ്ങൾ വൈവിധ്യമാർന്നവയാണ്. അന്ധർ കാഴ്ചയും, കുഷ്ഠരോഗികൾ സൗഖ്യവും, സെബദീപുത്രന്മാർ അവന്റെ ഇടത്തും വലത്തും ഇരിക്കാനുള്ള അവസരവും, ജനക്കൂട്ടം നശ്വരമായ അപ്പവും നേതാക്കൾ അടയാളവും, നല്ല കള്ളൻ പറുദീസയും ശിഷ്യന്മാർ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്നുമെല്ലാം യേശുവിനോട് അപേക്ഷിച്ചു. എന്നാൽ ഇന്നത്തെ സുവിശേഷഭാഗത്ത്, ഗദറായരുടെ ദേശത്ത് യേശുവിനെ കണ്ടുമുട്ടിയവർ വളരെ വിചിത്രങ്ങളായ അപേക്ഷകളാണ് അവന്റെ മുമ്പിൽ അവതരിപ്പിച്ചത്. തങ്ങളുടെ കാര്യത്തിൽ ഇടപെടരുതെന്നും തങ്ങളെ പീഡിപ്പിക്കരുതെന്നും പിശാചുബാധിതരും തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് പട്ടണവാസികളും തങ്ങളെ മനുഷ്യരിൽ നിന്നും പുറത്താക്കുന്ന പക്ഷം പന്നികളിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് പിശാചുക്കളും യേശുവിനോട് അപേക്ഷിച്ചു.

ശവക്കല്ലറകളിൽ വസിക്കുകയും ആർക്കും ആ വഴി സഞ്ചരിക്കാൻ സാധിക്കാത്തവിധം അപകടകാരികളുമായിരുന്ന പിശാചുബാധിതർ എന്തുകൊണ്ടാണ് തങ്ങളുടെ കാര്യത്തിൽ ഇടപെടരുതെന്ന് യേശുവിനോട് അപേക്ഷിച്ചത്? ജീവനും ജീവിതവുമില്ലാത്ത ശവക്കല്ലറകളുടെ ഇടങ്ങളിലേക്ക് ഒതുങ്ങിക്കൂടേണ്ടി വന്നിട്ടുപോലും ആ ദുരവസ്ഥയിൽ നിന്നും അവർ മോചനം ആഗ്രഹിച്ചില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. പന്നിക്കൂട്ടിൽ ചെന്നുപെട്ട ധൂർത്തപുത്രൻ പിതാവിന്റെ ഭവനത്തിൽ തിരിച്ചെത്താനും അഴിമതിയിലൂടെ നേടിയ അധാർമ്മിക സമ്പത്തിന്റെ ആഡംബരത്തിൽ ജീവിച്ചിരുന്ന സക്കേവൂസ് യേശുവിനെ ഒന്നു കാണുവാനും പന്ത്രണ്ടു വർഷമായി രക്തസ്രാവം മൂലം ക്ലേശിച്ച സ്ത്രീ സൗഖ്യത്തിനായി യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും തൊടുവാനുമെല്ലാം ആഗ്രഹിച്ചപ്പോൾ എന്തുകൊണ്ടാണ് ഈ പിശാചുബാധിതർ മാത്രം ഒരു സൗഖ്യം ആഗ്രഹി

ക്കാതിരുന്നത്? സ്വാതന്ത്ര്യം ആഗ്രഹിക്കാത്ത അടിമയോ സൗഖ്യം കൊതിക്കാത്ത രോഗിയോ മോചനം കാംക്ഷിക്കാത്ത പാപിയോ ഈ ഭൂമിയിൽ ഉണ്ടാകുമോ?

യേശുവിന്റെ ഇടപെടൽ തങ്ങളിൽ വരുത്തുവാൻ പോകുന്ന മാറ്റത്തെ പിശാചുബാധിതർ ഭയപ്പെട്ടിരുന്നിരിക്കാം. അതുകൊണ്ടുതന്നെ യേശുവിന്റെ ഇടപെടലിനെ ഒരു പീഡനമായിട്ടാണ് അവർ വ്യാഖ്യാനിച്ചത്. അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ലായിരുന്നു. എന്നാൽ യേശു നല്കാനിരുന്ന പുതിയ ജീവിതം അവരിൽ നിന്ന് ആവശ്യപ്പെട്ടേക്കാവുന്ന ഉത്തരവാദിത്വങ്ങൾ അവരെ ഭയപ്പെടുത്തിയിരിക്കാം. അതുകൊണ്ടുതന്നെ ദൈവത്തോട് പോലും ഒരു കൈ അകലം പാലിക്കുവാൻ അവർ ആഗ്രഹിച്ചു. ജീവിതത്തിന്റെ സകല സന്തോഷങ്ങളും തല്ലിക്കെടുത്തുന്ന ചില ദുശ്ശീലങ്ങളിൽ നിന്നും മോചിതരാകുവാൻ നമ്മൾ ആഗ്രഹിക്കാത്തതിന്റെ കാരണവും ക്രിസ്തുവിലുള്ള ജീവിതം ആവശ്യപ്പെടുന്ന പുതിയശൈലി നമുക്ക് സാധിക്കുമോ എന്ന ആശങ്കയായിരിക്കാം.

തങ്ങളുടെ അതിർത്തി വിട്ടുപോകുവാൻ യേശുവിനോടുള്ള ഗദറായരുടെ അപേക്ഷയും മാറ്റം കൊണ്ടുവരുന്ന വേദനയുടെ വെളിച്ചത്തിൽ മനസ്സിലാക്കേണ്ടതാണ്. യേശുവിന്റെ ഇടപെടൽ നിമിത്തം പന്നിക്കൂട്ടത്തിന് സംഭവിച്ചതറിഞ്ഞ പട്ടണവാസികൾ അവൻ വഴി തങ്ങൾക്കു സംഭവിക്കാവുന്ന മാറ്റങ്ങളെ ഭയക്കുന്നവരാണ്. നഷ്ടപ്പെടലിന്റെ ആധിയാകാം അവരെ മാറ്റത്തിൽ നിന്നും പിന്തിരിപ്പിച്ചത്. പിശാചുബാധിതരുടെ സൗഖ്യത്തിൽ സന്തോഷിക്കുന്നതിനു പകരം പന്നികൾ ചത്തതിൽ ദുഃഖിക്കുന്നവരെ എല്ലാ കാലങ്ങളിലും കാണാനാകും. ഫ്രാൻസിസ് മാർപാപ്പയുടെ ലാളിത്യശൈലി പലരിലും ആന്തരീക പീഡനം ഉളവാക്കിയെന്നത് വാസ്തവം. എന്നാൽ ചിരപരിചിതമായ നമ്മുടെ ശൈലികളെ ചോദ്യം ചെയ്യുന്ന ആ പുതിയ രീതി സ്വീകരിച്ചാൽ നമുക്ക് നഷ്ടങ്ങളുണ്ടാകുമെന്നുള്ളതുകൊണ്ട് തല്കാലത്തേക്ക് നമ്മൾ അകലം പാലിക്കുകയാണ്.

തന്നെ പ്രതി എന്തെങ്കിലും ഉപേക്ഷിച്ചവർക്ക് (ദുശ്ശീലങ്ങളും) നൂറിരട്ടി പ്രതിഫലം നല്കുന്നവനാണ് യേശു. യേശുവിനെ പ്രതി എന്തെങ്കിലും ഉപേക്ഷിച്ചവരിൽ ഒരാൾ പോലും ഇതുവരെ അതിനെക്കുറിച്ച് പരിതപിക്കേണ്ടി വന്നിട്ടില്ല എന്നുള്ളത് മാറ്റത്തിന്റെ വേദന ഏറ്റെടുക്കുവാൻ നമുക്ക് പ്രചോദനമാണ്. നമ്മുടെ സന്തോഷം പൂർണ്ണമാക്കാൻ വന്നവനാണ് യേശു.

മാറ്റത്തിനായി നിരന്തരം ഞങ്ങളെ ആഹ്വാനം ചെയ്യുന്ന യേശുവേ, പുതിയ ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ഭയം മൂലമോ നഷ്ടങ്ങളോർത്തുള്ള ആശങ്ക കൊണ്ടോ നീ ഞങ്ങൾക്കായി ആഗ്രഹിക്കുന്ന മാറ്റത്തിൽ നിന്നും പിന്തിരിയാൻ ഞങ്ങളെ അനുവദിക്കരുതേ! ✦

2017 ഒക്ടോബർ 29

വചനഭാഷ്യം മോശ നാലാം ഞായർ

**മത്താ. 22:23–33** **റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ**

# ജീവിക്കുന്നവരുടെ ദൈവം

മരണാനന്തരജീവിതത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തെക്കാളുപരി, യേശുവിന്റെ എതിരാളികളുമായുള്ള ഏറ്റുമുട്ടലിന്റെ അവതരണമായി കണക്കാക്കാവുന്നതാണ്. ഫരിസേയരോടൊപ്പം സദുക്കായരും യേശുവിനെതിരെ അണിനിരക്കുന്നു. 66–70 ലെ യുദ്ധത്തിനുശേഷം അവർ അപ്രത്യക്ഷരാകുന്നു. മത്തായിയുടെ സമൂഹത്തിൽ സദുക്കായർ ഒരു വലിയ ഗ്രൂപ്പായിരുന്നു. സദുക്കായർ സമ്പന്ന വർഗ്ഗത്തിൽപ്പെട്ടവരും ഭൂവുടമകളുമായിരുന്നു. മാറ്റങ്ങളെ എതിർക്കാനുള്ള പ്രവണത ഈ കൂട്ടർക്കുണ്ട്. പഞ്ചഗ്രന്ഥി മാത്രമെ കാനോനിക്കൽ ഗ്രന്ഥമായി അവർ കണക്കാക്കിയിരുന്നുള്ളു. പുനരുത്ഥാനത്തോടുള്ള അവരുടെ എതിർപ്പ് അവരുടെ പുരോഗമന ചിന്താഗതിയുടെ ഭാഗമായിരുന്നില്ല, അവരുടെ ദൈവശാസ്ത്രപരമായ യാഥാസ്ഥിതികതയുടെ സൂചനയായിരുന്നു. പുനരുത്ഥാനത്തിലുള്ള ഫരിസേയരുടെ വിശ്വാസത്തെ സദുക്കായർ "പുരോഗമനപരമായ" ആശയമായിട്ടാണ് കണ്ടിരുന്നത്.

ഭർത്തൃസഹോദരധർമ്മത്തെക്കുറിച്ച് നിയമാവർത്തന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് (നിയമ 25:5–6). യഹൂദ പാരമ്പര്യത്തിലെ ഒരു പ്രധാന കാര്യമായിട്ടാണ് ഇത് കണക്കാക്കിയിരുന്നത്. കുടുംബത്തിന്റെ തുടർച്ച ഉറപ്പാക്കാനായിട്ടാണ് ഇങ്ങനെ ഒരു നിയമം ഉണ്ടായിരുന്നത്. തന്റെ പിൻതുടർച്ചക്കാരിലൂടെയാണ് ഒരാളുടെ ജീവിതം തുടരുന്നത് എന്നാണ് സദുക്കായർ വിശ്വസിച്ചിരുന്നത്. അല്ലാതെ മരണശേഷം പുനരുത്ഥാനത്തിലൂടെ സ്വർഗ്ഗീയ ലോകത്തല്ലായെന്ന് അവർ കരുതിയിരുന്നു. സന്താനമില്ലാതെ മരിക്കുകയെന്നു പറഞ്ഞാൽ അപൂർണ്ണ ജീവിതം എന്നായിരുന്നു കണക്കാക്കുന്നത്. പഞ്ചഗ്രന്ഥിയിൽ പറഞ്ഞിരിക്കുന്നത് ഭർത്തൃ സഹോദര ധർമ്മത്തിന്റെ വെളിച്ചത്തിലാണ് അവർ പുനരുത്ഥാനത്തെ എതിർത്തിരുന്നത്.

യേശുവിനോടുള്ള അവരുടെ ചോദ്യത്തിന് യേശുവിന്റെ ഉത്തരം രണ്ടു കാര്യങ്ങൾ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ശക്തിയെക്കുറിച്ചും വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചും തെറ്റായി അവർ മനസ്സിലാക്കിയിരിക്കുന്നു. ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസമാണ് പുനരുത്ഥാനത്തിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നത്. പുനരുത്ഥാനം മനുഷ്യപ്രകൃതിയുടെ താത്വികമായ പരിണാമത്തെക്കുറിച്ചോ, നമ്മൾ മരിക്കുമ്പോൾ എന്തു സംഭവിക്കുമെന്ന

ചോദ്യത്തിനുള്ള ഉത്തരമോ ആയിട്ടല്ല അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ ശക്തിയിലുള്ള മനുഷ്യന്റെ വിശ്വാസം – അചിന്തനീയമായ രീതിയിൽ ദൈവം കൊണ്ടുവരുന്ന പരിവർത്തനമാണ്. ഈ ലോകത്തിലെ ജീവിതത്തിന്റെ എക്സ്റ്റെൻഷൻ ആയിട്ട് മരണാനന്തര ജീവിതത്തെ കാണുമ്പോളാണ് ഈ ലോകത്തിലെ ബന്ധങ്ങൾ പരിഗണനാവിഷയമാകുന്നത്. സദുക്കായർ വിശുദ്ധ ലിഖിതം മനസ്സിലാക്കുന്നില്ലായെന്ന് യേശു പറയുമ്പോൾ അവർ അത് വായിച്ചിട്ടില്ലായെന്നല്ല അർത്ഥമാക്കുന്നത്. തെറ്റായി വ്യാഖ്യാനിക്കുന്നുവെന്നാണ്. പുനരുത്ഥാനത്തെ പിൻതുണക്കുന്ന പഴയനിയമഭാഗമായിട്ട് പുറപ്പാട് 3:6 ഉപയോഗിച്ചിരിക്കുന്നു. മോശയ്ക്ക് പ്രത്യക്ഷപ്പെട്ട ദൈവം പറയുന്നത് – "ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്" എന്നാണ്. പഴയ തലമുറിയിലെ വ്യക്തികളുമായുള്ള ദൈവത്തിന്റെ ബന്ധത്തെ – ഉടമ്പടിയിലുടെ രുപപ്പെട്ട ബന്ധത്തെ സൂചിപ്പിച്ചുകൊണ്ടാണ് ദൈവം സംസാരിക്കുന്നത്. ദൈവം അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നു പറഞ്ഞുകൊണ്ടാണ് മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നതെങ്കിൽ അവർ ഇപ്പോഴും ജിവിച്ചിരിപ്പുണ്ടെന്ന ധാരണയാണ് നല്കുന്നത്.

അവർ മരിച്ചുവെങ്കിലും ദൈവം അവരുമായി അടുത്ത ബന്ധം സൂക്ഷിക്കുന്നുവെന്നതിന്റെ സൂചനയെന്താണ്? മരിച്ചവരുടെ ദൈവമല്ല, താൻ ജീവിക്കുന്നവരുടെ ദൈവമാണെന്നാണ്. അപ്പോൾ മരിച്ചവർ എന്നന്നേക്കുമായി മരിച്ചു അപ്രത്യക്ഷരാവുകയല്ല, അവർ ദൈവത്തോടൊത്ത് ജീവിക്കുന്നു. ദൈവത്തിന്റെ വിശ്വസ്തതയും ശക്തിയുമാണ് കല്ലറയ്ക്കപ്പുറത്തേക്ക് ഒരു ജീവിതമുണ്ട് എന്ന പ്രത്യാശയുടെ അടിസ്ഥാനം. പഞ്ചഗ്രന്ഥിയുടെ അടിസ്ഥാനത്തിൽ പുനരുത്ഥാനമില്ലായെന്നു വാദിച്ച സദുക്കായർക്ക് പഞ്ചഗ്രന്ഥിയുദ്ധരിച്ചുകൊണ്ട് തന്നെ പുനരുത്ഥാനമുണ്ടെന്ന് യേശു പറയുന്നു. വിശുദ്ധ ലിഖിതത്തിന്റെ ആധികാരികമായ വ്യാഖ്യാനം നല്കാൻ അധികാരമുള്ളവൻ യേശുവാണെന്നും സൂചന നല്കുന്നു.



**മത്താ 22:23 – 33** **2017 ഒക്ടോബർ 29**

# വചനസന്ദേശം

**റവ. ഡോ. ജോസഫ് ഓടനാട്ട്**

അമ്മയുടെ ഗർഭപാത്രത്തിൽ കുഞ്ഞിനൊരു ലോകമുണ്ട്. അവിടെ സുരക്ഷിതത്വമുണ്ട്, ആരോഗ്യമുണ്ട്, സ്നേഹവും കരുതലുമുണ്ട്. പക്ഷേ വളരെ ചുരുങ്ങിയ ഒരു ചക്രവാളമാണ് കുഞ്ഞിന്റേത്. കുഞ്ഞിന് ചിന്തിക്കാനാവുമെങ്കിൽ, പ്രസവശേഷം ഗർഭപാത്രത്തിന് പുറത്തുള്ള ജീവിതത്തെ

വചനധാര

ക്കുറിച്ച് ഭാവനകൾ മെനയാമെന്നല്ലാതെ ചിത്രം വ്യക്തമല്ല. പ്രസവശേഷം ഒരു ജീവിതം ഉണ്ടാകുമോ എന്നുപോലും നിശ്ചയമില്ലാത്ത ചുറ്റുവട്ടം. അമ്മ യുമായുള്ള പൊക്കിൾകൊടിബന്ധം വിച്ഛേദിക്കപ്പെടുമ്പോൾ ജീവന്റെ അവ സാനമാകാം. പ്രകാശഭരിതമായ മറ്റൊരു ലോകത്തെക്കുറിച്ചുള്ള അജ്ഞ ത. കാലുകൾകൊണ്ട് നടക്കാനോ, വായ്കൊണ്ട് ഭക്ഷിക്കാനോ സാധിക്കു മെന്നുള്ളത് അചിന്തനീയം. ഗർഭപാത്രത്തിൽ നിന്ന് പുറത്തുകടന്നവരാരും അവിടേക്ക് തിരിച്ചുവന്നിട്ടുമില്ല. തന്റെ ജീവന് ആധാരമായി ഒരമ്മയുണ്ടെ ന്ന് ചിന്തിക്കാൻ ഒരിക്കലും നേരിൽകാണാതെ എങ്ങനെ സാധിക്കും? പ്രസ വാനന്തരം അമ്മയോടൊപ്പമുള്ള ജീവിതം ഗർഭപാത്രത്തിലെ ജീവിതത്തിൽ നിന്ന് വ്യത്യസ്തമാണെന്ന് എങ്ങനെ തിരിച്ചറിയും? തന്നെ വലയം ചെയ്യു ന്നത് അമ്മയാണെന്നും അവളിലാണ് താൻ ജീവിക്കുന്നതെന്നും അവളി ല്ലാതെ ഇപ്പോഴത്തെ ലോകംപോലും അപ്രസക്തമാണെന്നും ചിന്തിക്കാനാ വാത്ത അവസ്ഥയിലായിരിക്കും ഗർഭപാത്രത്തിലെ ശിശു.

സ്ഥലകാലപരിമിതിയിൽ നിന്നുകൊണ്ട് സാധാരണമനുഷ്യൻ എന്നും ചോദിച്ചിരുന്ന ചോദ്യങ്ങളായിരുന്നു: മരണശേഷമുള്ള ജീവിതത്തിൽ കുഞ്ഞു ങ്ങൾ കുഞ്ഞുങ്ങളായും, വൃദ്ധർ വൃദ്ധരായും തുടരുമോ? പരിചയമുള്ളവരെ തിരിച്ചറിയുമോ? ചിലർ ഇല്ലാതെവരുമോ? ദുഃഖവും സന്തോഷവും ഉണ്ടാ കുമോ? ഇത്രമാത്രം ആളുകൾക്ക് എവിടെ സ്ഥലം? എങ്ങനെ സമയം ചെല വഴിക്കും? – എന്നിങ്ങനെ. മരിച്ചവർക്ക് പുനരുത്ഥാനമില്ലെന്ന് വിശ്വസിക്കു കയും വാദിക്കുകയും ചെയ്യുന്ന സദുക്കായരുമായുള്ള യേശുവിന്റെ സംഭാ ഷണമാണ് ഇന്നത്തെ സുവിശേഷം. പുനരുത്ഥാനത്തെക്കുറിച്ചുള്ള യേശു വിന്റെ പ്രബോധനങ്ങളെ അർത്ഥശൂന്യമാക്കുക എന്ന ഉദ്ദേശത്തോടെ യേശു വിനോട് തർക്കിക്കുന്ന സദുക്കായരെ അവരുടെ വാദങ്ങളിൽത്തന്നെ കുടു ക്കിക്കൊണ്ടാണ് യേശു മറുപടി കൊടുക്കുക. ദൈവത്തിന്റെ ശക്തി നിങ്ങൾക്കറിയില്ല, അത് തനിക്കറിയാം. മനുഷ്യന്റെ സങ്കല്പങ്ങൾക്കും കണ ക്കുകൂട്ടലുകൾക്കും അപ്പുറത്താണ് ദൈവത്തിന്റെ സാധ്യത, താനത് അനു ഭവിച്ചിട്ടുള്ളതാണ് എന്നാണ് യേശു പറഞ്ഞുകൊടുക്കുന്നത്.

സദുക്കായർക്ക് വചനമറിയില്ലെന്നു പറയുന്ന യേശു ദൈവവചനത്തി ലൂടെ അവർക്ക് മറുപടി കൊടുക്കുന്നു. പഞ്ചഗ്രന്ഥിയിൽ വിശ്വസിക്കുന്ന അവർ, മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്നു കരുതിയവരാണ്. പക്ഷേ, പഞ്ചഗ്രന്ഥിയിൽ ദൈവത്തെ വിളിക്കുന്നത്, “അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും, യാക്കോബിന്റെയും ദൈവ”മെന്നാണ്. അബ്രാഹവും ഇസഹാക്കും യാക്കോബും മരിച്ച് മണ്ണടിഞ്ഞെങ്കിൽ ദൈവം മരിച്ചവരുടെ ദൈവമായി കണക്കാക്കപ്പെടും. അങ്ങനെയല്ല, അവിടുന്ന് ജീവിച്ചിരിക്കുന്ന വരുടെ ദൈവമാണെങ്കിൽ അബ്രാഹവും ഇസഹാക്കും, യാക്കോബും നിത്യ തയിൽ ദൈവത്തോടൊപ്പം ജീവിക്കുന്നവരാണ്. ദൈവം എല്ലാ തലമുറയിലും ജീവിക്കുന്നവനും എന്നും വിശ്വസ്തനും ജീവന്റേയും മരണത്തിന്റെയും മേൽ അധികാരമുള്ളവനുമാണ്.

മരണശേഷമുള്ള ജീവിതത്തെ ഭൂമിയിലെ ജീവിതത്തിൽനിന്നും വ്യത്യസ്തമായി കാണണമെന്ന് യേശു പഠിപ്പിക്കുന്നു. നിത്യജീവിതം ഈ ലോകജീവിതത്തിന്റെ തുടർച്ചയല്ല, ജീവിതത്തിന്റെതന്നെ കാതലായ മാറ്റമാണ്, രൂപാന്തരീകരണമാണത്. സ്വർഗ്ഗം ഈ ലോകത്തിന്റെ തുടർച്ചയോ വളർച്ചയോ അല്ല. മനുഷ്യന്റെ പ്രകൃതിയല്ല, ദൈവത്തിന്റെ സ്വഭാവമാണ് നിത്യതയുടെ അടിസ്ഥാനം. ഉത്ഥാനമെന്നത് ഈലോകജീവിതത്തിന്റെ സ്വാഭാവികമായ അമരത്വമല്ല, മാറ്റവുമല്ല. അത് ദൈവത്തിന്റെ ദാനമാണ്, അവിടുത്തെ പ്രവൃത്തിയുടെ ഫലമാണ്. നിത്യത ഈ ലോകത്തിന്റെ മറ്റൊരു പതിപ്പല്ല, അത് പുതിയൊരു ജീവിതത്തിലേക്കുള്ള കർത്താവിന്റെ വാഗ്ദാനമാണ്.

സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ച് ഭൗമികമായി ചിന്തിക്കുന്നു എന്നതാണ് ഇതിലെ അടിസ്ഥാനപരമായ തെറ്റ്. നിത്യതയെ സമയംകൊണ്ട് അളക്കാൻ ശ്രമിക്കുന്നത് അർത്ഥശൂന്യമാണ്. ഇന്നത്തെ ഭൂമിയിലെ ശാരീരിക ബന്ധങ്ങൾക്കപ്പുറത്തുള്ള ഒരു പുതിയ ഉദാത്തമായ ദൈവമനുഷ്യബന്ധമാണ് യേശു വിഭാവനം ചെയ്യുന്നത്. നിങ്ങൾ ദൈവത്തെ അറിയും, തന്റെ പ്രിയപ്പെട്ട മക്കളെ സ്നേഹിക്കുന്ന ദൈവത്തെ, മരണത്തിന് വേർപെടുത്താനാവാത്ത സ്നേഹത്തെ. "ദൈവത്തിന്റെ സ്നേഹത്തിൽനിന്ന് ആര് നമ്മെ വേർപെടുത്തും?"(റോമാ 8:38)

മനുഷ്യന്റെ ചിന്തകൾക്കും കണക്കുകൂട്ടലുകൾക്കുമെതിരെ വചനം കലഹിക്കുന്നത് വിശുദ്ധഗ്രന്ഥത്തിൽ നമുക്കു കാണാം. മനുഷ്യൻ പ്രിയപ്പെട്ടതെന്നും അമൂല്യമെന്നും കരുതുന്ന സമ്പത്ത്, അധികാരം, പാരമ്പര്യം, സംസ്കാരം, വിജ്ഞാനം, അനുഷ്ഠാനങ്ങൾ എന്നിവയെ വിശുദ്ധഗ്രന്ഥം പലപ്പോഴും നിസ്സാരമാക്കികളയുന്നു. "എന്റെ ചിന്തകൾ നിങ്ങളുടേതു പോലെയല്ല, നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നു നിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ" (ഏശ 55:8–9). ജറുസലെം ദേവാലയത്തിന്റെ മനോഹാര്യത കാണിച്ചുകൊടുക്കാൻ ശ്രമിച്ച ശിഷ്യന്മാരോട് യേശു പറയുന്നു, "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇവിടെ കല്ലിന്മേൽ കല്ലുശേഷിക്കാതെ എല്ലാം തകർക്കപ്പെടും." (മത്താ. 24:2). ഭോഷനായ ധനികന്റെ ഉപമയിൽ സമൃദ്ധമായ വിളവുലഭിച്ച് തിന്നുകുടിച്ച് ആനന്ദിക്കാൻ തുടങ്ങിയവനോട് ദൈവം പറയുന്നത്, "ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്നാവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും?" (ലൂക്കാ 12:20). യേശുവിനെ സ്വതന്ത്രനാക്കാനും, ക്രൂശിക്കാനും തനിക്ക് അധികാരമുണ്ടെന്ന് അവകാശപ്പെട്ട പീലാത്തോസിനോട് യേശുപറഞ്ഞു: "ഉന്നതത്തിൽനിന്നു നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ എന്റെമേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല" (യോഹ. 19:11)

സമൂഹത്തിലെ സാധാരണക്കാരായിരുന്ന തന്റെ ശിഷ്യന്മാർക്ക്, ബുദ്ധിമാന്മാരേക്കാളും, വിവേകികളെക്കാളും കൂടുതലായി ദൈവികരഹസ്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തതിന് പിതാവിനെ സ്തുതിക്കുന്ന യേശുവിനെ

സുവിശേഷത്തിൽ കാണാം (മത്താ. 11:25). അർത്ഥമില്ലാത്ത അനുഷ്ഠാനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും "കർത്താവേ, കർത്താവേ, എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" എന്ന് യേശു പറഞ്ഞുവച്ചു. ഞങ്ങൾക്ക് പിതാവായി അബ്രാഹമുണ്ട് എന്നുപറഞ്ഞ് അഭിമാനിച്ച യഹൂദരോട് യേശു പറഞ്ഞു, "ഈ കല്ലുകളിൽ നിന്ന് അബ്രാഹത്തിന് സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയും" (മത്താ 3:9). മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കപ്പുറത്താണ് ദൈവികപദ്ധതി പ്രവർത്തിക്കുന്നതും ലക്ഷ്യം കാണുന്നതും.

സദുക്കായർ പിന്തുടർന്ന ലൗകികമായ ജീവിതശൈലിയും ഈലോകത്തിനപ്പുറത്ത് നിലനിൽക്കുന്നതും ശാശ്വതമായതും ഒന്നുമില്ലെന്ന ചിന്താഗതിയും ഇന്നത്തെ മനുഷ്യനെയും ഗ്രസിച്ചിരിക്കുന്നു. ഉപഭോഗസംസ്കാരവും, ആഗോളവൽക്കരണവും പരസ്പരബന്ധങ്ങളെ സ്വാർത്ഥപരമായ ആവശ്യങ്ങൾക്കായി ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിയിലേക്ക് മനുഷ്യനെ തള്ളിവിടുന്നു. മരണത്തിനപ്പുറത്തേക്കു നീളുന്ന നിർവ്യാജവും നിസ്വാർത്ഥവും, വ്യവസ്ഥകളില്ലാത്തതുമായ ദൈവമനുഷ്യസ്നേഹബന്ധത്തിന്റെ ആഴങ്ങളിലേക്കാണ് വചനം നമ്മെ നയിക്കുന്നത്. ജീവന്റ സമൃദ്ധിയിലേക്കുള്ള യേശുവിന്റെ ക്ഷണമാണത്. ശാശ്വതമായ വിശപ്പടക്കുന്ന നിത്യജീവന്റെ അപ്പവും, ഇനിയൊരിക്കലും ദാഹിക്കാത്ത ജീവന്റെ ജലവും യേശുവിനുമാത്രമേ നൽകാൻ കഴിയൂ.

ദൈവത്തേയും വചനത്തേയും നമ്മുടെ ആഗ്രഹങ്ങൾക്കും താത്പര്യങ്ങൾക്കും പറ്റിയ രീതിയിൽ വ്യാഖ്യാനിക്കുകയും ന്യായീകരിക്കുകയും ചെയ്യുമ്പോൾ യേശു പറയും, "നിങ്ങൾക്ക് തെറ്റുപറ്റിയിരിക്കുന്നു." (മത്താ 22:29) വചനത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യത്തെ മനസ്സിലാക്കുകയും തെറ്റായ ബോധ്യങ്ങളെ തിരുത്തുകയും ദൈവതിരുമനസ്സ് നിറവേറാൻ എന്റെ ജീവിതത്തിൽ അവസരമൊരുക്കുകയും ചെയ്യുന്നതാണ് ധർമ്മവും, കർമ്മവും. ദൈവമക്കളുടെ മഹത്വവും, സ്വാതന്ത്ര്യവും അനുഭവിക്കാനും, മറ്റുള്ളവരെ ദൈവപിതാവിന്റെ കുടുംബത്തിലെ അംഗങ്ങളായികാണാനും അംഗീകരിക്കാനും, സ്വീകരിക്കാനും സാധിക്കുമ്പോഴാണ് യേശു തരുന്ന ജീവന്റെ പൂർണ്ണത ഈ ലോകത്തിലും തുടർന്നും നമുക്ക് അനുഭവിക്കാനാവുക. മരിച്ചിട്ടും ജീവിക്കുന്ന യേശുവിലുള്ള ജീവിതമാണ്.

✦